# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## പരിയാരം ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2020-2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കണ്ണൂർ
670001

ഇ-മെയിൽ: doknr.ksad@kerala.gov.in

ഫോൺ : 0497-2707698

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ/കെ.എൻ.ആർ-സി 3/782/2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കണ്ണൂർ
670001
തീയ്യതി: 23/06/2022
ഇ-മെയിൽ: doknr.ksad@kerala.gov.in
ഫോൺ: 0497-2707698

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
പരിയാരം ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : പരിയാരം ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പരിയാരം ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,2,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കണ്ണൂർ.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ/കെ.എൻ.ആർ-സി 3/782/2022 തീയ്യതി: 23/06/2022

## കണ്ണൂർ ജില്ലയിലെ പരിയാരം ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കണ്ണൂർ ജില്ലയിലെ പരിയാരം ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 22-03-2021 മുതൽ 17-05-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, 22-03-2021 മുതൽ 31-03-2021 വരെ വിവിധ അക്കൗണ്ടുകളിൽ നിന്നും നടത്തിയിട്ടുള്ള പണം പിൻവലിക്കൽ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 32 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 15 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ. സാബു പി.എസ്. | ഡെപ്യൂട്ടി ഡയറക്ടർ | 18-05-2022 | 24-05-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 18-05-2022 | 24-05-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ. സുരേഷ് ബാബു.കെ.വി,ഓഡിറ്റ് ഓഫീസർ (ഹയർ ഗ്രേഡ്)
ശ്രീ.മനോജ് കുമാർ ടി ജോർജ്ജ്,അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ,
ശ്രീമതി നിഷ.കെ,സീനിയർ ഗ്രേഡ് ഓഡിറ്റർ,
ശ്രീമതി വനജ മാടത്താൻകണ്ടി ,സീനിയർ ഗ്രേഡ് ഓഡിറ്റർ,
ശ്രീമതി ധന്യ.എം,ഓഡിറ്റർ.

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.എ.രാജേഷ് | പ്രസിഡന്റ് | 01-04-2020 | 11-11-2020 |
| ശ്രീമതി.ഷീബ.ടി.വി | പ്രസിഡന്റ് | 30-12-2020 | 31-03-2021 |
| ശ്രീ.സന്തോഷ് കുമാർ.വി.പി | സെക്രട്ടറി | 01-04-2020 | 09-06-2020 |
| ശ്രീ.ചന്ദ്രശേഖരൻ.എം | സെക്രട്ടറി-ഇൻ-ചാർജ്ജ് | 10-06-2020 | 17-06-2020 |
| ശ്രീ.സതീശൻ.കെ.വി | സെക്രട്ടറി | 18-06-2020 | 27-12-2020 |
| ശ്രീ.രാജീവൻ.കെ.സി | സെക്രട്ടറി-ഇൻ-ചാർജ്ജ് | 28-12-2020 | 22-01-2021 |
| ശ്രീ.സതീശൻ.കെ.വി | സെക്രട്ടറി | 23-01-2021 | 08-03-2021 |
| ശ്രീ.രാജീവൻ.കെ.സി | സെക്രട്ടറി-ഇൻ-ചാർജ്ജ് | 09-03-2021 | 31-03-2021 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.രൂപേഷ്.ടി | അസിസ്റ്റന്റ് എൻജിനീയർ | 01-04-2020 | 28-04-2020 |
| ശ്രീമതി.ശ്രീലത.പി | അസിസ്റ്റന്റ് എൻജിനീയർ | 29-04-2020 | 26-02-2021 |
| ശ്രീ.രൂപേഷ്.ടി | അസിസ്റ്റന്റ് എൻജിനീയർ | 27-02-2021 | 31-03-2021 |
| ശ്രീമതി.രമ്യഭായി.എം.ആർ | കൃഷി ഓഫീസർ | 01-04-2020 | 31-03-2021 |
| ശ്രീമതി.സജിത.കെ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ,പരിയാരം സർക്കിൾ | 01-04-2020 | 03-09-2020 |
| ശ്രീ.വിവേക് ഭാസ്കരൻ.എം | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ,പരിയാരം സർക്കിൾ | 04-09-2020 | 29-10-2020 |
| ശ്രീമതി.നളിനി.ടി | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ,പരിയാരം സർക്കിൾ | 30-10-2020 | 31-03-2021 |
| ശ്രീ.വിവേക് ഭാസ്കരൻ.എം | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ,കുറ്റ്യേരി സർക്കിൾ | 01-04-2020 | 31-03-2021 |
| ശ്രീമതി.ഷൈലജ.പി.പി | ഐ സി ഡി എസ് സൂപ്പർവൈസർ | 01-04-2020 | 27-12-2020 |
| ശ്രീമതി.പ്രജിന.പി.വി | ഐ സി ഡി എസ് സൂപ്പർവൈസർ | 28-12-2020 | 31-03-2021 |

| | | | |
|---|---|---|---|
| ഡോ: പൊന്നി ജെ കുമാർ | മെഡിക്കൽ ഓഫീസർ,പി എച്ച് സി | 01-04-2020 | 31-12-2020 |
| ഡോ:രാഹുൽകൃഷ്ണൻ | മെഡിക്കൽ ഓഫീസർ,പി എച്ച് സി | 01-01-2021 | 31-03-2021 |
| ഡോ:സീമ.ടി.കെ | മെഡിക്കൽ ഓഫീസർ,ആയുർവേദം | 01-04-2020 | 31-03-2021 |
| ഡോ:സമീർ.കെ | വെറ്ററിനറി സർജ്ജൻ | 01-04-2020 | 31-03-2021 |
| ശ്രീമതി.സതീദേവി.പി.എം | ഹെഡ് മാസ്റ്റർ | 01-04-2020 | 31-03-2021 |
| ശ്രീ.ചന്ദ്രശേഖരൻ.എം | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2020 | 21-06-2020 |
| ശ്രീ.രാജീവൻ.കെ.സി | അസിസ്റ്റന്റ് സെക്രട്ടറി | 22-06-2020 | 31-03-2021 |
| ശ്രീ.രജീഷ്.ടി.കെ | ഫിഷറീസ് സബ് ഇൻസ്പെക്ടർ | 01-04-2020 | 31-03-2021 |
| ശ്രീ.ദിജേഷ്.വി.പി | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 01-04-2020 | 31-03-2021 |

12-11-2020 മുതൽ 20-12-2020 വരെയുള്ള കാലയളവിലെ ഭരണനിർവഹണസമിതി അംഗങ്ങളുടെ വിവരം ചുവടെ കൊടുക്കുന്നു. 1.സതീശൻ.കെ.വി,സെക്രട്ടറി 2.ശ്രീലത.പി.,അസിസ്റ്റന്റ്എൻജിനീയർ,തസ്വഭവ, 3.രമ്യാഭായി എം.ആർ,കൃഷി ഓഫീസർ. 21-12-2020 തീയതിയിൽ പുതിയ ഭരണസമിതി നിലവിൽ വരികയും 30-12-2020 തീയതിയിൽ പുതിയ ഭരണസമിതിയുടെ പ്രസിഡണ്ട് ചുമതലയേൽക്കുകയും ചെയ്തു.

## ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Suresh Babu KV (Audit Officer, On 23-05-2022)<br>Last Updated By: Harish Kumar M.V (Computer Assistant, On 23-06-2022) | 1-1 |
| 2 | ബജറ്റ് ഡോക്യുമെന്റുകൾ തയ്യാറാക്കി സൂക്ഷിക്കുന്നില്ല.<br>Written By: Suresh Babu KV (Audit Officer, On 23-05-2022)<br>Last Updated By: Harish Kumar M.V (Computer Assistant, On 23-06-2022) | 1-1-1 |
| 3 | വാർഷിക ധനകാര്യ പത്രിക<br>Written By: Vanaja Madathankandi (Senior Grade Auditor, On 25-05-2022)<br>Last Updated By: Vanaja Madathankandi (Senior Grade Auditor, On 25-05-2022) | 1-2 |
| 4 | വാർഷിക ധനകാര്യ പത്രികയിലെ അപാകങ്ങൾ<br>Written By: Vanaja Madathankandi (Senior Grade Auditor, On 25-05-2022)<br>Last Updated By: Harish Kumar M.V (Computer Assistant, On 21-06-2022) | 1-2-1 |
| 5 | സാമ്പത്തിക വിശകലനം (റസീറ്റ് & പേമെന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം)<br>Written By: Suresh Babu KV (Audit Officer, On 23-05-2022)<br>Last Updated By: Harish Kumar M.V (Computer Assistant, On 23-06-2022) | 1-3 |
| 6 | ഫണ്ട് വിനിയോഗം<br>Written By: Vanaja Madathankandi (Senior Grade Auditor, On 25-05-2022)<br>Last Updated By: Harish Kumar M.V (Computer Assistant, On 21-06-2022) | 1-4 |
| 7 | പദ്ധതി അവലോകനം<br>Written By: Suresh Babu KV (Audit Officer, On 23-05-2022)<br>Last Updated By: Harish Kumar M.V (Computer Assistant, On 21-06-2022) | 1-5 |
| 8 | തൊഴിലുറപ്പ് പദ്ധതി<br>Written By: Dhanya M (Auditor, On 23-05-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 28-05-2022) | 1-6 |
| 9 | ക്ഷേമ പദ്ധതികൾ<br>Written By: Dhanya M (Auditor, On 23-05-2022)<br>Last Updated By: Dhanya M (Auditor, On 24-05-2022) | 1-7 |
| 10 | ക്ഷേമ പെൻഷൻ വിതരണം - മരണശേഷവും പെൻഷൻതുക അക്കൗണ്ടിലേക്ക് നൽകിവരുന്നു<br>Written By: Dhanya M (Auditor, On 24-05-2022)<br>Last Updated By: Harish Kumar M.V (Computer Assistant, On 21-06-2022) | 1-7-1 |
| 11 | ക്യാഷ് പരിശോധന<br>Written By: Suresh Babu KV (Audit Officer, On 18-05-2022)<br>Last Updated By: Suresh Babu KV (Audit Officer, On 18-05-2022) | 1-8 |
| 12 | ആഭ്യന്തരനിയന്ത്രണം<br>Written By: Suresh Babu KV (Audit Officer, On 27-05-2022)<br>Last Updated By: Harish Kumar M.V (Computer Assistant, On 21-06-2022) | 1-9 |
| 13 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം<br>Written By: Suresh Babu KV (Audit Officer, On 23-05-2022)<br>Last Updated By: Suresh Babu KV (Audit Officer, On 27-05-2022) | 1-10 |
| 14 | മലബാർ ഫർണ്ണിച്ചർ കൺസോർഷ്യം പ്രൈവറ്റ് ലിമിറ്റഡ് എന്ന സ്ഥാപനത്തിന്റെ വസ്തുനികുതി നിർണ്ണയം പുന:പരിശോധനക്ക് വിധേയമാക്കേണ്ടതാണ്.<br>Written By: Dhanya M (Auditor, On 26-05-2022)<br>Last Updated By: Harish Kumar M.V (Computer Assistant, On 21-06-2022) | 1-11 |
| 15 | തൊഴിൽനികുതി ഡിമാന്റ് ചെയ്യുന്നതിലെയും ചുമത്തുന്നതിലെയും അപാകങ്ങൾ<br>Written By: Dhanya M (Auditor, On 24-05-2022)<br>Last Updated By: Harish Kumar M.V (Computer Assistant, On 21-06-2022) | 1-12 |

| | | |
|---|---|---|
| 16 | സ്ഥാപനതൊഴിൽ നികുതി ഈടാക്കിയിട്ടില്ല<br>Written By: Dhanya M (Auditor, On 24-05-2022)<br>Last Updated By: Harish Kumar M.V (Computer Assistant, On 23-06-2022) | 1-12-1 |
| 17 | ടി.ടി കെ ദേവസ്വം ജീവനക്കാരിൽ നിന്നും തൊഴിൽനികുതി ഡിമാന്റ് ചെയ്യുകയോ നികുതി ഈടാക്കുകയോ ചെയ്തിട്ടില്ല<br>Written By: Dhanya M (Auditor, On 24-05-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 28-05-2022) | 1-12-2 |
| 18 | എഫ്.ടി. ഇ & ഒ.എസ് ലൈസൻസ് ചുമത്തുന്നതിലെ അപാകങ്ങൾ<br>Written By: Dhanya M (Auditor, On 24-05-2022)<br>Last Updated By: Harish Kumar M.V (Computer Assistant, On 23-06-2022) | 1-13 |
| 19 | ഡേഡ്സ് ലിസ്റ്റ് തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല.<br>Written By: Dhanya M (Auditor, On 24-05-2022)<br>Last Updated By: Harish Kumar M.V (Computer Assistant, On 23-06-2022) | 1-14 |
| 20 | തനത് ഫണ്ട് പലിശരഹിത അക്കൗണ്ടിൽ സൂക്ഷിക്കുന്നത് - പലിശയിനത്തിൽ വരുമാന നഷ്ടമുണ്ടാകുന്നു.<br>Written By: Vanaja Madathankandi (Senior Grade Auditor, On 25-05-2022)<br>Last Updated By: Harish Kumar M.V (Computer Assistant, On 23-06-2022) | 1-15 |
| 21 | ഇ -ടെണ്ടർ ചെയ്ത മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫീസ് ഗ്രാമപഞ്ചായത്തിന് ലഭിക്കുന്നതിലെ കാലതാമസം.തനത് വരുമാനമിനത്തിൽ ലഭിക്കേണ്ട 570888/-രൂപ നിഷ്ക്രിയമായി കിടക്കുന്നു.<br>Written By: Suresh Babu KV (Audit Officer, On 23-05-2022)<br>Last Updated By: Harish Kumar M.V (Computer Assistant, On 23-06-2022) | 1-16 |
| 22 | MGNREGS- ഓഫീസിലേക്ക് കമ്പ്യൂട്ടർ, പ്രിന്റർ, സ്റ്റേഷണറി വാങ്ങിയത് - സ്റ്റോക്ക് രജിസ്റ്റർ ഹാജരാക്കിയിട്ടില്ല - ₹92,633 തടസ്സപ്പെടുത്തുന്നു,<br>Written By: Nisha K (Senior Grade Auditor, On 24-05-2022)<br>Last Updated By: Harish Kumar M.V (Computer Assistant, On 23-06-2022) | 1-17 |
| 23 | കണ്ടിജൻസി ചെലവുകൾക്ക് മുൻകൂർ അനുവദിക്കൽ - സർക്കാർ നിർദ്ദേശം പാലിക്കേണ്ടതാണ്.<br>Written By: Nisha K (Senior Grade Auditor, On 24-05-2022)<br>Last Updated By: Harish Kumar M.V (Computer Assistant, On 21-06-2022) | 1-18 |
| 24 | മഴക്കാല പൂർവ്വശുചീകരണം - 95000 രൂപ യുടെ ചെലവ് രേഖകൾ ഹാജരാക്കിയിട്ടില്ല<br>Written By: Nisha K (Senior Grade Auditor, On 24-05-2022)<br>Last Updated By: Harish Kumar M.V (Computer Assistant, On 21-06-2022) | 1-19 |
| 25 | ഐ കെ എം വിഹിതം നൽകൽ - വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല<br>Written By: Nisha K (Senior Grade Auditor, On 24-05-2022)<br>Last Updated By: Harish Kumar M.V (Computer Assistant, On 21-06-2022) | 1-20 |
| 26 | വൈദ്യുത തൂണുകൾ മാറ്റി സ്ഥാപിക്കൽ - വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല<br>Written By: Nisha K (Senior Grade Auditor, On 24-05-2022)<br>Last Updated By: Harish Kumar M.V (Computer Assistant, On 23-06-2022) | 1-21 |
| 27 | സ്റ്റോക്ക് രജിസ്റ്റർ പരിപാലനം തൃപ്തികരമല്ല<br>Written By: Nisha K (Senior Grade Auditor, On 24-05-2022)<br>Last Updated By: Harish Kumar M.V (Computer Assistant, On 21-06-2022) | 1-22 |
| 28 | സ്യൂട്ട് രജിസ്റ്റർ കാലികമാക്കിയിട്ടില്ല<br>Written By: Nisha K (Senior Grade Auditor, On 24-05-2022)<br>Last Updated By: Harish Kumar M.V (Computer Assistant, On 23-06-2022) | 1-23 |
| 29 | ഒറിജിനൽ ബില്ല് പ്രകാരം അനുവദിച്ച തുക താൽക്കാലിക രസീത് പ്രകാരവും നൽകി- ഭക്ഷ്യധാന്യങ്ങളുടെ വിലയിനത്തിൽ സിവിൽ സപ്ലൈസ് | 1-24 |

| | | |
|---|---|---|
| | കോർപ്പറേഷന് 91656/-രൂപ അധികം നൽകി .<br>Written By: Vanaja Madathankandi (Senior Grade Auditor, On 24-05-2022)<br>Last Updated By: Harish Kumar M.V (Computer Assistant, On 21-06-2022) | |
| 30 | ഭവന പുനരുദ്ധാരണം (പൊതു വിഭാഗം) - ഗുണഭോക്താവിന് സഹായധനം ലഭിച്ചില്ല -₹ 50000 തടസ്സപ്പെടുത്തുന്നു.<br>Written By: Vanaja Madathankandi (Senior Grade Auditor, On 25-05-2022)<br>Last Updated By: Harish Kumar M.V (Computer Assistant, On 23-06-2022) | 1-25 |
| 31 | വയബിലിറ്റി ഗ്യാപ് ഫണ്ട് - ഹരിത കർമ്മസേനയുടെ വരവുചെലവുകൾ പരിശോധിച്ച് സാക്ഷ്യപ്പെടുത്തുന്നില്ല.<br>Written By: Vanaja Madathankandi (Senior Grade Auditor, On 25-05-2022)<br>Last Updated By: Harish Kumar M.V (Computer Assistant, On 21-06-2022) | 1-26 |
| 32 | സ്കൂളുകളിൽ ഷീ പാഡ് പദ്ധതി (സ്പിൽ ഓവർ)- ചെലവുരേഖകൾ ഹാജരാക്കിയില്ല- ചെലവുതുക ₹ 24515 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.<br>Written By: Vanaja Madathankandi (Senior Grade Auditor, On 25-05-2022)<br>Last Updated By: Harish Kumar M.V (Computer Assistant, On 21-06-2022) | 1-27 |
| 33 | തുടർ സാക്ഷരത- സംസ്ഥാന സാക്ഷരത മിഷനിൽ നിന്നും അനുവദിക്കുന്ന രശീത് ഹാജരാക്കിയില്ല.<br>Written By: Vanaja Madathankandi (Senior Grade Auditor, On 25-05-2022)<br>Last Updated By: Harish Kumar M.V (Computer Assistant, On 23-06-2022) | 1-28 |
| 34 | എസ്.എസ്.എ. വിഹിതം നൽകിയത്- ആനുവൽ വർക്ക് പ്ലാനും ബഡ്ജറ്റും അനുസരിച്ചുള്ള ഡിമാന്റും വിനിയോഗ സാക്ഷ്യപത്രവും ലഭ്യമാക്കിയില്ല - ₹ 13,90,200 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.<br>Written By: Vanaja Madathankandi (Senior Grade Auditor, On 25-05-2022)<br>Last Updated By: Harish Kumar M.V (Computer Assistant, On 21-06-2022) | 1-29 |
| 35 | സ്കൂളുകളിൽ ഷീ പാഡ് പദ്ധതി - ചെലവുരേഖകൾ ഹാജരാക്കിയില്ല - ₹ 100000 തടസ്സപ്പെടുത്തുന്നു.<br>Written By: Vanaja Madathankandi (Senior Grade Auditor, On 25-05-2022)<br>Last Updated By: Harish Kumar M.V (Computer Assistant, On 23-06-2022) | 1-30 |
| 36 | അംഗീകൃത ഗ്രന്ഥശാലകൾക്ക് പുസ്തകങ്ങൾ നൽകൽ (സ്പിൽ ഓവർ) - ചെലവു രേഖകൾ ലഭ്യമാക്കിയില്ല - ചെലവുതുക ₹ 10000 തടസ്സപ്പെടുത്തുന്നു.<br>Written By: Vanaja Madathankandi (Senior Grade Auditor, On 25-05-2022)<br>Last Updated By: Harish Kumar M.V (Computer Assistant, On 21-06-2022) | 1-31 |
| 37 | വായ്പ ഓവർ ഡ്യൂ ആയവർക്ക് പലിശ സബ്സിഡി അനുവദിച്ചു.<br>Written By: Manoj Kumar.T.George (Asst. Audit Officer, On 24-05-2022)<br>Last Updated By: Harish Kumar M.V (Computer Assistant, On 23-06-2022) | 1-32 |
| 38 | പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി- പൂർത്തീകരണ സാക്ഷ്യ പത്രം വിനിയോഗ സാക്ഷ്യ പത്രം ലഭ്യമല്ല.<br>Written By: Manoj Kumar.T.George (Asst. Audit Officer, On 24-05-2022)<br>Last Updated By: Harish Kumar M.V (Computer Assistant, On 21-06-2022) | 1-33 |
| 39 | സാന്ത്വന പരിചരണ പദ്ധതി- അപാകങ്ങൾ<br>Written By: Manoj Kumar.T.George (Asst. Audit Officer, On 24-05-2022)<br>Last Updated By: Harish Kumar M.V (Computer Assistant, On 23-06-2022) | 1-34 |
| 40 | NHM – ആയുർവേദ ഡിസ്പെൻസറിക്ക് മരുന്ന് വാങ്ങിയത് - സ്റ്റോക്കിലെടുത്തിട്ടില്ല - 37637 രൂപ ഓഡിറ്റ് തടസ്സപ്പെടുത്തുന്നു<br>Written By: Nisha K (Senior Grade Auditor, On 24-05-2022)<br>Last Updated By: Harish Kumar M.V (Computer Assistant, On 23-06-2022) | 1-35 |
| 41 | റോഡ് ടാറിംഗ് പ്രവൃത്തികൾ-ബിറ്റുമിൻ പർച്ചേസ് ബില്ലുകൾ ഫയലിൽ സൂക്ഷിച്ചിട്ടില്ല<br>Written By: Suresh Babu KV (Audit Officer, On 23-05-2022)<br>Last Updated By: Suresh Babu KV (Audit Officer, On 26-05-2022) | 1-36 |

| | | |
|---|---|---|
| 42 | പൊതുമരാമത്ത് പ്രവൃത്തികളിൽ മോണിറ്ററിംഗ് നടക്കുന്നില്ല.<br>Written By: Suresh Babu KV (Audit Officer, On 23-05-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 28-05-2022) | 1-37 |
| 43 | ആസ്തികൾ സംരക്ഷിക്കുന്നതിൽ ഗുരുതരവീഴ്ചകൾ<br>Written By: Suresh Babu KV (Audit Officer, On 27-05-2022)<br>Last Updated By: Suresh Babu KV (Audit Officer, On 27-05-2022) | 1-38 |
| 44 | ഗ്രാമപഞ്ചായത്ത് ഭൂമിയും കെട്ടിടവും കൈവശപ്പെടുത്തിയ വായനശാല കമ്മിറ്റിക്ക് അനുവദിച്ച വ്യാജപട്ടയം റദ്ദാക്കിയെങ്കിലും ദേശീയപാതവികസനത്തിന് വേണ്ടി ഏറ്റെടുത്ത സ്ഥലത്തിന്റെ നഷ്ടപരിഹാരത്തുക 1.03കോടി രൂപ ഗ്രാമപഞ്ചായത്തിന് ലഭിച്ചില്ല.<br>Written By: Suresh Babu KV (Audit Officer, On 27-05-2022)<br>Last Updated By: Harish Kumar M.V (Computer Assistant, On 23-06-2022) | 1-38-1 |
| 45 | നാഷണൽ ഹൈവേക്ക് വേണ്ടി ഏറ്റെടുത്ത ഗ്രാമപഞ്ചായത്ത് അംഗൻവാടി കെട്ടിടവും സ്ഥലവും -സ്ഥലത്തിന്റെ നഷ്ടപരിഹാരം -21,06,420/-രൂപ അംഗൻവാടി വർക്കറുടെ വ്യക്തിഗത അക്കൗണ്ടിലേക്ക് കൈമാറിയത്- ഉടമസ്ഥാവകാശത്തിൽ അവ്യക്തത.<br>Written By: Suresh Babu KV (Audit Officer, On 27-05-2022)<br>Last Updated By: Harish Kumar M.V (Computer Assistant, On 21-06-2022) | 1-38-2 |
| 46 | ഗ്രാമപഞ്ചായത്ത് അധീനതയിലുള്ള ഭൂമി കൈയേറ്റം-അടിയന്തര തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.<br>Written By: Suresh Babu KV (Audit Officer, On 27-05-2022)<br>Last Updated By: Harish Kumar M.V (Computer Assistant, On 23-06-2022) | 1-38-3 |
| 47 | ക്ഷീരസംഘങ്ങളിലെ പാലളവ് സംബന്ധിച്ച രേഖകൾ ഹാജരാക്കിയില്ല. 1127634രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു<br>Written By: Manoj Kumar.T.George (Asst. Audit Officer, On 24-05-2022)<br>Last Updated By: Harish Kumar M.V (Computer Assistant, On 23-06-2022) | 1-39 |
| | ഭാഗം **2** | |
| 1 | മോട്ടോർ റണ്ണിംഗ് ഫീസ് ഈടാക്കിയിട്ടില്ല ₹11660/- വരവ് നഷ്ടം<br>Written By: Dhanya M (Auditor, On 26-05-2022)<br>Last Updated By: Harish Kumar M.V (Computer Assistant, On 23-06-2022) | 2-1 |
| | ഭാഗം **3** | |
| 1 | ഒറിജിനൽ ബില്ല് പ്രകാരം അനുവദിച്ച തുക താൽക്കാലിക രസീത് പ്രകാരവും നൽകി- ഭക്ഷ്യധാന്യങ്ങളുടെ വിലയിനത്തിൽ സിവിൽ സപ്ലൈസ് കോർപ്പറേഷന് 91656/-രൂപ അധികം നൽകി .<br>Written By: Suresh Babu KV (Audit Officer, On 24-05-2022)<br>Last Updated By: Harish Kumar M.V (Computer Assistant, On 21-06-2022) | 3-1 |
| | ഭാഗം **4** | |
| 1 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം<br>Written By: Suresh Babu KV (Audit Officer, On 23-05-2022)<br>Last Updated By: P.S.Sabu (Deputy Director, On 23-06-2022) | 4-1 |
| 2 | സംയുക്തപ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: Suresh Babu KV (Audit Officer, On 23-05-2022)<br>Last Updated By: Harish Kumar M.V (Computer Assistant, On 23-06-2022) | 4-2 |
| 3 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: Suresh Babu KV (Audit Officer, On 23-05-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 28-05-2022) | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയതിന്റെ വിവരങ്ങൾ | 4-4 |

| | | |
|---|---|---|
| | Written By: Suresh Babu KV (Audit Officer, On 23-05-2022)<br>Last Updated By: Suresh Babu KV (Audit Officer, On 23-05-2022) | |
| 5 | വായ്പ / വായ്പാതിരിച്ചടവ്<br>Written By: Suresh Babu KV (Audit Officer, On 23-05-2022)<br>Last Updated By: Harish Kumar M.V (Computer Assistant, On 23-06-2022) | 4-5 |
| 6 | സ്ഥിര നിക്ഷേപം<br>Written By: Suresh Babu KV (Audit Officer, On 23-05-2022)<br>Last Updated By: Suresh Babu KV (Audit Officer, On 23-05-2022) | 4-6 |
| 7 | ഓഡിറ്റ് റിക്കവറി<br>Written By: Suresh Babu KV (Audit Officer, On 23-05-2022)<br>Last Updated By: Suresh Babu KV (Audit Officer, On 23-05-2022) | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട്<br>Written By: Suresh Babu KV (Audit Officer, On 23-05-2022)<br>Last Updated By: Harish Kumar M.V (Computer Assistant, On 23-06-2022) | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം<br>Written By: Suresh Babu KV (Audit Officer, On 23-05-2022)<br>Last Updated By: Suresh Babu KV (Audit Officer, On 23-05-2022) | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Suresh Babu KV (Audit Officer, On 27-05-2022)<br>Last Updated By: Harish Kumar M.V (Computer Assistant, On 23-06-2022) | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ.<br>Written By: Suresh Babu KV (Audit Officer, On 23-05-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 28-05-2022) | 4-11 |

## അനുബന്ധം

| | |
|---|---|
| 1 | ഓഡിറ്റ് സാക്ഷ്യപത്രം |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം |
| 3 | റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് |
| 4 | ഇൻകം & എക്സ്പെന്റിച്ചർ സ്റ്റേറ്റ്മെന്റ് |
| 5 | ബാലൻസ് ഷീറ്റ് |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ബജറ്റ്

ധനകാര്യസ്റ്റാന്റിംഗ് കമ്മറ്റിയുടെ 12-03-2020 തീയതിയിലെ യോഗത്തിലെ 18/2020നമ്പർ തീരുമാനപ്രകാരം തയ്യാറാക്കിയ പരിയാരം ഗ്രാമപഞ്ചായത്തിന്റെ 2020-21 സാമ്പത്തികവർഷത്തേക്കുള്ള കരട് ബജറ്റ് 17-03-2020 തീയതിയിൽ രാവിലെ ചേർന്ന ഭരണസമിതിയുടെ സാധാരണ യോഗത്തിൽ അവതരിപ്പിക്കുകയും (തീരുമാനംനമ്പർ-1-1/2020) 18-03-2020 തീയതിയിൽ രാവിലെ ചേർന്ന ഭരണസമിതി സാധാരണ യോഗത്തിൽ ചർച്ച ചെയ്ത് ഭേദഗതികൾ ഉൾപ്പെടുത്തി (തീരുമാനം നമ്പർ-1-1/2020) അംഗീകരിക്കുകയുമുണ്ടായി. ധനകാര്യസ്റ്റാൻഡിംഗ് കമ്മറ്റിയുടെ 22-01-2021 തീയതിയിലെ യോഗത്തിലെ 01/2021 നമ്പർ തീരുമാനപ്രകാരം തയ്യാറാക്കിയ 2020-21 വർഷത്തെ പരിഷ്കരിച്ച ബജറ്റ് ഭരണസമിതിയുടെ 22-02-2021 തീയതിയിലെ 28/2021 തീരുമാനപ്രകാരം അംഗീകാരം നൽകുകയുമുണ്ടായി. വിശദവിവരം ചുവടെ കൊടുക്കുന്നു.

| | ബജറ്റ് പ്രകാരം | പുതുക്കിയ ബജറ്റ് പ്രകാരം |
|---|---|---|
| മുന്നിരിപ്പ് | 25021803 | 4235939 |
| വരവ് | 296431000 | 332330000 |
| ആകെ | 321452803 | 336565939 |
| ചെലവ് | 305828200 | 317866025 |
| നീക്കിയിരിപ്പ് | 15624603 | 18699914 |

### 1-1-1 ബജറ്റ് ഡോക്യുമെന്റുകൾ തയ്യാറാക്കി സൂക്ഷിക്കുന്നില്ല.

വാർഷിക ബജറ്റുമായി ബന്ധപ്പെട്ട് താഴെപ്പറയുന്ന പ്രധാന രേഖകൾ ബജറ്റ് ഡോക്യുമെന്റ് ആയി പ്രത്യേകം ഫയലിൽ സൂക്ഷിക്കേണ്ടതുണ്ട്.

1.ബജറ്റ് പ്രസംഗം

2.ബജറ്റ് കുറിപ്പുകൾ

3.ബജറ്റ് പത്രികകളും ബജറ്റ് ഷെഡ്യൂളുകളും

4.പെർഫോമൻസ് ബജറ്റ്

5.ജെൻഡർ ബജറ്റ്

എന്നാൽ 2020-21 സാമ്പത്തികവർഷത്തിൽ മേൽ സൂചിപ്പിച്ച രേഖകൾ പ്രത്യേകം ബജറ്റ് ഡോക്യുമെന്റ് ആയി സൂക്ഷിച്ചിട്ടില്ല.ഗ്രാമപഞ്ചായത്തിന്റെ പ്രത്യേകയോഗത്തിൽ അവതരിപ്പിക്കുന്ന ബജറ്റ് വിശദമായ ചർച്ചകൾക്ക് ശേഷം മറ്റൊരു പ്രത്യേകയോഗത്തിൽ അംഗീകരിക്കുവാനും പാസാക്കുവാനുമാണ് ബജറ്റ് മാന്വലിലെ നിർദ്ദേശം.എന്നാൽ ഗ്രാമപഞ്ചായത്ത് ബജറ്റ് അവതരിപ്പിച്ചതും പാസാക്കിയതും ഭരണസമിതിയുടെ സാധാരണയോഗത്തിലാണ്. മേൽ സൂചിപ്പിച്ച ന്യൂനതകൾ ആവർത്തിക്കാതിരിക്കുവാനും ബജറ്റ് തയ്യാറാക്കുന്നതിൽ സ.ഉ(ആർ.ടി)നം.3291/2016/LSGD തീയതി 02-12-2016 പ്രകാരം സർക്കാർ അംഗീകരിച്ചിട്ടുള്ള ബജറ്റ് മാന്വലിലെ നടപടിക്രമങ്ങൾ പാലിക്കുന്നതിനായി ഇക്കാര്യം ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധയിൽപ്പെടുത്തുന്നു.

## 1-2 വാർഷിക ധനകാര്യ പത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി |
|---|---|---|
| 31-7-2021 | 22-6-2021 | തിരിച്ചയച്ചിട്ടില്ല |

### 1-2-1 വാർഷിക ധനകാര്യ പത്രികയിലെ അപാകങ്ങൾ

2020-21 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതിൽ ശ്രദ്ധയിൽപെട്ട അപാകങ്ങൾ ചുവടെ കൊടുക്കുന്നു.

1. B-5 ഷെഡ്യൂൾ - Secured Loan- Loan From KURDFC- 3759072 രൂപയുടെ ലോൺ നീക്കിയിരിപ്പുണ്ട്. ലൈഫ് ഭവനപദ്ധതിക്കായി ലഭിച്ച വായ്പ, തിരിച്ചടവ്, നീക്കിയിരിപ്പ് എന്നിവ പരിശോധിക്കാൻ ലോൺ രജിസ്റ്റർ കാലികമാക്കി

സൂക്ഷിച്ചിട്ടില്ല.

2. കെ എസ് ഇ ബി കരിമ്പം ഇലക്ട്രിക്കൽ സെക്ഷൻ അസി. എഞ്ചിനീയർക്ക് പോസ്റ്റ് ഷിഫ്റ്റിംഗിനായി 2020-21 വർഷം 21599 രൂപ കൈമാറിയിട്ടുണ്ട്. ഈ തുക B-18 ഷെഡ്യൂളിൽ ഉൾപ്പെടുത്തിയിട്ടില്ല.

3. ബാലൻസ് ഷീറ്റ് B-9 ഷെഡ്യൂൾ Recoveries Payable – General Provident Fund, Kerala Panchayat Employees Provident Fund ഇനങ്ങളിൽ ബാധ്യതയായി കാണിച്ച തുകയും 2021 ഏപ്രിൽ മാസത്തെ വൗച്ചർ പ്രകാരം ഈയിനത്തിലെ ചെലവുതുകകളും പൊരുത്തപ്പെടുന്നില്ല. വിശദവിവരം ചുവടെ കൊടുക്കുന്നു.

| ഇനം | AFS പ്രകാരം | 2021 ഏപ്രിൽ മാസത്തെ വൗച്ചർ പ്രകാരം |
|---|---|---|
| Recoveries Payable – General Provident Fund | 417802 | 29060 |
| Recoveries Payable – Kerala Panchayat Employees Provident Fund | 701905 | 72690 |

4. ഗ്രാമ പഞ്ചായത്തിന്റെ ഉടമസ്ഥതയിൽ കെ എൽ 59 T 1910 എന്ന വാഹനം ഉപയോഗിച്ചു വരുന്നുണ്ടെങ്കിലും ആയതിന്റെ മൂല്യം വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല.

5. പഞ്ചായത്ത് ഭൂമിയുടെ മൂല്യം (Land) 1,42,316 രൂപ മാത്രമാണ് B-11 ഷെഡ്യൂളിൽ അക്കൗണ്ട് ചെയ്തിട്ടുള്ളത് (Code 410100105 - Land - Others). മുഴുവൻ ഭൂമിയുടേയും മൂല്യം അക്കൗണ്ട് ചെയ്തിട്ടില്ല.

6. B-9 ഷെഡ്യൂൾ Code 350410999 – Advance Collection Of Revenues -Other Revenues എന്ന ഹെഡിൽ 113900 രൂപ ബാധ്യതയായി കാണിച്ചിട്ടുണ്ട്. ഇത് ഏതൊക്കെ ഇനങ്ങളിലാണെന്ന് വ്യക്തമല്ല.

7. 2019-20 വർഷത്തെ ബാലൻസ് ഷീറ്റ് B-15 പ്രകാരം ട്രേഡേഴ്സ് തൊഴിൽനികുതി തൻവർഷ കുടിശ്ശിക 6000 രൂപയാണ്. എന്നാൽ 2020-21 വർഷത്തെ റസീപ്റ്റ് & പേയ്മെന്റ് പത്രികയിലെ RP-43 ഷെഡ്യൂൾ പ്രകാരം ഈയിനത്തിലെ വരവ് 23100 രൂപയാണ്. വ്യത്യാസം വിശദീകരിക്കപ്പെട്ടിട്ടില്ല. കുടിശ്ശിക ഡിമാന്റ് രജിസ്റ്റർ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

8. Income & Expenditure Statement I-4(b) ഷെഡ്യൂൾ, Receipt & Payment Statement RP-4 ഷെഡ്യൂൾ എന്നിവ പ്രകാരം പ്രൈവറ്റ് ഹോസ്പിറ്റൽ & പാരാമെഡിക്കൽ സ്ഥാപനങ്ങളുടെ രജിസ്ട്രേഷൻ ഫീയിനത്തിൽ 1600 രൂപ ഡിമാന്റും കളക്ഷനും അക്കൗണ്ട് ചെയ്തിട്ടുണ്ടെങ്കിലും ആയത് പരിശോധിക്കുന്നതിനായി രജിസ്റ്റർ എഴുതി പൂർത്തിയാക്കി സംക്ഷിപ്തം തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല.

9.B-7 ഷെഡ്യൂൾ Code 340800101 – Deposit Received From Others - ശീർഷകത്തിൽ ബാധ്യതയായി കാണിച്ച 62500 രൂപ ഏതിനങ്ങളിൽ ലഭിച്ചതാണെന്ന് വിശദീകരിക്കപ്പെട്ടിട്ടില്ല.

10. 2020-21 വർഷത്തെ വാർഷിക ധനകാര്യ പത്രിക പ്രകാരമുള്ള വസ്തുനികുതി തൻവർഷ ഡിമാന്റ്-കളക്ഷൻ-ബാലൻസ്, വസ്തു നികുതി കുടിശ്ശികയുടെ കളക്ഷൻ-ബാലൻസ് എന്നിവ സഞ്ചയ പ്രകാരമുള്ള ഡിമാന്റ്-കളക്ഷൻ-ബാലൻസുമായി പൊരുത്തപ്പെടുന്നില്ല.
വസ്തു നികുതി - തൻവർഷം

| ഇനം | വാർഷിക ധനകാര്യ പത്രിക പ്രകാരം | സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരം |
|---|---|---|
| ഡിമാന്റ് | 8000609 | 8120941 |
| കളക്ഷൻ | 7331391 | 7737864 |
| ബാലൻസ് | 313858 | 309424 |

11. എം ജി എൻ ആർ ഇ ജി എസ് – ചെലവഴിക്കാൻ അവശേഷിക്കുന്ന തുകയും (B-4 ₹ 19473), അവ നിക്ഷേപിച്ചിരിക്കുന്ന ബാങ്ക്/ ട്രഷറി അക്കൗണ്ടുകൾ പ്രകാരമുള്ള നീക്കിയിരിപ്പും (B-17; ₹23473) പൊരുത്തപ്പെടുന്നില്ല.

## 1-3 സാമ്പത്തിക വിശകലനം (റസീറ്റ് & പേമെന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 30063800 |
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 107392238 |
| ആകെ | 137456038 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 118117926 |
| നീക്കിയിരിപ്പ് | 19338112 |

| | |
|---|---|
| വരവിനങ്ങളിലുള്ള നഷ്ടം | 11660 |
| ചെലവിനങ്ങളിലുള്ള നഷ്ടം / ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 91656 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 2927619 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ്/ ലാപ്സ്യ തുക |
|---|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ | | - | 16940250 | 16940250 | 15004375 | 1935875 |
| വികസന ഫണ്ട്-എസ്.സി.പി | | - | 3678000 | 3678000 | 2878598 | 799402 |
| വികസന ഫണ്ട്- ടി എസ് പി | | | 158000 | 158000 | 75000 | 83000 |
| മെയിന്റനൻസ്, റോഡ് | | | 25139000 | 25139000 | 25117398 | 21602 |
| മെയിന്റനൻസ്, റോഡിതരം | | | 5325586 | 5325586 | 5325586 | 0 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് | ബേസിക് | | 12274350 | 12274350 | 10789321 | 1485029 |
| | ടൈഡ് | | 6600000 | 6600000 | - | 6600000 |
| കേന്ദ്രാവിഷ്കൃത ഫണ്ട് | | | | | | |
| എം ജി എൻ ആർ ഇ ജി എസ് | ഭരണചെലവ് | 286374 | 971295 | 1257669 | 1234196 | 23473 |
| | തൊഴിലാളികളുടെ കൂലി, സാധന സാമഗ്രികളുടെ ചെലവ് | 0 | 42180187 | 42180187 | 42180187 | 0 |
| ഐ സി ഡി എസ്- കേന്ദ്രവിഹിതം | | 1435629 | 1595333 | 3030962 | 2919146 | 111816 |
| എസ്എസ് എ | | 243639 | 0 | 243639 | 124000 | 119639 |
| സംസ്ഥാനാവിഷ്കൃത ഫണ്ട് | | | | | | |
| സാക്ഷരത | | 5522 | 166 | 5688 | 0 | 5688 |
| കേരളോത്സവം | | 5000 | 0 | 5000 | 0 | 5000 |

| | | | | | |
|---|---|---|---|---|---|
| ശുചിത്വ മിഷൻ | 203299 | 3327477 | 3530776 | 1270210 | 2260566 |
| വിമുക്തി | 25656 | 0 | 25656 | 0 | 25656 |
| എം പി ഫണ്ട് | 138 | 0 | 138 | 0 | 138 |

പ്രത്യേക ഉദ്ദേശ്യ ഗ്രാന്റിനത്തിലുള്ള വരവ് ചെലവ് പരിശോധിക്കുന്നതിനുള്ള എ.സി.ആർ സൂക്ഷിച്ചിട്ടില്ല.

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | പൂർത്തീകരിച്ചത് | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|---|
| 276 | 176411965 | 187 | 100161636 | 29 | 158 | 89 | 57 |

നിർവ്വഹണ ഉദ്യോഗസ്ഥൻമാർ മുഖാന്തിരം നടപ്പിലാക്കിയ പ്രോജക്ടുകളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| നിർവ്വഹണ ഉദ്യോഗസ്ഥൻ | അംഗീകരിച്ച പദ്ധതികളുടെ എണ്ണം | നടപ്പിലാക്കിയത് | പദ്ധതി അടങ്കൽ | പദ്ധതി ചെലവ് | ചെലവ് ശതമാനം |
|---|---|---|---|---|---|
| കൃഷി ഓഫീസർ | 16 | 15 | 20849273 | 20728880 | 99.42 |
| വെറ്റിനറി സർജൻ | 14 | 10 | 4164684 | 2962558 | 71.14 |
| മെഡിക്കൽ ഓഫീസർ- പിഎച്ച്സി | 12 | 6 | 2232998 | 1441642 | 64.56 |
| | | | | | |
| മെഡിക്കൽ ഓഫീസർ -ആയുർവ്വേദം | 4 | 3 | 1050000 | 999524 | 95.19 |
| സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് | 1 | 1 | 1230000 | 186692 | 15.18 |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 32 | 18 | 44485536 | 8409071 | 18.90 |
| ഐസിഡിഎസ് സൂപ്പർവൈസർ | 13 | 8 | 9648595 | 8299002 | 86.01 |
| ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 1 | 1 | 1500000 | 1127634 | 75.18 |
| സെക്രട്ടറി,ഗ്രാമപഞ്ചായത്ത്. | 29 | 17 | 7775267 | 4057544 | 52.19 |
| ഹെഡ്മാസ്റ്റർ, ഗവ.യു പി.സ്കൂൾ | 9 | 7 | 2035735 | 1902634 | 93.46 |
| അസിസ്റ്റന്റ് എഞ്ചിനീയർ (തസ്വഭവ) | 136 | 94 | 80138902 | 49196110 | 61.39 |
| അസിസ്റ്റന്റ് സെക്രട്ടറി, ഗ്രാമപഞ്ചായത്ത്. | 9 | 7 | 1300975 | 850345 | 65.36 |
| ആകെ | 276 | 187 | 176411965 | 100161636 | 56.78 |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| ഭരണചെലവുകൾ | 286374 | 971295 | 1257669 | 1234196 | 23473 |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | 0 | 42180187 | 42180187 | 42180187 | 0 |
| ആകെ | 286374 | 43151482 | 43437856 | 43414383 | 23473 |

## 1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ഗുണഭോക്താക്കളുടെ എണ്ണം | ചെലവഴിച്ച തുക ₹ |
|---|---|---|
| കർഷകതൊഴിലാളി പെൻഷൻ | 636 | 10403600 |
| വിധവാ പെൻഷൻ | 1242 | 19044200 |
| വാർദ്ധക്യകാല പെൻഷൻ | 2381 | 34708400 |
| വികലാംഗ പെൻഷൻ | 406 | 6032100 |
| അവിവാഹിത പെൻഷൻ | 60 | 980800 |
| വിവാഹ ധനസഹായം | 19 | 570000 |

## 1-7-1 ക്ഷേമ പെൻഷൻ വിതരണം - മരണശേഷവും പെൻഷൻതുക അക്കൗണ്ടിലേക്ക് നൽകിവരുന്നു

പരിയാരം ഗ്രാമപഞ്ചായത്തിലെ 2020 വർഷത്തെ മരണ രജിസ്റ്റർ അടിസ്ഥാനമാക്കി, പഞ്ചായത്തിൽ നിന്നും ക്ഷേമ പെൻഷൻ കൈപ്പറ്റിവന്നിരുന്നതും മരണപ്പെട്ടവരുമായ ഏതാനും വ്യക്തികളുടെ വിവരങ്ങൾ സേവന വെബ്സൈറ്റിൽ പരിശോധന നടത്തിയപ്പോൾ താഴെ പറയുന്ന പെൻഷൻ ഗുണഭോക്താക്കൾ മരണപ്പെട്ടതിന് ശേഷവും ബാങ്ക് അക്കൗണ്ടുകളിൽ തുക ക്രെഡിറ്റ് ചെയ്യപ്പെട്ടതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. വിശദവിവരം ചുവടെ കൊടുക്കുന്നു.

| ക്രമ നമ്പർ | പേര് | ആധാർ നമ്പർ | പെൻഷൻ ഐ ഡി | പെൻഷൻ | മരണപ്പെട്ട തീയതി | റിമാർക്സ് |
|---|---|---|---|---|---|---|
| 1 | വിജയൻ ടി കെ | 317664941868 | 111150202438 | വാർദ്ധക്യകാല പെൻഷൻ | 10.12.2020 | 6/2021 വരെയുള്ള മാസങ്ങളിലെ പെൻഷൻ ബാങ്ക് അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്യപ്പെട്ടതായി സേവനയിൽ രേഖപ്പെടുത്തിയിട്ടുണ്ട്. പെൻഷൻ സ്റ്റാറ്റസ് നിലവിൽ സസ്പെന്റഡ് ആണ്. |
| 2 | കെ. എ മമ്മു | 452715151843 | 111150202455 | വാർദ്ധക്യകാല പെൻഷൻ | 18.10.2020 | 6/2021 വരെയുള്ള മാസങ്ങളിലെ പെൻഷൻ ബാങ്ക് അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്യപ്പെട്ടതായി സേവനയിൽ |

| | | | | | | |
|---|---|---|---|---|---|---|
| | | | | | | രേഖപ്പെടുത്തിയിട്ടുണ്ട്. പെൻഷൻ സ്റ്റാറ്റസ് നിലവിൽ സസ്പെന്റഡ് ആണ്. |
| 3 | അബ്ദുള്ള എം | 446692317078 | 111150200404 | വാർദ്ധക്യകാല പെൻഷൻ | 02.12.2020 | 6/2021 വരെയുള്ള മാസങ്ങളിലെ പെൻഷൻ ബാങ്ക് അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്യപ്പെട്ടതായി സേവനയിൽ രേഖപ്പെടുത്തിയിട്ടുണ്ട്. പെൻഷൻ സ്റ്റാറ്റസ് നിലവിൽ സസ്പെന്റഡ് ആണ്. |

ഇതു കൂടാതെ പരിയാരം ഗ്രാമ പഞ്ചായത്തിൽ മരണം രജിസ്റ്റർ ചെയ്തിട്ടുള്ള വ്യക്തികൾക്ക് മറ്റ് തദ്ദേശസ്വയംഭരണസ്ഥാപനങ്ങളിൽ നിന്നും നിലവിൽ പെൻഷൻ അനുവദിക്കുന്നുണ്ട്.

| പേര് | പെൻഷൻ ഐ ഡി | മരണപ്പെട്ട തീയതി | റിമാർക്സ് |
|---|---|---|---|
| സുകുമാരൻ | 112840200877 | 15.09.2020 | ശ്രീകണ്ഠപുരം നഗരസഭയിലെ പെൻഷനർ ആണ്.4/2022 വരെയുള്ള മാസങ്ങളിലെ പെൻഷൻ ബാങ്ക് അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്യപ്പെട്ടതായി സേവനയിൽ രേഖപ്പെടുത്തിയിട്ടുണ്ട്. നിലവിലും പെൻഷൻ സ്റ്റാറ്റസ് ആക്ടീവ് ആണ്. |

ധനവകുപ്പിന്റെ 26.07.18-ലെ സർക്കുലർ നമ്പർ 69/18 പ്രകാരം മരണപ്പെട്ടവരുടേയും പുനർവിവാഹം ചെയ്തവരുടേയും വിവരങ്ങൾ അങ്കണവാടി/ആശാ വർക്കർമാർ മുഖേന ശേഖരിച്ച് അതാതുമാസം ഡാറ്റാ ബേസിൽ നിന്ന് ഒഴിവാക്കാൻ സെക്രട്ടറിമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ പെൻഷൻ വിതരണം ചെയ്യുന്ന സഹകരണ സ്ഥാപനങ്ങൾ ഓരോ പെൻഷൻ വിതരണത്തിനു ശേഷവും മരണപ്പെട്ടവരുടെ വിവരങ്ങൾ ബന്ധപ്പെട്ട പ്രാദേശിക സർക്കാരുകളെ അറിയിക്കണമെന്നും സെക്രട്ടറി സേവന സോഫ്റ്റ് വെയറിൽ നിന്ന് സസ്പെന്റ് ചെയ്യാൻ നടപടി സ്വീകരിക്കണമെന്നും പ്രസ്തുത സർക്കുലറിൽ നിർദ്ദേശമുണ്ട്. എന്നാൽ ഇപ്രകാരം പൂർണ്ണമായും നിർവ്വഹിച്ചതായി കാണുന്നില്ല. പെൻഷൻ സമയബന്ധിതമായി സസ്പെന്റ് ചെയ്യുന്നില്ല. ഡയരക്റ്റ് ഹോം ആയി പണം വിതരണം ചെയ്യുന്ന ഗുണഭോക്താക്കൾക്ക് തുക കൈമാറിയിട്ടില്ലെങ്കിലും ബാങ്ക് അക്കൗണ്ടു വഴി പെൻഷൻ വിതരണം ചെയ്യുന്ന ഗുണഭോക്താക്കളുടെ അക്കൗണ്ടിലേക്ക് തുക മരണശേഷവും അനുവദിച്ചിട്ടുണ്ട്. മേൽ അപാകം സംബന്ധിച്ച് ഇത് സംബന്ധിച്ച് നൽകിയ അന്വേഷണത്തിന് (25/23.05.2022) മറുപടി ലഭ്യമാക്കിയിട്ടില്ല.

പഞ്ചായത്തിൽ മരണങ്ങൾ രജിസ്റ്റർ ചെയ്യപ്പെടുമ്പോൾ സേവന സോഫ്റ്റ് വെയറിൽ ആധാർ നമ്പർ ചേർത്തു നോക്കി പെൻഷൻ ഗുണഭോക്താവാണോ എന്ന് പരിശോധിക്കേണ്ടതും യഥാസമയം പെൻഷൻ സസ്പെന്റ് ചെയ്യപ്പെടുന്നുണ്ടെന്ന് ഉറപ്പു വരുത്തേണ്ടതുമാണ്

ഡെത്ത് രജിസ്റ്ററിലെ ആധാർ നമ്പർ മുഖേന, മേൽപ്പറഞ്ഞ ഗുണഭോക്താക്കളുടേതുൾപ്പെടെ സേവന സോഫ്റ്റ് വെയർ ഉപയോഗപ്പെടുത്തി, അനർഹരുടെ അക്കൗണ്ടുകളിലേക്ക് പെൻഷൻ ക്രെഡിറ്റ് ചെയ്യപ്പെടുന്നില്ല എന്ന് ഉറപ്പു വരുത്തേണ്ടതും വിശദാംശങ്ങൾ അറിയിക്കേണ്ടതുമാണ്.

## 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 18.05.2022 ന് ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 23093 രൂപ ക്യാഷ് നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു .

## 1-9 ആഭ്യന്തരനിയന്ത്രണം

ഗ്രാമപഞ്ചായത്തിന്റെ ഭരണ കാര്യക്ഷമത ഉറപ്പുവരുത്തുന്നതിന് ഫലപ്രദമായ ആഭ്യന്തര നിയന്ത്രണസംവിധാനം അത്യന്താപേക്ഷിതമാണ്. വിവിധ മേഖലകളിലെ പ്രവർത്തനം വിലയിരുത്തുമ്പോൾ ഗ്രാമപഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനം കൂടുതൽ മെച്ചപ്പെടുത്തേണ്ടത് അനിവാര്യമാണെന്ന് വിലയിരുത്തുന്നു.ഗ്രാമപഞ്ചായത്തിന്റെ ഭൂമിയും കെട്ടിടവും കൈയേറി വ്യാജപട്ടയം വരെ ഉണ്ടാക്കിയതായി പരിശോധനയിൽ കണ്ടെത്തുകയുണ്ടായി.ഗ്രാമപഞ്ചായത്തിന്റെ അധീനതയിലുള്ള ഭൂമിയും കെട്ടിടങ്ങളും സംരക്ഷിക്കുന്നതിൽ ഗുരുതരമായ വീഴ്ചയുണ്ടായത് വഴി ആസ്തികളിൽ കൈയ്യേറ്റമുണ്ടാകുന്ന സാഹചര്യം നിലനിൽക്കുന്നുണ്ട്. ഗ്രാമപഞ്ചായത്തിന്റെ അനുമതിയില്ലാതെ കെട്ടിടനിർമ്മാണം /വിപുലീകരണം നടത്തുകയും പിന്നീട് ക്രമവൽക്കരണം നടത്തി വസ്തുനികുതി ഈടാക്കുന്നുണ്ട്.എന്നാൽ ഇത്തരം അനുമതിയില്ലാത്ത് നിർമ്മാണപ്രവർത്തനങ്ങൾ യഥാസമയം കണ്ടെത്തി റിപ്പോർട്ട്ചെയ്യുന്നതിന് സാധിച്ചിട്ടില്ല.ഗ്രാമപഞ്ചായത്തിന് ഇതുവരെയായും ഒരു അനധികൃതനിർമ്മാണം പോലും കണ്ടെത്തുവാൻ സാധിച്ചിട്ടില്ലെന്നത് പരിശോധന നടത്തുന്നതിലെ കാര്യക്ഷമതയില്ലായ്മ കാരണമാണെന്ന് വ്യക്തമാണ്.

പഞ്ചായത്തിന്റെ തനതു വരുമാനം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി പുതിയ നികുതി നിർദ്ദേശങ്ങളൊന്നും തന്നെ ധനകാര്യ സ്റ്റാൻഡിംഗ് കമ്മിററി യോഗങ്ങളിൽ ഉയർന്നു വന്നിട്ടില്ല. വസ്തുനികുതി,തൊഴിൽനികുതി,ലൈസൻസ് ഫീസ് ഇനങ്ങളിൽ വരുമാനവർദ്ധനവിനുള്ള സാധ്യതകൾ പ്രയോജനപ്പെടുത്തുന്നതിൽ വീഴ്ചയുണ്ടായിട്ടുണ്ട്.വിവിധ സ്റ്റാന്റിംഗ് കമ്മിറ്റികളുടെ കീഴിലുള്ള മേഖലകളിലെ പദ്ധതി നിർവ്വഹണം മോണിറ്റർ ചെയ്യുന്നതിൽ ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പുകളും സ്റ്റാന്റിംഗ് കമ്മിറ്റികൾ തന്നെയും വീഴ്ചവരുത്തിയിട്ടുണ്ട്. ചെലവഴിച്ച പദ്ധതിപ്പണം സമയബന്ധിതമായും കാര്യക്ഷമമായും വിനിയോഗിക്കപ്പെട്ടിട്ടുണ്ട് എന്ന് ഉറപ്പുവരുത്താൻ സ്ഥാപനതലത്തിൽ ഏർപ്പെടുത്തിയ കൺട്രോളിംഗ് സംവിധാനം ഇത് മൂലം ഫലപ്രദമായില്ല.സെക്രട്ടറി ഉൾപ്പെടെയുള്ള നിർവഹണഉദ്യോഗസ്ഥരുടെ പ്രൊജക്റ്റുകളുടെ മോണിറ്ററിംഗ് റിപ്പോർട്ട് ഫയലിൽ സൂക്ഷിച്ചിട്ടില്ല.ഏകദേശം അമ്പത് ലക്ഷത്തിലധികം രൂപ ചെലവഴിച്ച് നിർമ്മിച്ച പുളിയൂൽ പട്ടികജാതി കോളനി സംസ്കാരിക തൊഴിൽ പരിശീലനകേന്ദ്രം തൻവർഷത്തിലും പ്രവർത്തനമാരംഭിച്ചിട്ടില്ല.

മേൽ അപാകതകൾ പരിഹരിക്കുന്നതിനായി താഴെ പറയുന്ന ക്രമീകരണങ്ങൾ നിയന്ത്രണ സംവിധാനങ്ങളിൽ വരുത്തേണ്ടതുമാണ്.

1) നികുതികൾ, നികുതിയേതര വരുമാനങ്ങൾ എന്നിവ ഡിമാന്റ് ചെയ്യുന്നതിൽ നിയമത്തിലും ചട്ടത്തിലും നിഷ്കർഷിക്കുന്ന നടപടിക്രമങ്ങൾ പാലിക്കേണ്ടതാണ്.

2) കെട്ടിടനിർമ്മാണം, മാലിന്യസംസ്കരണം, എഫ്.ടി.ഇ & ഒ.എസ് ലൈസൻസ്, ശുചിത്വം തുടങ്ങി ഗ്രാമപഞ്ചായത്തിനെ ചുമതലയേല്പിച്ച മേഖലകളിലെ നിയമലംഘനങ്ങൾ റിപ്പോർട്ട് ചെയ്യേണ്ട ഉത്തരവാദിത്വം നിർവഹിക്കുന്നുണ്ടോയെന്ന് ഉറപ്പ് വരുത്തേണ്ടതും ഇതു സംബന്ധിച്ച റിപ്പോർട്ടുകൾ ലഭ്യമാകുന്ന മുറയ്ക്ക് നടപടികൾ സ്വീകരിക്കാനുള്ള സംവിധാനങ്ങൾ ഒരുക്കേണ്ടതുമാണ്.

3) വരുമാനവും വിവിധ നിയന്ത്രണ സംവിധാനങ്ങളും വിലയിരുത്തുന്നതിൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി കൂടുതൽ ശ്രദ്ധ പതിപ്പിക്കേണ്ടതും ഇതിനായി എല്ലാ യോഗങ്ങളിലും സ്ഥിരം അജണ്ടയായി ഉൾപ്പെടുത്തേണ്ടതുമാണ്.

4) പ്രതിമാസ വരവുചെലവു കണക്ക് അംഗീകരിക്കുമ്പോൾ കണക്കുകളുമായി ബന്ധപ്പെട്ട രേഖകളും രജിസ്റ്ററുകളും ഫയലുകളും കൃത്യമായി സൂക്ഷിക്കുന്നുണ്ടോയെന്നും ആവശ്യമായ രേഖപ്പെടുത്തലുകൾ വരുത്തുന്നുണ്ടോയെന്നും കൃത്യമായ ഉത്തരവുകളുടെയും രേഖകളുടെയും അടിസ്ഥാനത്തിലാണ് തുക ചെലവഴിക്കുന്നതെന്നും ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി ഉറപ്പുവരുത്തേണ്ടതാണ്.

5) അമ്പത് ലക്ഷത്തിലധികം രൂപ ചെലവഴിച്ച് നിർമ്മിച്ച പുളിയൂൽ പട്ടികജാതി കോളനി സംസ്കാരിക തൊഴിൽ പരിശീലനകേന്ദ്രം പ്രവർത്തനമാരംഭിക്കുന്നതിന് സത്വരനടപടി സ്വീകരിക്കേണ്ടതാണ്.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

പെർഫോമൻസ് ഓഡിറ്റിന്റെ ഭാഗമായുള്ള ഏറ്റവും ഒടുവിലത്തെ (ഡിസംബർ 2021,) റൂട്ടീൻ ഓഡിറ്റ് റിപ്പോർട്ട് പ്രകാരം 2021 സെപ്റ്റംബർ മാസം മുതലുള്ള 19 ആക്ഷൻ പോയിന്റുകളിൽ നടപടി സ്വീകരിച്ച് തീർപ്പാക്കുവാൻ ബാക്കിയുണ്ട്.അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് റിപ്പോർട്ടിലെ 12 തടസ്സങ്ങൾ തീർപ്പാക്കുവാൻ ബാക്കിയുണ്ട്.

## 1-11 മലബാർ ഫർണ്ണിച്ചർ കൺസോർഷ്യം പ്രൈവറ്റ് ലിമിറ്റഡ് എന്ന സ്ഥാപനത്തിന്റെ വസ്തുനികുതി നിർണ്ണയം പുനഃപരിശോധനക്ക് വിധേയമാക്കേണ്ടതാണ്.

ജില്ലാവ്യവസായ കേന്ദ്രം ജനറൽ മാനേജറുടെ 3.6.2016 തീയതിയിലെ സി19/6939/2008 നമ്പർ കത്ത് പ്രകാരം മലബാർ ഫർണ്ണിച്ചർ കൺസോർഷ്യം പ്രൈവറ്റ് ലിമിറ്റഡ് എന്ന സ്ഥാപനം മൈക്രോ ആന്റ് മീഡിയം എന്റർപ്രൈസസ് ഡെവലപ്പ്മെന്റ് ആക്ട് 2006 ന്റെ പരിധിയിൽ വരുന്ന വ്യവസായ സ്ഥാപനമായതിനാൽ ടി സ്ഥാപനങ്ങൾക്ക് ബാധകമായ സ്ക്വയർ ഫീറ്റിന് 15 മുതൽ 25 രൂപ നിരക്കിൽ കെട്ടിടനികുതി ഈടാക്കാമെന്ന് അറിയിച്ചതിന്റെ അടിസ്ഥാനത്തിൽ 5176.22 $M^2$ വിസ്തീർണ്ണമുള്ള മേൽ സ്ഥാപനത്തിന് സ്ക്വയർ ഫീറ്റിന് 15 രൂപ നിരക്കിൽ നികുതി നിർണ്ണയിച്ചിട്ടുണ്ട്(2016-17 മുതൽ). മൈക്രോ, സ്മോൾ ആന്റ് മീഡിയം എന്റർപ്രൈസസ് ഡെവലപ്പ്മെന്റ് ആക്ട് 2006 ന്റെ പരിധിയിൽ വരുന്ന വ്യവസായ സ്ഥാപനത്തിന്റെ മൂലധനനിക്ഷേപം 10 കോടിയിൽ താഴെയായിരിക്കണം. മലബാർ ഫർണ്ണിച്ചർ കൺസോർഷ്യം പ്രൈവറ്റ് ലിമിറ്റഡ് എന്ന സ്ഥാപനം 2020-21 വർഷം ലൈസൻസ് പുതുക്കാനായി സമർപ്പിച്ച അപേക്ഷയിൽ മൂലധനനിക്ഷേപം 11.2 കോടിയാണ് രേഖപ്പെടുത്തിയിട്ടുള്ളത്. 01.06.2020 തീയതിയിലെ SO. 1702(E) നമ്പർ ഗസറ്റ് വിജ്ഞാപന പ്രകാരം 01.07.2020 മുതൽ മീഡിയം എന്റർപ്രൈസസിന്റെ മൂലധനം 50 കോടിയായി ഭേദഗതി വരുത്തിയിട്ടുണ്ടെങ്കിലും 06/2020 വരെയുള്ള കാലയളവിൽ ഈടാക്കിയ വസ്തുനികുതിയിൽ പുനഃപരിശോധന നടത്തേണ്ടതാണ്.

## 1-12 തൊഴിൽനികുതി ഡിമാന്റ് ചെയ്യുന്നതിലെയും ചുമത്തുന്നതിലെയും അപാകങ്ങൾ

1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 204 പ്രകാരം ഒരു അർദ്ധ വർഷത്തിൽ മൊത്തം 60 ദിവസത്തിൽ കുറയാതെ ആ ഗ്രാമപഞ്ചായത്ത് പ്രദേശത്ത് ഒരു തൊഴിലിലോ കലയിലോ ജോലിയിലോ ബിസിനസിലോ ഏർപ്പെട്ടിട്ടുണ്ടെങ്കിൽ അല്ലെങ്കിൽ പൊതുവായ/സ്വകാര്യമായ ഉദ്യോഗം വഹിക്കുന്നതോ ആയ ഏതൊരാളുടേയും മേൽ തൊഴിൽ നികുതി ചുമത്തേണ്ടതാണ്. തൊഴിൽനികുതിയുമായി ബന്ധപ്പെട്ട അപാകങ്ങൾ ചുവടെ ചേർക്കുന്നു.

1. തൊഴിൽനികുതി രജിസ്റ്റർ പ്രകാരം താഴെ പരാമർശിച്ച സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽനികുതി ഈടാക്കിയിട്ടില്ല

| ക്രമ നമ്പർ | സ്ഥാപനം | അർദ്ധവർഷം |
|---|---|---|
| 1 | ബ്രാഞ്ച് പോസ്റ്റ് ഓഫീസ് , കാഞ്ഞിരങ്ങാട് | II |
| 2 | കുറ്റ്യേരി ക്ഷീരസംഘം | II |
| 3 | ജെം സ്റ്റോൺ ക്രഷർ | II |
| 4 | മഹേശ്വര പ്ലൈവുഡ് | II |
| 5 | സുൽത്താൻ ഫർണ്ണിച്ചർ | I, II |
| 6 | ന്യൂ സുരഭി സോപ്പ് വർക്ക്സ് | I, II |
| 7 | ബസ്ത റിന്യൂവബിൾ എനർജി പ്രൈ. ലിമിറ്റഡ് | II |
| 8 | വാജി ഫുഡ്, ചെനയന്നൂർ | I, II |
| 9 | അനിത ടിമ്പർ വർക്ക്സ് | I, II |
| 10 | കാൾ ജോൺസ് കളക്ഷൻസ്, കുപ്പം | I,II |
| 11 | കരിശ്ശുംമൂട്ടിൽ ഏജൻസീസ് | I, II |
| 12 | മലബാർ അഗ്രോ ഫ്യൂവൽസ്, കാഞ്ഞിരങ്ങാട് | I, II |

| | | |
|---|---|---|
| 13 | ഗ്രാനൈറ്റ് ജില്ലി ഇൻഡസ്ട്രീസ്, നെല്ലിപ്പറമ്പ | I, II |
| 14 | ലത വുഡ് | I, II |
| 15 | ഫാൽക്കൻ ഓട്ടോമൊബൈൽ, കാഞ്ഞിരങ്ങാട് | I, II |
| 16 | തവക്കൽ സ്റ്റോർ ,ചെനയന്നൂർ | I,II |
| 17 | ന്യൂ തവക്കൽ സ്റ്റോർ | I, II |
| 18 | ഹാമർ ടൈം റെന്റ് എ ടൂൾ | I, II |
| 19 | നിക്കോ ലോജിസ്റ്റിക്സ് | II |

മേൽ സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതി, സ്ഥാപന തൊഴിൽ നികുതി(ബാധകമായിട്ടുളളവയിൽ നിന്നും) എന്നിവ ഈടാക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരം ലഭ്യമാക്കുന്നതിനായി നൽകിയ ഓഡിറ്റ് അന്വേഷണത്തിന്(5/20.05.2022) മറുപടി ലഭ്യമാക്കിയിട്ടില്ല. 2020-21 ഡിമാന്റ് രജിസ്റ്ററിൽ 31-03-2021 ന് മേൽപട്ടികപ്രകാരമുള്ള സ്ഥാപനങ്ങൾക്ക് ബാധകമായ തുക കുടിശ്ശിക ഡിമാന്റായി ഉൾപ്പെടുത്തിയിട്ടുമില്ല.
2.ലൈസൻസ്ഡ്ബിൽഡിംഗ് സൂപ്പർവൈസർമാർ,പഞ്ചായത്തിൽ 2020-21 വർഷം മരാമത്തു പ്രവൃത്തിയിൽ ഏർപ്പെട്ടിട്ടുള്ള കോൺട്രാക്ടർമാർ എന്നിവരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല
മേൽ സ്ഥാപനങ്ങളിൽ നിന്നും/ജീവനക്കാരിൽ നിന്നും ചട്ടപ്രകാരമുള്ള തൊഴിൽ നികുതി ഈടാക്കി അറിയിക്കേണ്ടതാണ്.

## 1-12-1 സ്ഥാപനതൊഴിൽ നികുതി ഈടാക്കിയിട്ടില്ല

തൊഴിൽനികുതി രജിസ്റ്റർ പ്രകാരം താഴെ പറയുന്ന സ്ഥാപനങ്ങളിൽ നിന്നും 2020-21 വർഷം സ്ഥാപന തൊഴിൽനികുതി ഈടാക്കിയിട്ടില്ല.

| ക്രമ നമ്പർ | സ്ഥാപനം | അർദ്ധവർഷം |
|---|---|---|
| 1 | പരിയാരം ചകിരി വ്യവസായ സഹകരണസംഘം | II |
| 2 | ക്ഷീരസഹകരണസംഘം | II |
| 3 | കുറ്റ്യേരി സർവ്വീസ് സഹകരണ ബാങ്ക് , വെള്ളാവ് ബ്രാഞ്ച് | II |
| 4 | കുറ്റ്യേരി സർവ്വീസ് സഹകരണ ബാങ്ക് , കാഞ്ഞിരങ്ങാട് ബ്രാഞ്ച് | II |
| 5 | കുറ്റ്യേരി സർവ്വീസ് സഹകരണ ബാങ്ക് , തലോറ ബ്രാഞ്ച് | II |
| 6 | കുറ്റ്യേരി സർവ്വീസ് സഹകരണ ബാങ്ക് , കാർക്ക ബ്രാഞ്ച് | II |
| 7 | കുറ്റ്യേരി സർവ്വീസ് സഹകരണ ബാങ്ക് , പുഷ്പഗിരി ബ്രാഞ്ച് | II |
| 8 | ഇരിങ്ങൽ ക്ഷീരസഹകരണ സംഘം | II |

മേൽ സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കുന്നതിനായി നൽകിയ ഓഡിറ്റ് അന്വേഷണത്തിന്(5/20.05.2022) മറുപടി ലഭ്യമാക്കിയിട്ടില്ല. കുറഞ്ഞ നിരക്കിൽ വരുമാനം രേഖപ്പെടുത്തിയ തൊഴിൽ നികുതി റിട്ടേണുകൾ പരിശോധിച്ച് തിരുത്തൽ നടപടികൾ സ്വീകരിക്കുന്നതിൽ സ്ഥാപനതലത്തിൽ ഏർപ്പെടുത്തിയ സംവിധാനം ഫലപ്രദമായ രീതിയിൽ പ്രവർത്തിക്കുന്നില്ലെന്ന് കാണുന്നു. ഉദാ:ബാങ്കിംഗ് സ്ഥാപനമായ കുറ്റ്യേരി സർവീസ് സഹകരണബാങ്കിന്റെ കുറ്റ്യേരി, കാർക്ക, തലോറ, പുഷ്പഗിരി എന്നീ ശാഖകളിൽ നിന്ന് കേവലം 300/-രൂപ വീതവും വെള്ളാവ് ശാഖയിൽ നിന്ന് 750/-രൂപയും മാത്രമാണ് സ്ഥാപനതൊഴിൽനികുതിയിനത്തിൽ ഈടാക്കിവരുന്നത്. 2020-21 ഒന്നാം അർദ്ധവർഷവും ഇതേ നിരക്കിൽ തന്നെയാണ് ഈടാക്കിയിട്ടുള്ളത്. പരമാവധി തൊഴിൽനികുതി (1250/-രൂപ) ഡിമാന്റ് ചെയ്യുന്നതിനുള്ള വരുമാനം ബാങ്കിംഗ് സ്ഥാപനങ്ങൾക്ക് ഉണ്ടായിരിക്കെ കുറഞ്ഞനിരക്കിൽ വരുമാനം രേഖപ്പെടുത്തിയ റിട്ടേണിന്റെ അടിസ്ഥാനത്തിൽ തൊഴിൽ നികുതി വാങ്ങുന്നത് വഴി ഗ്രാമപഞ്ചായത്തിന് വരുമാനനഷ്ടമുണ്ടാകുന്നുണ്ട്. സമാനമായി മറ്റ് സ്ഥാപനങ്ങളുടെ സംഗതിയിലും ഇത്തരം വീഴ്ചകൾ ഉണ്ടാകാനിടയുണ്ട്. ആയത് പരിശോധനയ്ക്ക്

വിധേയമാക്കേണ്ടതാണ്.

### 1-12-2 ടി.ടി കെ ദേവസ്വം ജീവനക്കാരിൽ നിന്നും തൊഴിൽനികുതി ഡിമാന്റ് ചെയ്യുകയോ നികുതി ഈടാക്കുകയോ ചെയ്തിട്ടില്ല

കാഞ്ഞിരങ്ങാട് ശ്രീ വൈദ്യനാഥക്ഷേത്രം ഉൾപ്പെടെയുള്ള മലബാർ ദേവസ്വം ബോർഡിന് കീഴിലുള്ള ക്ഷേത്രങ്ങളിലെ ജീവനക്കാരിൽ നിന്ന് 2020-21 വർഷം തൊഴിൽനികുതി ഡിമാന്റ് ചെയ്യുകയോ നികുതി ഈടാക്കുകയോ ചെയ്തിട്ടില്ല. ടി.ടി കെ ദേവസ്വം ജീവനക്കാരിൽ നിന്നും 2017-18 വർഷം ഈടാക്കിയ തൊഴിൽനികുതിയുടെ വിവരം ചുവടെ ചേർക്കുന്നു

| അർദ്ധവർഷം | ചെക്ക് നമ്പർ/തീയതി | തുക |
|---|---|---|
| ഒന്നാം അർദ്ധവർഷം | 12228/26.09.2017 | 11650 |
| രണ്ടാം അർദ്ധവർഷം | 6806/26.03.2018 | 11400 |
| | ആകെ | 23050 |

മുൻവർഷങ്ങളിൽ തൊഴിൽനികുതി ഈടാക്കിയ ജീവനക്കാരിൽ നിന്നും നികുതി ഈടാക്കാത്തതിനാൽ തൊഴിൽനികുതി ഇനത്തിൽ കുറവ് സംഭവിച്ചിട്ടുണ്ട്. നികുതി ഡിമാന്റ് ചെയ്യുന്നതിൽ വീഴ്ച സംബന്ധിച്ച് 2019-20 വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിൽ പരാമർശിച്ചിട്ടുണ്ട്. എന്നാൽ 2020-21 വർഷവും മേൽ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. മേൽ ജീവനക്കാരിൽ നിന്നും ചട്ടപ്രകാരമുള്ള തൊഴിൽ നികുതി ഈടാക്കി അറിയിക്കേണ്ടതാണ്.

### 1-13 എഫ്.ടി. ഇ & ഒ.എസ് ലൈസൻസ് ചുമത്തുന്നതിലെ അപാകങ്ങൾ

31.10.2017 ലെ ജി.ഒ.(പി) 80/2017 പ്രകാരം ഭേദഗതി വരുത്തിയ 1996 ലെ കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും കച്ചവടങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ പ്രകാരം സ്ഥാപനങ്ങളെ അവയുടെ മൂലധനനിക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ മൈക്രോ, മിനി, സ്മോൾ, മീഡിയം, ലാർജ്ജ് എന്റർപ്രൈസുകളായി തരം തിരിച്ച് ഓരോന്നിനും ബാധകമായ (പട്ടിക 2 ൽ പ്രതിപാദിച്ച പ്രകാരമുള്ള) ലൈസൻസ് ഫീസാണ് ഈടാക്കേണ്ടത്.

ഗ്രാമപഞ്ചായത്ത് ഭരണ സമിതിയുടെ 23.05.2018 തീയതിയിലെ 32/18 നമ്പർ തീരുമാനപ്രകാരം അംഗീകരിച്ച ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റിയുടെ 11.05.2018 തീയതിയിലെ 32/2018 തീരുമാനപ്രകാരം താഴെപറയും പ്രകാരം ലൈസൻസ് ഫീസ് ഈടാക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്.

| ക്രമ നമ്പർ | സ്ഥാപനത്തിന്റെ വിഭാഗം | ലൈസൻസ് ഫീസ് |
|---|---|---|
| 1 മൈക്രോ എന്റർപ്രൈസസ് | | |
| മേഖല | മൂലധനനിക്ഷേപം | |
| ഉത്പാദന മേഖല | 5 ലക്ഷം വരെ , കുടുംബശ്രീ യൂണിറ്റുകൾ | 200 |
| | 5 ലക്ഷം വരെ, മറ്റുള്ളവ | 300 |
| | 5 ലക്ഷത്തിനുമുകളിൽ 10 ലക്ഷം വരെ | 400 |

| | | |
|---|---|---|
| | 10 ലക്ഷത്തിനുമുകളിൽ 25 ലക്ഷം വരെ | 500 |
| സേവന മേഖല | 2 ലക്ഷം വരെ | 200 |
| | 2 ലക്ഷത്തിനുമുകളിൽ 5 ലക്ഷം വരെ | 300 |
| | 5 ലക്ഷത്തിനുമുകളിൽ 10 ലക്ഷം വരെ | 500 |
| 2 മിനി എന്റർപ്രൈസസ് | | |
| മേഖല | മൂലധനനിക്ഷേപം | |
| ഉത്പാദന മേഖല | 25 ലക്ഷം രൂപയിൽ കൂടുതലും 1കോടി രൂപയിൽ കവിയാത്തതും | 1000 |
| സേവന മേഖല | 10 ലക്ഷം രൂപയിൽ കൂടുതലും 50 ലക്ഷം രൂപയിൽ കവിയാത്തതും | |
| 3 സ്മോൾ എന്റർപ്രൈസസ് | | |
| മേഖല | മൂലധനനിക്ഷേപം | |
| ഉത്പാദന മേഖല | 1കോടി രൂപയിൽ കൂടുതലും 5കോടി രൂപയിൽ കവിയാത്തതും | 5000 |
| സേവന മേഖല | 50 ലക്ഷം രൂപയിൽ കൂടുതലും 2കോടി രൂപയിൽ കവിയാത്തതും | |
| 4 മീഡിയം എന്റർപ്രൈസസ് | | |
| മേഖല | മൂലധനനിക്ഷേപം | |
| ഉത്പാദന മേഖല | 5കോടി രൂപയിൽ കൂടുതലും 10കോടി രൂപയിൽ കവിയാത്തതും | 5000 |
| സേവന മേഖല | 2കോടി രൂപയിൽ കൂടുതലും 5 കോടി രൂപയിൽ കവിയാത്തതും | 10000 |
| 5 ലാർജ്ജ് എന്റർപ്രൈസസ് | | |
| മേഖല | മൂലധനനിക്ഷേപം | |
| ഉത്പാദന മേഖല | 10കോടി രൂപയിൽ കൂടുതൽ | 5000 |
| സേവന മേഖല | 5കോടി രൂപയിൽ കൂടുതൽ | 10000 |

എന്നാൽ ഓഡിറ്റ് വർഷം എല്ലാ സ്ഥാപനങ്ങളിൽ നിന്നും ഭരണസമിതി തീരുമാന പ്രകാരമുള്ള ലൈസൻസ് ഫീസല്ല ഈടാക്കിയിട്ടുള്ളത്. ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| സ്ഥാപനം/മേഖല | വാർഡ് നം/കെട്ടിട നമ്പർ | ഉടമസ്ഥന്റെ പേര് | മൂലധനനിക്ഷേപം | | ഈടാക്കിയ തുക/ രശീത് നം, തീയതി | ഈടാക്കേണ്ട തുക (ഭരണസമിതി തീരുമാന പ്രകാരം) |
|---|---|---|---|---|---|---|
| | | | അപേക്ഷ പ്രകാരം | അന്വേഷണ റിപ്പോർട്ട് പ്രകാരം | | |
| ടയർ റീസോളിംഗ്/ സേവനമേഖല | 5/177 A | ദിവാകരൻ എ | 10 ലക്ഷം | 25 ലക്ഷത്തിനു മുകളിൽ | 2000, 119020110378/ 11.03.2020 | 1000 |
| ഫർണ്ണിച്ചർ നിർമ്മാണം, വിൽപ്പന/ സേവനമേഖല | 3/501 | പി കെ ജമീല | 45 ലക്ഷം | രേഖപ്പെടുത്തിയിട്ടില്ല | 3000,109020110641/ 20.03.2020 | 1000 |

| | | | | | | |
|---|---|---|---|---|---|---|
| പെയിന്റ് നിർമ്മാണം/ ഉൽപ്പാദന മേഖല | 6/185 | എസ് എ പി നവാസ് | 6 ലക്ഷം | 50 ലക്ഷം- 1 കോടി | 3000, 120020101414/ 21.07.2020 | 1000 |
| ഫർണ്ണിച്ചർ നിർമ്മാണം/ ഉൽപ്പാദന മേഖല | 17/219 A | സി അബ്ദുൾ കരീം | 11.64 കോടി | 11.64 കോടി | 15000, 120020103377/ 6.11.2020 | 5000 |

ലൈസൻസ് ഫീസ് ഈടാക്കുന്നത് സംബന്ധിച്ച ഭരണസമിതി തീരുമാനത്തിന്റേയും സർക്കാർ ഉത്തരവിന്റെയും നിലവിൽ ഈടാക്കി വരുന്ന ഫീസിന്റെയും അടിസ്ഥാനത്തിൽ പുന:പരിശോധന നടത്തേണ്ടതാണ്.

2. താഴെപറയുന്ന സ്ഥാപനത്തിൽ നിന്നും ലൈസൻസ് ഫീസ് കുറവായാണ് ഈടാക്കിയിട്ടുള്ളത്.

| സ്ഥാപനം/മേഖല | വാർഡ് നം/കെട്ടിട നമ്പർ | ഉടമസ്ഥന്റെ പേര് | മൂലധനനിക്ഷേപം | | ഈടാക്കിയ തുക/ രശീത് നം,തീയതി | ഈടാക്കേണ്ട തുക (ഭരണസമിതി തീരുമാന പ്രകാരം) |
|---|---|---|---|---|---|---|
| | | | അപേക്ഷ പ്രകാരം | അന്വേഷണ റിപ്പോർട്ട് പ്രകാരം | | |
| ഡയാലിസിസ് യൂണിറ്റ് ,ക്ലിനിക്കൽ ലാബ്/ സേവനമേഖല | 16/74 A To E | എസ് മുഹമ്മദ്, സി എച്ച് മുഹമ്മദ്കോയ മെമ്മോറിയൽ ചാരിറ്റബിൾ ട്രസ്റ്റ് | രേഖപ്പെടുത്തിയിട്ടില്ല | 1 കോടി വരെ | 3000, 120020100974/ 29.06.2020 | 5000 |

3. താഴെപറയുന്ന സ്ഥാപനങ്ങളിൽ നിന്നും മോട്ടോർ റണ്ണിംഗ് ഫീസ് ( Permit Fee For Running Machinery) ഈടാക്കിയിട്ടില്ല

| ക്രമ നമ്പർ | സ്ഥാപനം | വാർഡ് നം/കെട്ടിട നമ്പർ | ഉടമസ്ഥന്റെ പേര് | യന്ത്രത്തിന്റെ കുതിരശക്തി | ഈടാക്കേണ്ട ഫീസ് (പട്ടിക 3 പ്രകാരം) | ലൈസൻസ് അനുവദിച്ച തീയതി |
|---|---|---|---|---|---|---|
| 1 | പശ നിർമ്മാണം | 5/253 | പി പി മൊയ്തീൻകുട്ടി | 18 | 200 | 03.03.2020 |
| 2 | സിമന്റ് കട്ട നിർമ്മാണം | 18/650 C | മീത്തലെപുരയിൽ മൊയ്തീൻ | 12 | 200 | 03.08.2020 |
| 3 | ചകിരി നിർമ്മാണം | 14/379 | പരിയാരം യന്ത്രവൽകൃത ചകിരി സഹ. സംഘം | 66.5 | 1000 | 27.03.2021 |
| 4 | സോമിൽ | 18/652 A | സൈഫുദ്ദീൻ | 56 | 1000 | 31.03.2021 |
| 5 | ഫർണ്ണിച്ചർ നിർമ്മാണം | 17/219 A | സി അബ്ദുൾ കരീം | 761 | 7610 | 06.11.2020 |
| | | | ആകെ | | 10010 | |

ഗ്രാമപഞ്ചായത്തിൽ പുതിയ വ്യവസായ സ്ഥാപനങ്ങൾക്ക് ലൈസൻസ് അനുവദിക്കുമ്പോൾ ഇൻസ്റ്റലേഷൻ ഫീസ് വാങ്ങുന്നുണ്ടെങ്കിലും ലൈസൻസ് ചട്ടങ്ങൾ ചട്ടം 18 പ്രകാരമുള്ള മോട്ടോർ റണ്ണിംഗ് ഫീസ് ഈടാക്കിയിട്ടില്ല. മേൽ

സ്ഥാപനങ്ങളിൽ ക്രമനമ്പർ – 5 ലെ സ്ഥാപനം 2020-21 വർഷം പുതുതായി ആരംഭിച്ചതാണ്.പ്രസ്തുത സ്ഥാപനത്തിൽ നിന്നും ഇൻസ്റ്റലേഷൻ ഫീസ് വാങ്ങിയിട്ടുണ്ടെങ്കിലും മോട്ടോർ റണ്ണിംഗ് ഫീസ് (Permit Fee For Running Machinery)ഈടാക്കിയിട്ടില്ല. മോട്ടോർ റണ്ണിംഗ് ഫീസിനത്തിൽ 7610/-രൂപ ഈടാക്കാതെ ലൈസൻസ് അനുവദിച്ചത് ക്രമപ്രകാരമല്ല. 2020-21, 2021-22 സാമ്പത്തിക വർഷത്തിൽ പുതിയ വ്യവസായ സ്ഥാപനങ്ങൾക്കുള്ള ലൈസൻസ് , മോട്ടോർ റണ്ണിംഗ് ഫീസ് ഈടാക്കാതെ അനുവദിച്ചത് സംബന്ധിച്ച് മറുപടി ലഭ്യമാക്കേണ്ടതാണ്.

4. താഴെപറയുന്ന സ്ഥാപനങ്ങളിൽ നിന്നും മോട്ടോർ റണ്ണിംഗ് ഫീസ് കുറവായാണ് ഈടാക്കിയത്

| ക്രമ നമ്പർ | സ്ഥാപനം | വാർഡ് നം/കെട്ടിട നമ്പർ | ഉടമസ്ഥന്റെ പേര് | യന്ത്രത്തിന്റെ കുതിരശക്തി | ഈടാക്കേണ്ട ഫീസ് (പട്ടിക 3 പ്രകാരം) | ഈടാക്കിയ ഫീസ്, രശീതി നമ്പർ/തീയതി | കുറവ് |
|---|---|---|---|---|---|---|---|
| 1 | പ്ലൈവുഡ് നിർമ്മാണം | 4/503-506 | പി ബഷീർ | 148 | 2000 | 1000/120020100011 /11.8.2020 | 1000 |
| 2 | ഈർച്ചമിൽ | 14/632 | ഗംഗാധരൻ | 46.5 | 500 | 400, 120020105583/ 15.01.2021 | 100 |
| 3 | മരമിൽ | 18/3223 A | ഉണൈസ് | 53 | 1000 | 500, 120020107532/27.2.21 | 500 |
| 4 | ഫർണ്ണിച്ചർ നിർമ്മാണം | 14/86 | ദേവദാസൻ പി വി | 7 1/2 | 100 | 50, 20020102435. 01.10.2020 | 50 |
| | | | | | ആകെ | | 1650 |

മേൽ അപാകങ്ങൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (16/21.05.2022)മറുപടി ലഭ്യമാക്കിയിട്ടില്ല. കുറവ് വന്ന 11660/- രൂപ (10010 + 1650) ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

## 1-14 ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല.

ഗ്രാമപഞ്ചായത്ത് പ്രദേശത്ത് പ്രവർത്തിക്കുന്ന മുഴുവൻ വ്യാപാരസ്ഥാപനങ്ങളുടെയും നടത്തിപ്പുകാരുടെയും വിവരങ്ങളടങ്ങിയ പട്ടിക (ട്രേഡേഴ്സ് ലിസ്റ്റ്) വാർഡ് തിരിച്ച് എഴുതി തയ്യാറാക്കി സൂക്ഷിക്കേണ്ടതുണ്ട്. പഞ്ചായത്തിൽ ഇപ്രകാരമുള്ള ലിസ്റ്റ് തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല. ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കാത്തതിനാൽ പഞ്ചായത്ത് പരിധിയിലെ എല്ലാ സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതി കൃത്യമായി ഡിമാന്റ് ചെയ്യുന്നുണ്ടെന്ന് ഉറപ്പുവരുത്താൻ സാധിക്കില്ല.

ഫീൽഡ് തല പരിശോധന നടത്തി പൂർണ്ണവും കുറ്റമറ്റതുമായ ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കി തൊഴിൽ നികുതി, ലൈസൻസ് എന്നീ വരവിനങ്ങളിലെ വരുമാനചോർച്ച ഒഴിവാക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

## 1-15 തനത് ഫണ്ട് പലിശരഹിത അക്കൗണ്ടിൽ സൂക്ഷിക്കുന്നത് - പലിശയിനത്തിൽ വരുമാന നഷ്ടമുണ്ടാകുന്നു.

ഗ്രാമപഞ്ചായത്തിൽ വസ്തുനികുതി ഇ-പേയ്മെന്റ്, ഇ-സാന്റ് അക്കൗണ്ടുകൾ കറന്റ് അക്കൗണ്ടുകളാണ്. വസ്തുനികുതി ഇ-പേയ്മെന്റ് അക്കൗണ്ടിൽ വരുന്ന തുക നിശ്ചിത ഇടവേളകളിൽ ഗ്രാമപഞ്ചായത്തിന്റെ സേവിംഗ്സ് ബാങ്ക് അക്കൗണ്ടിലേക്ക് മാറ്റേണ്ടതായിരുന്നു. തനത് വരുമാനം നിക്ഷേപിച്ച കറന്റ് അക്കൗണ്ടായ ഇ-സാൻഡ് അക്കൗണ്ടിലും തുക നീക്കിയിരിപ്പുണ്ട്. വിശദവിവരം ചുവടെ കൊടുക്കുന്നു.

| ബാങ്ക് വിവരം | നീക്കിയിരിപ്പ് | | |
|---|---|---|---|
| | 31-03-2020 | 31-03-2021 | 30-04-2022 |
| എസ് ബി ഐ തളിപ്പറമ്പ് ശാഖ (അക്കൗണ്ട് നമ്പർ - 00000036331440927 | 806363 | 433738 | 6343309 |
| സിൻഡിക്കേറ്റ് ബാങ്ക് (അക്കൗണ്ട് നമ്പർ - 42053070001677) | 85856 | 85712 | - |

ഗ്രാമ പഞ്ചായത്തിന്റെ വസ്തുനികുതി ഇ-പേയ്മെന്റ്, ഇ -സാന്റ് ഇനത്തിൽ വരുന്ന തുകകൾ സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ കറന്റ് അക്കൗണ്ടിലാണ് നിക്ഷേപിച്ച് വരുന്നതെന്നും സർക്കാറിൽ നിന്നുള്ള മറ്റ് ചില ഫണ്ടുകൾ ട്രഷറി അക്കൗണ്ടിൽ നിക്ഷേപിക്കുന്നതിന് പകരം ഗ്രാമ പഞ്ചായത്തിന്റെ കറന്റ് അക്കൗണ്ടിൽ തെറ്റായി നിക്ഷേപിച്ചത് കൊണ്ടാണ് എസ് ബി ഐ കറന്റ് അക്കൗണ്ടിൽ വലിയ തുക നീക്കിയിരിപ്പ് വന്നതെന്നും മാർച്ച് മാസം സാമ്പത്തിക വർഷാവസാനം അക്കൗണ്ടുകൾ തയ്യാറാക്കിയതിനു ശേഷമുള്ള സമയങ്ങളിലെ ശ്രദ്ധക്കുറവ് കാരണമാണ് മേൽ തുകകൾ സേവിംഗ്സ് അക്കൗണ്ടിലേക്ക് കൃത്യമായി മാറ്റാൻ പറ്റാതെ വന്നതെന്നും മേൽതുക സേവിംഗ്സ് അക്കൗണ്ടിലേക്ക് മാറ്റി അപാകങ്ങൾ പരിഹരിക്കുമെന്നുമാണ് ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (1/20-21, 18-05-22) സെക്രട്ടറി മറുപടി ലഭ്യമാക്കിയിട്ടുള്ളത്.

തനത് വരുമാനം യഥാസമയം സേവിംഗ്സ് ബാങ്ക് അക്കൗണ്ടിലേക്ക് മാറ്റാതെ പലിശരഹിത അക്കൗണ്ടിൽ നിലനിർത്തിയതിനാൽ പലിശയിനത്തിൽ ലഭിക്കേണ്ട വലിയ വരുമാനം ഗ്രാമ പഞ്ചായത്തിന് നഷ്ടമായിട്ടുണ്ട്. ഈ രീതിയിൽ പലിശരഹിത അക്കൗണ്ടിൽ നിലനിർത്തിയ ഗ്രാമപഞ്ചായത്ത് തനത് വരുമാനം സേവിംഗ്സ് ബാങ്ക് അക്കൗണ്ടിലേക്ക് മാറ്റുന്നതിന് അടിയന്തിര നടപടി സ്വീകരിക്കുന്നതിനായി ഇക്കാര്യം ഭരണ സമിതിയുടെ പ്രത്യേക ശ്രദ്ധയിൽപ്പെടുത്തുന്നു. തനത് വരുമാനം യഥാസമയം സേവിംഗ്സ് ബാങ്ക് അക്കൗണ്ടിലേക്ക് മാറ്റാതെ പലിശരഹിത അക്കൗണ്ടിൽ നിലനിർത്തിയത് വഴി വരുമാന നഷ്ടമുണ്ടായത് സംബന്ധിച്ച് തുടർനടപടികൾ സ്വീകരിക്കേണ്ടതുമാണ്.

## 1-16 ഇ -ടെണ്ടർ ചെയ്ത മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫീസ് ഗ്രാമപഞ്ചായത്തിന് ലഭിക്കുന്നതിലെ കാലതാമസം.തനത് വരുമാനമിനത്തിൽ ലഭിക്കേണ്ട 570888/-രൂപ നിഷ്ക്രിയമായി കിടക്കുന്നു.

28/9/13-ലെ ജി.ഒ (എം.എസ്) 318/2013/ത.സ്വ.ഭ.വ. ഉത്തരവ് പ്രകാരം ഇ-ടെണ്ടർ മുഖേന നടപ്പിലാക്കുന്ന മരാമത്ത് പ്രവൃത്തികളുടെ ഇ.എം.ഡി, ടെണ്ടർ ഫീ എന്നിവ ഓൺലൈൻ ആയി ഒടുക്കുന്നതിന് ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എൻജിനീയറുടെ പേരിൽ സീറോ ബാലൻസ് അക്കൗണ്ട് ആരംഭിക്കുന്നതിനും, ഗ്രാമപഞ്ചായത്തുകളിൽ നടപ്പിലാക്കുന്ന മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫീ പ്രസ്തുത അക്കൗണ്ടിൽ ഒടുക്കുവാനും നിർദ്ദേശിച്ചിരുന്നു. ഇപ്രകാരം ക്രെഡിറ്റ് ചെയ്യപ്പെട്ട ടെണ്ടർ ഫീയിനത്തിലെ തുക ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എൻജിനീയറുടെ അക്കൗണ്ടിൽ നിന്നും ഗ്രാമപഞ്ചായത്ത് അക്കൗണ്ടിലേക്ക് ലഭിച്ചിട്ടില്ല. ഇ-ടെണ്ടർ നടപടികൾ ആരംഭിച്ച വർഷം മുതലുള്ള തുകകൾ ഗ്രാമപഞ്ചായത്തിന് ലഭിക്കേണ്ടതുണ്ട്. ഗ്രാമപഞ്ചായത്തിന്റെ തനത് വരുമാനമാണിത്. അസിസ്റ്റന്റ് എൻജിനീയർ നടപ്പിലാക്കിയ പ്രവൃത്തികൾക്ക് ഇ-ടെണ്ടർ നടപടികൾ ആരംഭിച്ച 2015-16 വർഷം മുതൽ 2020-21 വർഷം വരെ കരാറുകാർ ടെണ്ടർ ഫീ ഇനത്തിൽ ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിലേക്ക് ഒടുക്കിയ തുകയുടെ വിശദവിവരം ചുവടെ കൊടുക്കുന്നു.

| വർഷം | ഇ-ടെണ്ടർ ഫീയിനത്തിൽ ഗ്രാമപഞ്ചായത്തിന് ലഭിക്കുവാനുള്ള തുക |
|---|---|

| | |
|---|---|
| 2015-16 | 33600 |
| 2016-17 | 126500 |
| 2017-18 | 54450 |
| 2018-19 | 118000 |
| 2019-20 | 142958 |
| 2020-21 | 95380 |
| | 570888 |

സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയിൽ അസിസ്റ്റന്റ് എൻജിനീയറുടെ പേരിൽ ഔദ്യോഗിക മേൽവിലാസത്തിൽ ടെണ്ടർ ഫീ ലഭിക്കുന്നതിനായി ഒരു കറന്റ് അക്കൗണ്ട് (38960012047) ആരംഭിച്ചിട്ടുണ്ടെങ്കിലും ടെണ്ടർ ഫീ ഇനത്തിൽ തുകയൊന്നും തന്നെ ഇതുവരെ ലഭിച്ചിട്ടില്ല. ടെണ്ടർ ഫീ ഇനത്തിൽ ലഭിക്കുവാനുള്ള 570888 ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എൻജിനീയറുടെ അക്കൗണ്ടിൽ നിന്നും ഗ്രാമപഞ്ചായത്തിന്റെ തനത് ഫണ്ടിലേക്ക് ലഭിക്കുന്നതിന് സത്വരനടപടി സ്വീകരിക്കേണ്ടതാണ്.

## 1-17 MGNREGS- ഓഫീസിലേക്ക് കമ്പ്യൂട്ടർ, പ്രിന്റർ, സ്റ്റേഷണറി വാങ്ങിയത് - സ്റ്റോക്ക് രജിസ്റ്റർ ഹാജരാക്കിയിട്ടില്ല - ₹92,633 തടസ്സപ്പെടുത്തുന്നു,

1. MGNREGS ഓഫീസിലേക്ക് ഒരു ഡെസ്ക്ക്ടോപ്പ് കമ്പ്യൂട്ടറും ഒരു A4 മൾട്ടി ഫങ്ഷൻ പ്രിന്ററും ലഭ്യമാക്കുന്നതിനായി 22001123/19.3.2021 നം. വൗച്ചർ പ്രകാരം ₹53,863 കെൽട്രോണിന് നൽകിയിട്ടുണ്ട്.

2. തൊഴിലുറപ്പ് പദ്ധതി അഡ്മിൻ ഫണ്ട് ഉപയോഗിച്ച് സ്റ്റേഷണറി വാങ്ങുന്നതിനായി 22001232/30.3.2021 നം. വൗച്ചർ പ്രകാരം ₹38770 ജനറൽ മാനേജർ, ഗ്രാമലക്ഷ്മി മുദ്രാലയത്തിന്റെ പേരിൽ നൽകിയിട്ടുണ്ട്. മേൽ പരാമർശിച്ച രണ്ട് തുകകളും സെക്രട്ടറി തനത് ഫണ്ടിൽ നിന്നാണ് അനുവദിച്ചിട്ടുള്ളത്.

പ്രസ്തുത സാധനങ്ങൾ ലഭിച്ചതിന്റെ സ്റ്റോക്ക് രജിസ്റ്റർ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. ആയത് പരിശോധനയ്ക്ക് ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം. 26/24.5.2022 ന് മറുപടി ലഭ്യമാക്കിയിട്ടില്ല.

മേൽ രേഖകളുടെ അഭാവത്തിൽ ചെലവ് തുകയായ ₹92,633 (53863+38770) തടസ്സപ്പെടുത്തുന്നു,

## 1-18 കണ്ടിജൻസി ചെലവുകൾക്ക് മുൻകൂർ അനുവദിക്കൽ - സർക്കാർ നിർദ്ദേശം പാലിക്കേണ്ടതാണ്.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| പ്രോജക്ട് നം. & പേര് | 32/2020 – 1, ഘടക സ്ഥാപനങ്ങൾക്കുള്ള മുൻകൂർ തുക അനുവദിക്കൽ |
| അടങ്കൽ | 200000 (MG-NR) |
| ചെലവ് | 200000 |
| BRN & തീയതി | 20190352007700198731/03.06.2020 |

ഘടക സ്ഥാപനങ്ങളുടെ വൈദ്യുതി ചാർജ്, ടെലഫോൺ ചാർജ്, വെള്ളക്കരം മുതലായ കണ്ടിജൻസി ചെലവുകൾക്കായി മെയിന്റനൻസ് ഗ്രാന്റിൽ (റോഡിതരം) നിന്നും മുൻകൂറായി തുക പിൻവലിച്ച് ഘടക സ്ഥാപന മേധാവികളുടെ TSB അക്കൗണ്ടുകളിലേയ്ക്ക് നൽകിയിട്ടുണ്ട്. സ്ഥാപനങ്ങൾക്ക് അനുവദിച്ച മുൻകൂറിന്റെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമനം. | നിർവഹണ ഉദ്യോഗസ്ഥൻ | അനുവദിച്ച മുൻകൂർ ₹ | ചെലവഴിച്ചത് ₹ | ബാലൻസ് ₹ |
|---|---|---|---|---|
| 1 | മെഡിക്കൽ ഓഫീസർ, പി എച്ച്സി | 70000 | 51571 | 18429 |
| 2 | മെഡിക്കൽ ഓഫീസർ, ആയുർവേദം | 25000 | 25000 | 0 |
| 3 | വെറ്ററിനറി സർജൻ | 15000 | 15000 | 0 |
| 4 | ഐസിഡിഎസ് സൂപ്പർവൈസർ | 80000 | 42942 | 37058 |
| 5 | കൃഷി ഓഫീസർ | 10000 | 10000 | 0 |

ഐസിഡിഎസ് സൂപ്പർവൈസർ ചെലവഴിക്കാതെ അവശേഷിച്ച 37058 രൂപ 10.8.2021 ന് സർക്കാരിലേയ്ക്ക് തിരിച്ചടച്ചിട്ടുണ്ട്. മെഡിക്കൽ ഓഫീസർ ലഭ്യമാക്കിയ ചെലവു രേഖകളും ക്യാഷ് ബുക്കുകളും പരിശോധിച്ചതിൽ 51571 രൂപയാണ് ചെലവ് ചെയ്തിട്ടുള്ളത്. ശേഷിച്ച 18429 രൂപ തുടർ മാസങ്ങളിൽ വിനിയോഗിച്ചിട്ടുണ്ട്.

ജി.ഒ(എം.എസ്) നം. 22/2018/എൽ.എസ്.ജി.ഡി തീ. 14.02.2018 ലെ ഖണ്ഡിക 8.8 പ്രകാരം സാമ്പത്തിക വർഷാരംഭത്തിൽ തന്നെ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ നിയന്ത്രണത്തിലുള്ള കൈമാറിക്കിട്ടിയ സ്ഥാപനങ്ങളുടെ മേധാവികൾ ഒരു വർഷത്തേക്കുള്ള കണ്ടിജൻസി ചെലവുകളുടേയും ഓഫീസ് ചെലവുകളുടെയും ആവശ്യത്തെ പട്ടിക തയ്യാറാക്കി തദ്ദേശ ഭരണ സ്ഥാപന സെക്രട്ടറിക്ക് നൽകണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. ഇപ്രകാരം പട്ടിക തയ്യാറാക്കാതെ കണ്ടിജൻസി ചെലവുകൾക്ക് മുൻകൂറായി തുക നൽകുന്നതിനാലാണ് വർഷാവസാനം തിരിച്ചടക്കുകയോ അടുത്ത സാമ്പത്തിക വർഷം ചെലവഴിക്കുകയോ ചെയ്യേണ്ടി വരുന്നത്. സർക്കാർ മാർഗ്ഗരേഖയ്ക്ക് അനുസൃതമായി മുൻകൂർ അനുവദിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-19 മഴക്കാല പൂർവശുചീകരണം - 95000 രൂപ യുടെ ചെലവ് രേഖകൾ ഹാജരാക്കിയിട്ടില്ല

2020-21 വർഷം മഴക്കാല പൂർവശുചീകരണത്തിനായി പഞ്ചായത്ത് സെക്രട്ടറി, പ്രാഥമികാരോഗ്യകേന്ദ്രം മെഡിക്കൽ ഓഫീസറുടെ
പേരിൽ ചുവടെ ചേർത്ത പ്രകാരം തുക അനുവദിച്ചിട്ടുണ്ട്.

| വൗച്ചർ നം | തുക |
|---|---|
| 22000195/9.6.2020 | ₹90000 |
| 22000717/24.12.2020 | ₹90000 |
| ആകെ | ₹1,80,000 |

ശുചിത്വ മിഷൻ, അസി.ഡെവലപ്പ്മെന്റ് കമ്മീഷണർ & ജില്ലാ കോർഡിനേറ്റർക്ക് പഞ്ചായത്ത് സെക്രട്ടറി അയച്ച വിനിയോഗ സാക്ഷ്യപത്രത്തിൽ വാർഡ് ഒന്നിന് ₹10000 പ്രകാരം അനുവദിച്ച ₹1,80,000 ൽ ₹1,60,000 ചെലവഴിച്ചതായും ₹20,000 ചെലവഴിക്കാതെ അവശേഷിക്കുന്നതായും പരാമർശിച്ചിട്ടുണ്ട്. VII, IX എന്നീ വാർഡുകളിൽ ഫണ്ട് ചെലവഴിച്ചിട്ടില്ല. ടി വാർഡുകളിൽ ശുചീകരണ പ്രവർത്തനങ്ങൾ നടത്താതിരിക്കാനുള്ള കാരണവും 1,60,000 രൂപയുടെ ചെലവ് വിവരങ്ങളും പരിശോധനയ്ക്ക് ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം. 27 തീയതി 24.5.2022 ന് 2021 മാർച്ച് മാസം പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ടെന്നും ആയതിന്റെ ചെലവ് 2021-22 വർഷം ഏപ്രിൽ മാസത്തിൽ നടത്തുകയും ചെയ്തിട്ടുണ്ടെന്നുമുള്ള മറുപടിയാണ് ലഭ്യമാക്കിയത്.

I,II,IV എന്നീ വാർഡുകളിലെ 30000 (10000x3) രൂപയുടേയും V,VI,VIII,X,XIV,XVII,XVIII എന്നീ വാർഡുകളിലെ 35000 (5000x7) രൂപയുടേയും ഉൾപ്പെടെ 65000 രൂപയുടെ ചെലവ് രേഖകൾ മാത്രമാണ് പരിശോധനയ്ക്ക് ലഭ്യമാക്കിയത് . ശേഷിച്ച 95000 രൂപയുടെ (160000 – 65000) ചെലവ് രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. ചെലവ് രേഖകളുടെ അഭാവത്തിൽ 95000 രൂപ തടസ്സപ്പെടുത്തുന്നു.

## 1-20 ഐ കെ എം വിഹിതം നൽകൽ - വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല

ഐ കെ എം വിഹിതം നൽകൽ എന്ന പദ്ധതിക്ക് (പ്രോജക്റ്റ് നം.02/2020-21) വികസന ഫണ്ടിൽ നിന്ന് 200000 (2015-16, 2019-20 വർഷങ്ങളിലെ കുടിശ്ശിക ഉൾപ്പെടെ) രൂപ നിർവഹണ ഉദ്യോഗസ്ഥനായ സെക്രട്ടറി പിൻവലിച്ച് (ബിൽ നം.201903200770028043/4.6.2020) ഐ കെ എം കൺട്രോളർ ഓഫ് അഡ്മിനിസ്ട്രേഷന്റെ പേരിലുള്ള അക്കൗണ്ടിലേക്ക് ക്രഡിറ്റ് ചെയ്തിട്ടുണ്ട്. എന്നാൽ തുകയുടെ വിനിയോഗ സാക്ഷ്യ പത്രം ലഭിച്ചിട്ടില്ല. ആയത് പരിശോധനയ്ക്ക് ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം.4 തീയതി 20.5.2022 ന് പ്രസ്തുത തുകയുടെ ധനവിനിയോഗ സാക്ഷ്യപത്രം ഐ കെ എം തയ്യാറാക്കി വരുന്നുണ്ടെന്നും ആയത് ഓഡിറ്റ് പൂർത്തിയാകുന്ന മുറയ്ക്ക് ലഭ്യമാക്കുന്നതാണെന്നും കൺട്രോളർ ഓഫ് അഡ്മിനിസ്ട്രേഷൻ അറിയിച്ചിട്ടുണ്ടെന്നുമുള്ള മറുപടിയാണ് ലഭ്യമാക്കിയത്. വിനിയോഗ സാക്ഷ്യപത്രം ലഭ്യമാകുന്ന മുറയ്ക്ക് പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

## 1-21 വൈദ്യുത തൂണുകൾ മാറ്റി സ്ഥാപിക്കൽ - വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല

| | |
|---|---|
| നിർവഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| പ്രോജക്റ്റിന്റെ പേര് / നം. | വിവിധ പ്രവൃത്തികൾക്ക് തടസ്സമായി നിൽക്കുന്ന വൈദ്യുത തൂണുകൾ മാറ്റി സ്ഥാപിക്കൽ<br>290/20-21 (Spill Over) |
| അടങ്കൽ | ₹86523 (തനത്ഫണ്ട്) |
| ചെലവ് | ₹21599 |
| വൗച്ചർ നം. & തീയതി | 22001032/27.2.2021 |

കരിമ്പം ഇലക്ട്രിക്കൽ സെക്ഷൻ പരിധിയിലെ നെല്ലിപ്പറമ്പ് - ക്വാറി റോഡ്, മാവിച്ചേരി - കോട്ടമൂല റോഡ് എന്നിവിടങ്ങളിലെ വൈദ്യുത തൂണുകൾ മാറ്റി സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട് അസിസ്റ്റന്റ് എഞ്ചിനീയർ (KSEB കരിമ്പം സെക്ഷൻ) ന് ₹21599 ട്രാൻസ്ഫർ ചെയ്തിട്ടുണ്ട്. പ്രസ്തുത പ്രവൃത്തി പൂർത്തിയായിട്ടുണ്ടെങ്കിൽ പൂർത്തീകരണ സാക്ഷ്യ പത്രവും വിനിയോഗ സാക്ഷ്യപത്രവും പരിശോധനയ്ക്ക് ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം.19/23.5.2022 ന് മറുപടി ലഭ്യമാക്കിയിട്ടില്ല.

## 1-22 സ്റ്റോക്ക് രജിസ്റ്റർ പരിപാലനം തൃപ്തികരമല്ല

ഗ്രാമ ലക്ഷ്മി മുദ്രാലയം, കഞ്ചിക്കോട് എന്ന സ്ഥാപനത്തിൽ നിന്നും 30.10.2020 ലെ PGT/GSTINV/1482/2020-21 നം. ഇൻവോയിസ് പ്രകാരം ടെണ്ടർ ഫോറം (250 എണ്ണം) , ലാന്റ് റിലിങ്ക്വിഷ്മെന്റ് ഫോറം (300 എണ്ണം), മെഷർമെന്റ് ബുക്ക് ( 50 Folio-100 എണ്ണം), മെഷർമെന്റ് ബുക്ക് ( 25 Folio-250 എണ്ണം), റൂൾഡ് ഓഫീസ് പ്ലെയിൻ രജിസ്റ്റർ ( 100 Page-10 എണ്ണം), റൂൾഡ് ഓഫീസ് പ്ലെയിൻ രജിസ്റ്റർ ( 200 Page-5 എണ്ണം) എന്നിവ വാങ്ങിയിട്ടുണ്ട്. ആയതിന് ₹25042 സെക്രട്ടറി (Vr.no.22000636/ 23.10.2020) അനുവദിച്ചിട്ടുണ്ട്. എന്നാൽ ടി സാധനങ്ങൾ ഇനം തിരിച്ച് സ്റ്റോക്കിൽ എടുത്തതിന്റേയോ വിതരണം ചെയ്തതിന്റേയോ നീക്കിയിരിപ്പ് എത്രയുണ്ടെന്നോ ഉള്ള വിവരങ്ങൾ രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല. ഗ്രാമ ലക്ഷ്മി മുദ്രാലയത്തിൽ നിന്നും ₹25042 സാധനങ്ങൾ ലഭിച്ചിട്ടുണ്ടെന്ന് മാത്രമാണ് രേഖപ്പെടുത്തിയത്. കൃത്യമായതും പൂർണ്ണമായതുമായ വിവരങ്ങൾ രജിസ്റ്ററിൽ രേഖപ്പെടുത്താത്തത് കാരണം സ്റ്റോക്കുകളുടെ കൃത്യത ഉറപ്പുവരുത്താൻ സാധിക്കുന്നില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം.22 /23.5.2022 ന് മറുപടി ലഭ്യമാക്കിയിട്ടില്ല.

വാങ്ങുന്ന സാധനങ്ങൾ സ്റ്റോക്ക് രജിസ്റ്ററിൽ ഉൾപ്പെടുത്തി വിതരണം ചെയ്യേണ്ടതും ആയത് അനുസരിച്ച് സ്റ്റോക്കിൽ കുറവ് വരുത്തി ഓരോ ഇനത്തിന്റേയും നീക്കിയിരിപ്പിന്റെ കൃത്യത ഉറപ്പു വരുത്തേണ്ടതുമാണ്.

## 1-23 സ്യൂട്ട് രജിസ്റ്റർ കാലികമാക്കിയിട്ടില്ല

കോടതി വ്യവഹാരങ്ങളെ സംബന്ധിച്ച സുപ്രധാനമായ രേഖയാണ് സ്യൂട്ട് രജിസ്റ്റർ. പഞ്ചായത്തിൽ പ്രസ്തുത രജിസ്റ്റർ സൂക്ഷിക്കുന്നുണ്ടെങ്കിലും കേസിന്റെ സ്വഭാവം, കേസിന്റെ പുരോഗതി, ജഡ്ജ്മെന്റ് വിവരങ്ങൾ, അപ്പീൽ സംബന്ധിച്ച വിവരങ്ങൾ, ഫീസ് നൽകിയതിന്റെ വിവരങ്ങൾ എന്നിവയൊന്നും രേഖപ്പെടുത്തിയിട്ടില്ല. ഉദാഹരണമായി തൻ വർഷം OS No.255/2009 (മുനിസിഫ് കോടതി, തളിപ്പറമ്പ്) നം. കേസുമായി ബന്ധപ്പെട്ട് വക്കീൽ ഫീസ് ഇനത്തിൽ ₹15008 നൽകിയിട്ടുണ്ട്. എന്നാൽ ടി വിവരം സ്യൂട്ട് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല. തീർപ്പാക്കാതെ അവശേഷിക്കുന്ന കേസുകളുടെ വിവരങ്ങൾ കൃത്യമായി രേഖപ്പെടുത്തി സെക്രട്ടറിയുടെ സാക്ഷ്യപ്പെടുത്തലോടുകൂടി കാലികമാക്കി സൂക്ഷിക്കേണ്ടതാണ്.

## 1-24 ഒറിജിനൽ ബില്ല് പ്രകാരം അനുവദിച്ച തുക താൽക്കാലിക രസീത് പ്രകാരവും നൽകി- ഭക്ഷ്യധാന്യങ്ങളുടെ വിലയിനത്തിൽ സിവിൽ സപ്ലൈസ് കോർപ്പറേഷന് 91656/-രൂപ അധികം നൽകി .

| | |
|---|---|
| നിർവ്വഹണോദ്യോഗസ്ഥൻ | ഐ സി ഡി എസ് സൂപ്പർവൈസർ |
| പ്രൊജക്ട് നമ്പർ | 65/21 |
| പ്രൊജക്ടിന്റെ പേര് | അങ്കണവാടി പോഷകാഹാരം |
| അടങ്കൽ | വികസനഫണ്ട് (പൊതുവിഭാഗം)- 1574779<br>വികസനഫണ്ട് (എസ് സി പി)-481686<br>കേന്ദ്രാവിഷ്കൃതഫണ്ട്-2943535<br>ആകെ-50,00,000 |
| ആകെ ചെലവ് തുക<br>( Gross Amount) | വികസനഫണ്ട് (പൊതുവിഭാഗം)- 1574779<br>വികസനഫണ്ട് (എസ് സി പി)-441302<br>കേന്ദ്രാവിഷ്കൃതഫണ്ട്-2919146<br>4935227 |
| വൗച്ചർ നമ്പർ/തീയതി | 1/29-06-2020<br>തുക-1574779 |

പ്രോജക്ട് നിർവഹണത്തിന്റെ ഭാഗമായി മേൽസൂചിപ്പിച്ച വൗച്ചർ പ്രകാരം വിവിധ ചെലവുകൾക്കായി അനുവദിച്ച തുകയിൽ നിന്ന് 9,40,629/-രൂപ കേരള സ്റ്റേറ്റ് സിവിൽ സപ്ലൈസ് കോർപ്പറേഷൻ ലിമിറ്റഡ്, തളിപ്പറമ്പ, താലൂക്ക് ഡിപ്പോക്ക് ഭക്ഷ്യധാന്യങ്ങൾ വാങ്ങിയ ഇനത്തിൽ നൽകിയിട്ടുണ്ട്. എന്നാൽ ഭക്ഷ്യധാന്യങ്ങൾ വാങ്ങിയ ഇനത്തിൽ ഒറിജിനൽ ഇൻവോയ്സ് പ്രകാരം അനുവദിച്ച താഴെപ്പറയുന്ന ഇനങ്ങൾക്ക് സപ്ലൈകോയുടെ തന്നെ താൽക്കാലികരസീത് പ്രകാരവും തുക അനുവദിച്ചതായി കാണുന്നു. സപ്ലൈകോയുടെ ഒറിജിനൽ ഇൻവോയ്സ് പ്രകാരമുള്ള ഇനങ്ങൾ മാത്രം സ്റ്റോക്ക് രജിസ്റ്ററിൽ ചേർത്തിട്ടുണ്ട്. വിശദവിവരം ചുവടെ കൊടുക്കുന്നു.

| ഇനങ്ങളുടെ വിവരം | സപ്ലൈകോയുടെ ഒറിജിനൽ ബില്ല് നമ്പർ | തുക (ജി എസ് ടി ഉൾപ്പെടെ) | താൽക്കാലിക രസീതിന്റെ വിവരം |
|---|---|---|---|
| കേര കോക്കനട്ട് ഓയിൽ 1ലിറ്റർ പൗച്ച്,248 എണ്ണം. | SUP/1303901/20/13 Issue No-20593 തീയതി 20-04-2020 | 48876 | നമ്പർ/തീയതി രേഖപ്പെടുത്താത്ത താൽക്കാലിക രസീത്, മാവേലി സ്റ്റോർ, ചുടല |
| ചെറുപയർ പ്രീമിയം 345 Kg | SUP/1303901/20/12 Issue No-20593 തീയതി 20-04-2020 | 42780 | നമ്പർ/തീയതി രേഖപ്പെടുത്താത്ത താൽക്കാലിക രസീത്, മാവേലി സ്റ്റോർ, ചുടല |
| ആകെ | | 91656 | |

മേൽസൂചിപ്പിച്ച പ്രകാരം കേരള സ്റ്റേറ്റ് സിവിൽ സപ്ലൈസ് കോർപ്പറേഷൻ ലിമിറ്റഡ്,തളിപ്പറമ്പ,താലൂക്ക് ഡിപ്പോക്ക് അധികം നൽകിയ 91656/-രൂപ ഉത്തരവാദിയായവരിൽ നിന്നും ഈടാക്കേണ്ടതാണ്. ഭക്ഷ്യ ധാന്യ വിതരണം സംബന്ധിച്ച് സിവിൽ സപ്ലൈസ് കോർപ്പറേഷനിൽ നിന്നുള്ള വരവ് ചെലവുകളുടെ വിശദാംശങ്ങൾ (ലെഡ്ജർ) പരിശോധിച്ച് ഈയിനത്തിൽ കൂടുതൽ തുക നൽകിയിട്ടില്ലായെന്ന് ഉറപ്പുവരുത്തേണ്ടതും രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതുമാണ്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (30/24-05-2022) മറുപടി ലഭ്യമാക്കിയിട്ടില്ല.

## 1-25 ഭവന പുനരുദ്ധാരണം (പൊതു വിഭാഗം) - ഗുണഭോക്താവിന് സഹായധനം ലഭിച്ചില്ല -₹ 50000 തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ, പരിയാരം സർക്കിൾ |
| പ്രോജക്ട് നമ്പർ, പേര് | 315/21, ഭവന പുനരുദ്ധാരണം (പൊതു വിഭാഗം -സ്പിൽ ഓവർ) |
| അടങ്കൽ | ₹ 3,00,000 (തനത് ഫണ്ട്) |
| ചെലവ്,ബിൽ നമ്പർ, തീയതി | ₹ 299532<br>₹150000, ചെക്ക് നമ്പർ 2803044, 28-07-2020<br>₹49532, ചെക്ക് നമ്പർ 2933003, 07-01-21<br>₹ 100000, ചെക്ക് നമ്പർ 2600992, 16-03-21 |

പൊതുവിഭാഗം ഗുണഭോക്താക്കളുടെ ഭവനപുനരുദ്ധാരണത്തിന് ധനസഹായം അനുവദിക്കുന്നതിനായി തയ്യാറാക്കിയ സ്പിൽ ഓവർ പ്രോജക്ടിൽ മേല്പറഞ്ഞ പ്രകാരം തുക ചെലവഴിച്ചിട്ടുണ്ട്. ചെക്ക് നമ്പർ 2600992, 16-03-21 പ്രകാരം പിൻവലിച്ച ₹ 100000 ഗൗരി പി വി, കെ നാരായണൻ എന്നീ ഗുണഭോക്താക്കളുടെ അക്കൗണ്ടുകളിലേക്കാണ് ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്തിട്ടുള്ളത് (₹ 50000 വീതം). നിർവ്വഹണ ഉദ്യോഗസ്ഥ ഹാജരാക്കിയ 12-03-21 ലെ സാംഖ്യ ബിൽ പ്രകാരം കെ നാരായണന്റെ 77041452685 നമ്പർ എസ് ബി ഐ അക്കൗണ്ടിലേക്കാണ് ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്തിട്ടുള്ളത്. എന്നാൽ ഭവനപുനരുദ്ധാരണത്തിന് ധനസഹായം നല്കിയതുമായി ബന്ധപ്പെട്ട രജിസ്റ്ററിൽ ഇദ്ദേഹത്തിന്റെ ബാങ്ക് അക്കൗണ്ട് നമ്പർ 67093154433 എന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത്. വി ഇ ഒ ലഭ്യമാക്കിയ ഗുണഭോക്താവിന്റെ ബാങ്ക് പാസ്സ് ബുക്കുകൾ പരിശോധിച്ചതിൽ ടിയാന്റെ അക്കൗണ്ട് നമ്പറിനു പകരം സി ഐ എഫ് നമ്പറിലേക്കാണ് തുക ട്രാൻസ്ഫർ ചെയ്തിട്ടുള്ളത് എന്ന് ബോധ്യപ്പെട്ടു. തെറ്റായ അക്കൗണ്ട് നമ്പറിലേക്ക് തുക കൈമാറിയതിന് വിശദീകരണം ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (32/24-05-22) മറുപടി ലഭ്യമാക്കിയിട്ടില്ല. ഗുണഭോക്താവിന് നാളിതുവരെയായി സഹായധനം ലഭ്യമാക്കാത്തത് വിശദീകരിക്കപ്പെട്ടിട്ടില്ല. കെ നാരായണൻ എന്ന ഗുണഭോക്താവിന് തുക ലഭിച്ചു എന്നുറപ്പു വരുത്തി വിവരം ലഭ്യമാക്കുന്നതുവരെ ചെലവുതുക ₹ 50000 തടസ്സപ്പെടുത്തുന്നു.

## 1-26 വയബിലിറ്റി ഗ്യാപ് ഫണ്ട് - ഹരിത കർമ്മസേനയുടെ വരവുചെലവുകൾ പരിശോധിച്ച് സാക്ഷ്യപ്പെടുത്തുന്നില്ല.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ |
| പ്രോജക്ട് നമ്പർ, പേര് | 347/21, ഹരിത കർമ്മസേന- വയബിലിറ്റി ഗ്യാപ് ഫണ്ടിംഗ് |
| അടങ്കൽ | ₹ 32325 (ധനകാര്യ കമ്മീഷൻ അവാർഡ്) |
| ചെലവ്,ബിൽ നമ്പർ, തീയതി | ₹ 32325, 4/20-21, തീയതി 23-11-2020 |

2020-21 വർഷം ഹരിതകർമ്മസേനയുടെ സിൻഡിക്കേറ്റ് ബാങ്ക് അക്കൗണ്ടിലേക്ക് വയബിലിറ്റി ഗ്യാപ് ഫണ്ടായി ₹ 32325 മേൽ പ്രോജക്ട് പ്രകാരം കൈമാറിയിട്ടുണ്ട്. ഹരിതകർമ്മസേന 15 വാർഡുകളിൽ നിന്നും ഏപ്രിൽ, മെയ് മാസങ്ങളിൽ യൂസർ ഫീയായി ₹ 159160 പിരിച്ചെടുത്തതിന്റെ സ്റ്റേറ്റ്മെന്റ് ഫയലിൽ സൂക്ഷിച്ചിട്ടുണ്ട്. ഈ തുക ഏതൊക്കെ രശീതുകളിൽ പിരിച്ചെടുത്തതാണെന്ന് സ്റ്റേറ്റ്മെന്റിൽ രേഖപ്പെടുത്തിയിട്ടില്ല. ഹരിതകർമ്മസേന യൂസർഫീ പിരിക്കുന്നതുമായി ബന്ധപ്പെട്ട് അപാകങ്ങൾ ചുവടെ കൊടുക്കുന്നു.

1. ഹരിതകർമ്മസേനയ്ക്ക് യൂസർഫീ പിരിക്കുന്നതിന് രശീത് പുസ്തകങ്ങൾ അച്ചടിച്ച് വിതരണം ചെയ്യുന്നത് ആരാണെന്ന് വ്യക്തമല്ല.

2. രശീത് പുസ്തക വിതരണവുമായി ബന്ധപ്പെട്ട സ്റ്റോക്ക് രജിസ്റ്റർ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

3. വയബിലിറ്റി ഗ്യാപ്പ് ഫണ്ട് നല്കുന്നതുമായി ബന്ധപ്പെട്ട് ഹരിതകർമ്മസേന വരവ്ചെലവ് കണക്കുകൾ ലഭ്യമാക്കുമ്പോൾ നിർവ്വഹണ ഉദ്യോഗസ്ഥൻ രശീത് പുസ്തകങ്ങളും കളക്ഷൻ രജിസ്റ്ററും പരിശോധിച്ച് പ്രസ്തുത വരവ്ചെലവ് കണക്കുകൾ സാക്ഷ്യപ്പെടുത്തുന്നില്ല.

4. ഹരിതകർമ്മസേനാംഗങ്ങൾ പിരിച്ചെടുക്കുന്ന യൂസർഫീ അതാതുദിവസം അക്കൗണ്ട് ചെയ്യപ്പെടുന്നുണ്ടോ എന്നും പിരിവുതുകയുടെ കൃത്യത ആരാണ് പരിശോധിച്ച് ഉറപ്പുവരുത്തുന്നത് എന്നും വ്യക്തമാക്കുന്ന രേഖകൾ ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല.

മേല്പറഞ്ഞ അപാകങ്ങൾ സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കാൻ നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (28/24-05-22) മറുപടി ഹാജരാക്കിയിട്ടില്ല. അപാകങ്ങൾ പരിഹരിച്ച് വിവരം ലഭ്യമാക്കേണ്ടതാണ്.

## 1-27 സ്കൂളുകളിൽ ഷീ പാഡ് പദ്ധതി (സ്പിൽ ഓവർ)- ചെലവുരേഖകൾ ഹാജരാക്കിയില്ല- ചെലവുതുക ₹ 24515 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഹെഡ് മാസ്റ്റർ, ഗവ. മാവിച്ചേരി എൽ പി സ്കൂൾ |
| പ്രോജക്ട് നമ്പർ, പേര് | 282/21, സ്കൂളുകളിൽ ഷീ പാഡ് പദ്ധതി (സ്പിൽ ഓവർ) |
| അടങ്കൽ | ₹ 25485 (വികസന ഫണ്ട്, ജനറൽ) |
| ചെലവ്, ബിൽ/ചെക്ക് നമ്പർ, തീയതി | ₹ 24515, 1/20-21, തീയതി 08-07-2020 |

പരിയാരം ഗ്രാമ പഞ്ചായത്തിലെ സ്കൂളുകൾ പെൺസൗഹൃദമാക്കുന്നതിന്റെ ഭാഗമായി ഇരിങ്ങൽ യു പി സ്കൂളിലേക്ക് സാനിട്ടറി നാപ്കിൻ വെന്റിംഗ് മെഷീൻ വാങ്ങി നൽകുന്നതിനായി 2019-20 ൽ തയ്യാറാക്കിയതാണ് ഈ പ്രോജക്ട്. സാനിട്ടറി നാപ്കിൻ വെന്റിംഗ് മെഷീൻ വാങ്ങുന്നതിനാണ് പ്രോജക്ട് തയ്യാറാക്കിയതെങ്കിലും കേരള സംസ്ഥാന വനിതാ വികസന കോർപ്പറേഷനിൽ നിന്നും ₹49030 യ്ക്ക് 1428 പാക്കറ്റ് ഷീ പാഡുകളും ഇൻസിനറേറ്ററുമാണ് പദ്ധതി പ്രകാരം വാങ്ങിയിട്ടുള്ളത് (നാപ്കിൻ വെന്റിംഗ് മെഷീൻ ഉപയോഗിക്കുന്നതിന്റെ പ്രായോഗിക ബുദ്ധിമുട്ട് വനിതാ വികസന കോർപ്പറേഷൻ നിർവ്വഹണ ഉദ്യോഗസ്ഥയെ രേഖാമൂലം അറിയിച്ചിരുന്നു). ചെലവുതുകയിൽ ₹ 24515, 16-12-19 ന് വനിതാ വികസന കോർപ്പറേഷന് കൈമാറിയിരുന്നു. ബാക്കി ₹ 24515 യാണ് മേല്പറഞ്ഞ ബിൽ പ്രകാരം പിൻവലിച്ച് കോർപ്പറേഷന് കൈമാറിയിട്ടുള്ളത്. പദ്ധതി നടത്തിപ്പിലെ അപാകങ്ങൾ ചുവടെ കൊടുക്കുന്നു.

1. ഇൻസിനറേറ്ററും സാനിട്ടറി നാപ്കിനും വാങ്ങിയതിന്റെ അസ്സൽ ബിൽ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

2. ഇൻസിനറേറ്ററും സാനിട്ടറി നാപ്കിനും സ്റ്റോക്കിലെടുത്തതിന്റെയും വിതരണം നടത്തിയ തിന്റെയും ഇരിങ്ങൽ സ്കൂൾ ഇവ കൈപ്പറ്റിയതിന്റെയും രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

3. ഇരിങ്ങൽ യു.പി സ്കൂളിൽ ഇൻസിനറേറ്റർ സ്ഥാപിച്ചതിന്റെ രേഖകൾ ഫയലിൽ സൂക്ഷിച്ചിട്ടില്ല.

4. സാനിട്ടറി നാപ്കിനുകൾ സൂക്ഷിക്കുന്നതിനായി വനിതാ വികസന കോർപ്പറേഷൻ ലഭ്യമാക്കുന്ന സ്റ്റീൽ അലമാര പദ്ധതി പ്രകാരം വാങ്ങിയിട്ടില്ല. 1428 പാക്കറ്റ് ഷീ പാഡുകൾ എവിടെയാണ് സൂക്ഷിക്കുന്നത് എന്ന് വ്യക്തമല്ല.

5 പദ്ധതിയുടെ മോണിറ്ററിംഗ് റിപ്പോർട്ട് പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

അപാകങ്ങൾക്ക് വിശദീകരണം നൽകാനായി നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (13/ 20-05-2022) മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകങ്ങളുടെ അടിസ്ഥാനത്തിൽ ₹ 24515 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-28 തുടർ സാക്ഷരത- സംസ്ഥാന സാക്ഷരത മിഷനിൽ നിന്നും അനുവദിക്കുന്ന രശീത് ഹാജരാക്കിയില്ല.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഹെഡ് മാസ്റ്റർ |
| പ്രോജക്ടിന്റെ നമ്പർ, പേര് | 352/21, സാക്ഷരത – തുടർ വിദ്യാഭ്യാസ പരിപാടി |
| അടങ്കൽ | ₹ 25050 (ധനകാര്യ കമ്മീഷൻ അവാർഡ്) |
| ചെലവ് | ₹ 24150, ബിൽ നമ്പർ 3/20-21, 27-02-21 |

പരിയാരം ഗ്രാമ പഞ്ചായത്തിലെ പത്താംതരം, ഹയർ സെക്കന്ററി തുല്യത പരീക്ഷകൾക്കുവേണ്ടി സാക്ഷരതാ കേന്ദ്രങ്ങളിൽ രജിസ്റ്റർ ചെയ്ത പഠിതാക്കളുടെ കോഴ്സ് ഫീസ് ജില്ലാ സാക്ഷരത മിഷനിൽ ഒടുക്കുന്നതിനാണ് ഹെഡ് മാസ്റ്റർ മേൽ പ്രോജക്ട് നടപ്പിലാക്കിയത്. കേരള സംസ്ഥാന സാക്ഷരതാ മിഷൻ നടത്തിവരുന്ന ഹയർസെക്കന്ററി തുല്യത കോഴ്സിൽ 7 പഠിതാക്കളെ രജിസ്റ്റർ ചെയ്യിക്കുകയും കോഴ്സ് ഫീസായി മേൽ പദ്ധതിയിൽ ഉൾപ്പെടുത്തി ഒരു

പഠിതാവിന് ₹ 2,200 പ്രകാരം 7 പഠിതാക്കൾക്ക് ₹ 15400 യും പത്താംതരം തുല്യത കോഴ്സിൽ ഒരു പഠിതാവിന് ₹ 1,750 പ്രകാരം 5 പഠിതാക്കൾക്ക് ₹ 8750 യും അടവാക്കുന്നതിന് കണ്ണൂർ ജില്ലാ കോ-ഓർഡിനേറ്റർ നിർദ്ദേശിച്ചതനുസരിച്ച് മേൽ ചെലവുതുക കേരള സംസ്ഥാന സാക്ഷരത മിഷന്റെ അക്കൗണ്ടിലേക്ക് (ഹയർ സെക്കന്ററി അക്കൗണ്ട് നമ്പർ 02880100113107 ലേക്കും പത്താംതരം അക്കൗണ്ട് നമ്പർ 57026996123 ലേക്കും) ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്തിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട അപാകങ്ങൾ ചുവടെ കൊടുക്കുന്നു.

1. തുക കൈപ്പറ്റിയത് സംബന്ധിച്ച് സംസ്ഥാന സാക്ഷരത മിഷനിൽ നിന്നും അനുവദിക്കുന്ന ഒറിജിനൽ രശീതി പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

2. പഠിതാക്കൾ കോഴ്സ് പൂർത്തിയാക്കിയതിന്റെയും തുടർപഠനം നടത്തിയതിന്റെയും വിവരങ്ങൾ ലഭ്യമല്ല.

3. പദ്ധതിയുടെ മോണിറ്ററിംഗ് റിപ്പോർട്ട് ലഭ്യമല്ല.

അപാകങ്ങൾക്ക് വിശദീകരണം/ മറുപടി 22-05-2022നകം ലഭ്യമാക്കാനായി നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (11/20-05-22) മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകങ്ങൾ പരിഹരിച്ച് വിവരം ലഭ്യമാക്കേണ്ടതാണ്.

## 1-29 എസ്.എസ്.എ. വിഹിതം നൽകിയത്- ആന്വൽ വർക്ക് പ്ലാനും ബഡ്ജറ്റും അനുസരിച്ചുള്ള ഡിമാന്റും വിനിയോഗ സാക്ഷ്യപത്രവും ലഭ്യമാക്കിയില്ല - ₹ 13,90,200 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഹെഡ് മാസ്റ്റർ, ഗവ.എൽ പി സ്കൂൾ മാവിച്ചേരി |
| പ്രോജക്ട് നമ്പർ, പേര് | 48/21, എസ്.എസ്.എ. വിഹിതം നൽകൽ |
| അടങ്കൽ | ₹ 13,90,200 (വികസന ഫണ്ട്, ജനറൽ) |
| ചെലവ്,ബിൽ നമ്പർ, തീയതി | ₹ 13,90,200, 2/20-21, തീയതി 15-07-2020 |

2020-21 വർഷം മേൽ പ്രോജക്ട് പ്രകാരം മാവിച്ചേരി ഗവ. എൽ പി സ്കൂൾ ഹെഡ് മാസ്റ്റർ ₹1390200 പിൻവലിച്ച് എസ്.എസ്.കെ. കണ്ണൂർ ജില്ലാ പ്രോജക്ട് കോ-ഓർഡിനേറ്ററുടെ കനറ ബാങ്ക് അക്കൗണ്ടിലേക്ക് (അക്കൗണ്ട് നമ്പർ 0704101110720) വിഹിതം നൽകിയിരുന്നു. പദ്ധതി നടത്തിപ്പിലെ അപാകങ്ങൾ ചുവടെ കൊടുക്കുന്നു.

1. എസ്.എസ്.കെ കണ്ണൂർ ജില്ലാ പ്രോജക്ട് കോ-ഓർഡിനേറ്റർ ലഭ്യമാക്കുന്ന 2020-21 വർഷത്തെ പഞ്ചായത്തിന്റെ ഷെയർ കണക്കാക്കുന്നതിന് പരിഗണിച്ച ആന്വൽ വർക്ക് പ്ലാനും ബഡ്ജറ്റും പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ ഡിമാന്റ് പ്രകാരമുള്ള തുക തന്നെയാണോ ഒടുക്കിയത് എന്ന് വ്യക്തമല്ല.

2. 2020-21 വർഷത്തെ ആന്വൽ വർക്ക് പ്ലാനും ബഡ്ജറ്റും അനുസരിച്ചുള്ള പദ്ധതിയുടെ വിശദമായ ചെലവ് വിശദാംശങ്ങളും വിനിയോഗ സാക്ഷ്യപത്രവും മോണിറ്ററിംഗ് റിപ്പോർട്ടും പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

3. എസ്.എസ്.എ പദ്ധതികൾ തയ്യാറാക്കുന്നതിൽ തദ്ദേശ സ്വയംഭരണ സ്ഥാപനം മുഖ്യ പങ്ക് വഹിക്കണമെന്ന് പദ്ധതി മാർഗ്ഗരേഖയിൽ വ്യക്തമാക്കിയിട്ടുണ്ട്. 2020-21 വർഷത്തേക്ക് എസ്. എസ്.എ ആവിഷ്കരിച്ച പദ്ധതികളിൽ പഞ്ചായത്തിന്റെ നിർദ്ദേശങ്ങൾ ഇപ്രകാരം പരിഗണിച്ചതിന്റെ വിവരങ്ങളും പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

അപാകങ്ങൾക്ക് വിശദീകരണം നൽകാനായി നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (12/ 20-05-2022) മറുപടി ലഭ്യമാക്കിയിട്ടില്ല. വിശദീകരണങ്ങളുടെ അഭാവത്തിൽ ചെലവുതുക ₹ 13,90,200 തടസ്സപ്പെടുത്തുന്നു. അപാകങ്ങൾ പരിഹരിച്ച് തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-30 സ്കൂളുകളിൽ ഷീ പാഡ് പദ്ധതി - ചെലവുരേഖകൾ ഹാജരാക്കിയില്ല - ₹ 100000 തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഹെഡ് മാസ്റ്റർ, ഗവ. മാവിച്ചേരി എൽ പി സ്കൂൾ |
| പ്രോജക്ട് നമ്പർ, പേര് | 107/21, സ്കൂളുകളിൽ ഷീ പാഡ് പദ്ധതി |
| അടങ്കൽ | ₹ 100000 (വികസന ഫണ്ട്, ജനറൽ) |
| ചെലവ്, ബിൽ/ചെക്ക് നമ്പർ, തീയതി | ₹ 100000, 4/20-21, തീയതി 27-02-2021 |

പരിയാരം ഗ്രാമ പഞ്ചായത്തിലെ സ്കൂളുകൾ പെൺസൗഹൃദമാക്കുന്നതിന്റെ ഭാഗമായി ഇരിങ്ങൽ യു പി സ്കൂളിലേക്ക് സാനിട്ടറി നാപ്കിൻ വെന്റിംഗ് മെഷീൻ വാങ്ങി നൽകുന്നതിനായി തയ്യാറാക്കിയതാണ് പ്രോജക്ട്. എന്നാൽ പ്രോജക്ട് സംബന്ധിച്ച അധിക വിവരങ്ങളിൽ ഇരിങ്ങൽ യു പി സ്കൂളിലേക്ക് സാനിട്ടറി നാപ്കിൻ വെന്റിംഗ് മെഷീനും മാവിച്ചേരി

എൽ പി സ്കൂളിലേക്ക് സാനിട്ടറി നാപ്കിനും വാങ്ങി നൽകുന്നതിനാണ് പ്രോജക്ട് തയ്യാറാക്കിയിട്ടുള്ളത് എന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത്. മേല്പറഞ്ഞ രീതിയിലാണ് പ്രോജക്ട് തയ്യാറാക്കിയതെങ്കിലും കേരള സംസ്ഥാന വനിതാ വികസന കോർപ്പറേഷനിൽ നിന്നും ₹100000 യ്ക്ക് 5985 പാക്കറ്റ് ഷീ പാഡുകളാണ് വാങ്ങിയിട്ടുള്ളത്. പദ്ധതി നടത്തിപ്പിലെ അപാകങ്ങൾ ചുവടെ കൊടുക്കുന്നു.

1. എച്ച് എൽ എൽ രജിസ്റ്റേർഡ് & കോർപ്പറേറ്റ് ഓഫീസ്, പൂജപ്പുര, തിരുവനന്തപുരം കേരള സംസ്ഥാന വനിതാ വികസന കോർപ്പറേഷൻ വഴി നിർവ്വഹണ ഉദ്യോഗസ്ഥയ്ക്ക് ലഭ്യമാക്കിയ 9425012214-46, Dt. 29-03-21 നമ്പർ ഇൻവോയ്സ് പ്രകാരം 5985 പാക്കറ്റ് ഷീ പാഡുകൾക്ക് ഈടാക്കിയ വില ₹ 90912.15 യാണ്. എന്നാൽ പ്രോജക്ട് പ്രകാരം കേരള സംസ്ഥാന വനിതാ വികസന കോർപ്പറേഷന് കൈമാറിയ തുക ₹ 100000 ആണ്.

2. സാനിട്ടറി നാപ്കിൻ സ്റ്റോക്കിലെടുത്തതിന്റെയും വിതരണം നടത്തിയതിന്റെയും ഇരിങ്ങൽ, മാവിച്ചേരി യു പി സ്കൂളുകൾ ഇവ കൈപ്പറ്റിയതിന്റെയും രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. രണ്ട് സ്കൂളുകളിലും പാഡുകൾ വിതരണം നടത്തിയിട്ടുണ്ടോ എന്ന് വ്യക്തമല്ല.

3. സാനിട്ടറി നാപ്കിനുകൾ സൂക്ഷിക്കുന്നതിനായി വനിതാ വികസന കോർപ്പറേഷൻ ലഭ്യമാക്കുന്ന സ്റ്റീൽ അലമാര പദ്ധതി പ്രകാരം വാങ്ങിയിട്ടില്ല. 5985 പാക്കറ്റ് ഷീ പാഡുകൾ എവിടെയാണ് സൂക്ഷിക്കുന്നത് എന്ന് വ്യക്തമല്ല.

4. 2019-20 വർഷം നടപ്പിലാക്കിയ ഇതേ പേരിലുള്ള പ്രോജക്ടിന്റെ ഭാഗമായി വനിതാ വികസന കോർപ്പറേഷൻ പരിയാരം ഗ്രാമ പഞ്ചായത്ത് സെക്രട്ടറിക്ക് അയച്ച കത്തിൽ (നമ്പർ KSWDC/P5/SHE PAD/2019-20/1500, തീ. 22-05 2019) ഷീ പാഡ് പദ്ധതിയിൽ വെന്റിംഗ് മെഷീനുകൾ നൽകുന്നത് പ്രോത്സാഹിപ്പിക്കാത്തതിന്റെ കാരണങ്ങൾ/ പ്രായോഗിക ബുദ്ധിമുട്ടുകൾ അറിയിച്ചിരുന്നു. അവ ചുവടെ കൊടുക്കുന്നു.

(1). ഏതെങ്കിലും കമ്പനിയുടെ വെന്റിംഗ് മെഷീനുകൾ സ്ഥാപിക്കുന്ന പക്ഷം അതിനു ചേരുന്ന സാനിട്ടറി നാപ്കിനുകൾ മാത്രമേ എല്ലാ കാലത്തും വിതരണം ചെയ്യാൻ സാധിക്കുകയുള്ളൂ. തന്മൂലം വിതരണത്തിനായി സാനിട്ടറി പാഡുകളുടെ തെരഞ്ഞെടുപ്പിന്റെ അടിസ്ഥാനമായി മാറേണ്ട ഗുണമേന്മ, ഫാർമസ്യൂട്ടിക്കൽ സ്പെസിഫിക്കേഷൻ, വലുപ്പം എന്നിങ്ങനെയുള്ള മാനദണ്ഡങ്ങൾ കൃത്യമായി പാലിക്കാൻ സാധിക്കാതെ വരും. മാത്രമല്ല, കാലാകാലങ്ങളിൽ ഗവേഷണ ഫലങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ട് കൂടുതൽ ഗുണമുള്ള ഉല്പന്നങ്ങൾ ഉൾപ്പെടുത്തുന്നതിനും സാധിക്കാതെ വരും.

(2). വെന്റിംഗ് മെഷീൻ പ്രവർത്തിപ്പിക്കുന്നതിലേക്ക് കോയിൻ / ടോക്കണുകൾ പ്രത്യേകമായി ഉപയോഗിക്കേണ്ടി വരും.

(3). ചുമതലയുള്ള അധ്യാപികയോ ഒരു വിദ്യാർത്ഥി കൊൺസിലറോ അലമാരയിൽ നിന്നും നാപ്കിൻ ലഭ്യമാക്കുമ്പോൾ കൗമാരക്കാരിയായ ഒരു പെൺകുട്ടിയ്ക്ക് ആർത്തവവുമായി ബന്ധപ്പെട്ട സംശയങ്ങൾ ഒരു മുതിർന്ന വ്യക്തിയോട് ചോദിക്കുന്നതിനുള്ള അവസരം ലഭ്യമാകുന്നുണ്ട്. വെന്റിംഗ് മെഷീനിൽ നിന്നും നേരിട്ട് ശേഖരിക്കുമ്പോൾ ഇപ്രകാരമുള്ള സൗകര്യം നിഷേധിക്കപ്പെടും.

2019-20 വർഷം വെന്റിംഗ് മെഷീൻ ഉപയോഗിക്കുന്നതിന്റെ പ്രായോഗിക ബുദ്ധിമുട്ടുകൾ സംബന്ധിച്ച് ഇപ്രകാരം മുന്നറിയിപ്പ് ലഭിച്ചിട്ടും 2020-21 വർഷം സാനിട്ടറി നാപ്കിൻ വെന്റിംഗ് മെഷീൻ വാങ്ങാൻ പ്രോജക്ട് തയ്യാറാക്കിയതിന്റെ കാരണം അറിയിച്ചിട്ടില്ല.

5. 2020-21 വർഷം കോവിഡ് -19 അതിവ്യാപനം കാരണം സ്കൂളുകൾ തുറന്നു പ്രവർത്തിച്ചിട്ടില്ലാത്ത സാഹചര്യത്തിൽ 100 ൽപരം വിദ്യാർത്ഥിനികൾ മാത്രം അദ്ധ്യയനം നടത്തുന്ന യു പി സ്കൂളിലേക്ക് 6000 -ത്തോളം പാക്കറ്റ് സാനിട്ടറി പാഡ് വാങ്ങാനുണ്ടായ സാഹചര്യം വ്യക്തമാക്കിയിട്ടില്ല.

6. വാങ്ങലുമായി ബന്ധപ്പെട്ട പർച്ചേസിംഗ് കമ്മിറ്റി തീരുമാനം, ഭരണസമിതി തീരുമാനം എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

7. പദ്ധതിയുടെ മോണിറ്ററിംഗ് റിപ്പോർട്ട് പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

അപാകങ്ങൾക്ക് വിശദീകരണം ലഭ്യമാക്കാൻ നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (15/ 22-05-2022) മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകങ്ങളുടെ അടിസ്ഥാനത്തിൽ ചെലവുതുക ₹ 100000 തടസ്സപ്പെടുത്തുന്നു.

## 1-31 അംഗീകൃത ഗ്രന്ഥശാലകൾക്ക് പുസ്തകങ്ങൾ നൽകൽ (സ്പിൽ ഓവർ) - ചെലവു രേഖകൾ ലഭ്യമാക്കിയില്ല - ചെലവുതുക ₹ 10000 തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഹെഡ് മാസ്റ്റർ, ഗവ.എൽ പി സ്കൂൾ മാവിച്ചേരി |
| പ്രോജക്ട് നമ്പർ, പേര് | 187/21, അംഗീകൃത ഗ്രന്ഥശാലകൾക്ക് പുസ്തകങ്ങൾ നൽകൽ (സ്പിൽ ഓവർ) |
| അടങ്കൽ | ₹ 25000 (തനത് ഫണ്ട്) |

| | |
|---|---|
| ചെലവ്, ചെക്ക് നമ്പർ, തീയതി | ₹ 25000, 2600986, തീയതി 15-07-2020 |

2020-21 വർഷം മേൽ പ്രോജക്ട് പ്രകാരം മാവിച്ചേരി ഗവ. എൽ പി സ്കൂൾ ഹെഡ് മാസ്റ്റർ, കേരള ബുക്ക് മാർക്കിൽ നിന്നും ചുവടെ കൊടുത്ത അംഗീകൃത ഗ്രന്ഥശാലകൾക്ക് പുസ്തകങ്ങൾ വാങ്ങി നൽകിയിട്ടുണ്ട്.

| ക്രമ നമ്പർ | ഗ്രന്ഥശാലകളുടെ പേര് | രജിസ്റ്റർ നമ്പർ | ലഭ്യമാക്കിയ പുസ്തകങ്ങളുടെ വില |
|---|---|---|---|
| 1 | ഇ കെ നായനാർ സ്മാരക വായനശാല & ഗ്രന്ഥാലയം, അമ്മാനപ്പാറ | 13 TPA 8743 | 5000 |
| 2 | പാട്യം സ്മാരക വായനശാല & ലൈബ്രറി, പനങ്ങാട്ടൂർ | S 248/ 2001 | 5000 |
| 3 | സ.അഴീക്കോടൻ സ്മാരക വായനശാല , പുളിയൂൽ | - | 5000 |
| 4 | ഗ്രാമീണ വായനശാല & ഗ്രന്ഥാലയം | 13/TPA 8286 | 5000 |

ക്രമ നമ്പർ 3, പുളിയൂൽ സ.അഴീക്കോടൻ സ്മാരക വായനശാല, അംഗീകൃത ഗ്രന്ഥശാലയാണെന്ന് തെളിയിക്കുന്ന രേഖകൾ ഫയലിൽ ലഭ്യമല്ല. ബാക്കി ₹ 5000 യുടെ പുസ്തകങ്ങൾ വാങ്ങിയതിന്റെയും ഏത് ഗ്രന്ഥശാലയ്ക്കാണ് നൽകിയത് എന്നതിന്റെയും രേഖകളും ഫയലിൽ ലഭ്യമല്ല. പദ്ധതിയുടെ മോണിറ്ററിംഗ് റിപ്പോർട്ടും പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. അപാകങ്ങൾക്ക് വിശദീകരണം ലഭ്യമാക്കാൻ നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (14/22-05-2022) മറുപടി ഹാജരാക്കിയിട്ടില്ല. ആയതിനാൽ ചെലവുതുക ₹ 10000 (5000 X 2) തടസ്സപ്പെടുത്തുന്നു.

## 1-32 വായ്പ ഓവർ ഡ്യൂ ആയവർക്ക് പലിശ സബ്സിഡി അനുവദിച്ചു.

| | |
|---|---|
| നിർവഹണ ഉദ്യോഗസ്ഥൻ | വെറ്ററിനറി സർജൻ |
| പ്രോജക്ട് നമ്പർ | S00250/21 |
| പ്രോജക്ടിന്റെ പേര് | സംരംഭകത്വ പലിശ സബ്സിഡി |
| അടങ്കൽ | 241524 വികസന ഫണ്ട് |
| ചെലവ് | 241524 |

14-02-2018ലെ സ.ഉ. (കൈ) നമ്പർ22/2018/ത.സ്വ.ഭ.വ. നമ്പറായുള്ള സബ്സിഡി മാർഗ്ഗരേഖ ഖ.6.4.21.3 അനുസരിച്ച് സംരംഭകർക്കുള്ള വായ്പാ പലിശ സബ്സിഡിയുടെ വ്യവസ്ഥകൾ വിശദീകരിച്ചിട്ടുണ്ട്. ഇതനുസരിച്ച് ബാങ്ക് വായ്പയും റിവോൾവിംഗ് ഫണ്ട് തവണയും മുടക്കം വരുത്തുന്നവർക്ക് പലിശ സബ്സിഡി നഷ്ടമാവും എന്ന് വ്യക്തമാക്കിയിട്ടുണ്ട്. ഗുണ ഭോക്താക്കളുടെ ബാങ്ക് സ്റ്റേറ്റുമെന്റുകൾ പരിശോധിച്ചപ്പോൾ ബാങ്ക് വായ്പ ഇടക്ക് ഓവർ ഡ്യൂ ആയവർക്കും പലിശ സബ്സിഡി അനുവദിച്ചതായി കാണുന്നു. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം. | സംരഭകന്റെ പേര് | വായ്പ ലഭിച്ച ബാങ്ക് | ഒടുവിൽ ഓവർ ഡ്യൂആയ തുക, പ്രാബല്യ തീയ്യതി | അനുവദിച്ച സബ്സിഡി , ബിൽ നമ്പർ തീയ്യതി |
|---|---|---|---|---|
| 1 | ശിവദാസൻ പി.വി | കുറ്റ്യേരി സർവീസ് സഹകരണ ബാങ്ക് | 10-06-2020 2778 | 1488 19/26-02-2021 |

| | | | | |
|---|---|---|---|---|
| 2 | രജനി പി.വി. | പരിയാരം സർവീസ് സഹകരണ ബാങ്ക് | 14502<br>11-09-2020 | 17034<br>20/26-02-2021 |
| 3 | ത്രേസ്യാമ്മ പി | ടി | 12364<br>9-8-2018 | 2756<br>29/31-03-2021 |

ഫയലിൽ ലഭ്യമായ ബാങ്ക് സ്റ്റേറ്റ്മെന്റുകളിൽ തുടക്കം മുതലുള്ള ഇടപാടുകൾ രേഖപ്പെടുത്തിയിട്ടില്ലാത്തതിനാൽ മറ്റ് ഗുണ ഭോക്താക്കളിൽ ആരെങ്കിലും തിരിച്ചടവ് മുടക്കിയിട്ടുണ്ടോ എന്ന് വ്യക്തമല്ല. ആയതിനാൽ 2020-21 വർഷത്തിൽ ആനുകല്യം അനുവദിച്ച എല്ലാ ഗുണഭോക്താക്കളുടെയും പാസ് ബുക്കിൽ തിരിച്ചടവിന്റെ ആരംഭം മുതൽ പരിശോധിച്ച് ഓവർഡ്യൂ ആയിട്ടുള്ള പക്ഷം സബ്സിഡി തുക തിരികെ ഈടാക്കേണ്ടതാണ്. (ഓഡിറ്റ് എൻക്വയറി നം. 23/23.05.2022)

## 1-33 പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി- പൂർത്തീകരണ സാക്ഷ്യ പത്രം വിനിയോഗ സാക്ഷ്യ പത്രം ലഭ്യമല്ല.

പരിയാരം ഗ്രാമ പഞ്ചായത്തിലെ വെറ്ററിനറി സർജൻ നിർവഹണ ഉദ്യോഗസ്ഥനായി 2020-21 വർഷം നടപ്പിലാക്കിയ " കന്നുകുട്ടി പരിപാലന പദ്ധതി" എന്ന പ്രോജക്റ്റിന്റെ (പ്രോജക്റ്റ് നമ്പർ -S0006/21)നിർവഹണത്തിന്റെ ഭാഗമായി 4,25,000 രൂപ കണ്ണൂർ എസ്.എൽ .ബി.പി. ഡെപ്യൂട്ടി ഡയറക്ടർക്ക് കൈമാറിയിട്ടുണ്ട്. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

അടങ്കൽ- 8,50,000 (വികസന ഫണ്ട്-3,00,000, ധനകാര്യ കമ്മീഷൻ ഗ്രാന്റ്-1,25,000, ഗുണ ഭോക്തൃ വിഹിതം (നേരിട്ട്-4,25,000)

| ക്രമ നമ്പർ | ബിൽ നമ്പർ/ വൗച്ചർ നമ്പർ | തുക | ഫണ്ട് |
|---|---|---|---|
| 1 | 8/14-01-2021/<br>തീയ്യതി-14-01-2021 | 3,00,000 | വികസന ഫണ്ട് |
| 2 | 21/26-02-2021<br>തീയ്യതി-16-03-2021 | 1,25,000 | ധനകാര്യ കമ്മീഷൻ ഗ്രാന്റ് |
| ആകെ | | 4,25,000 | |

മേൽ സൂചിപ്പിച്ചതു പ്രകാരമുള്ള തുകകളുടെ വിനിയോഗ സാക്ഷ്യ പത്രം ലഭ്യമായി കാണുന്നില്ല. വിനിയോഗ സാക്ഷ്യ പത്രം ലഭ്യമാകുന്ന മുറയ്ക്ക് ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്. (ഓഡിറ്റ് എൻക്വയറി നമ്പർ 20/23.05.2022)

## 1-34 സാന്ത്വന പരിചരണ പദ്ധതി- അപാകങ്ങൾ

സാന്ത്വന പരിചരണ പദ്ധതിയുമായി ബന്ധപ്പെട്ട് മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) നിർവഹണ ഉദ്യോഗസ്ഥനായി പരിയാരം ഗ്രാമ പഞ്ചായത്തിൽ 2020-21 വർഷത്തിൽ രണ്ടു പ്രോജക്ടുകളാണ് നടപ്പിലാക്കിയിട്ടുള്ളത്. വിശദാംശങ്ങങ്ങൾ താഴെ ചേർക്കുന്നു.

1) പ്രോജക്റ്റ് നമ്പർ -S0237/21

| | |
|---|---|
| പ്രോജക്റ്റിന്റെ | പെയിൻ ആൻഡ് പാലിയേറ്റീവ് (സ്പിൽ |

| | |
|---|---|
| പേര് | ഓവർ) |
| അടങ്കൽ | ₹177998; വികസന ഫണ്ട്-77998, ജില്ലാ പഞ്ചായത്ത് വിഹിതം- 100000 |
| ചെലവഴിച്ച തുക | ₹159372; (59380- വികസന ജില്ലാ പഞ്ചായത്ത് വിഹിതം-99992) |

2) പ്രോജക്ട് നമ്പർ -S00034/21

| | |
|---|---|
| പ്രോജക്ടിന്റെ പേര് | പെയിൻ ആൻഡ് പാലിയേറ്റീവ് |
| അടങ്കൽ | ₹700000 (വികസന ഫണ്ട്-399000, ജില്ലാ പഞ്ചായത്ത് വിഹിതം-1000 മെയിന്റനൻസ് ഫണ്ട് റോഡിതരം-300000 |
| ചെലവഴിച്ച തുക | ₹ 6,38,319 വികസന ഫണ്ട്-369479 മെയിന്റനൻസ് ഫണ്ട് റോഡിതരം-268840 |

മേൽ സൂചിപ്പിച്ചപ്രകാരം പരിയാരം ഗ്രാമ പഞ്ചായത്തിലെ സാന്ത്വന പരിചരണ പദ്ധതിയുടെ നിർവഹണത്തിനായി 2020-21 വർഷം ₹ 797691 ചെലവഴിച്ചിട്ടുണ്ട്. സാന്ത്വന പരിചരണ പദ്ധതിയുമായി ബന്ധപ്പെട്ട് താഴെ ചേർക്കും പ്രകാരമുള്ള അപാകങ്ങൾ കാണുന്നു.

<u>1) പി.എം. സി കൃത്യമായി യോഗം ചേരുന്നില്ല.</u>

07-03-2019ലെ സ.ഉ. (സാധാ) നമ്പർ-553/2019/ ത.സ്വ.ഭ.വ നമ്പറായി പുറപ്പെടുവിച്ച പാലിയേറ്റീവ് പരിചരണ പ്രവർത്തനങ്ങളുടെ പരിഷ്കരിച്ച മാർഗ രേഖ ഖ.2.9.2 പ്രകാരം പാലിയേറ്റീവ് കെയർ മാനേജ്മെന്റ് കമ്മറ്റി രണ്ട് മാസത്തിലൊരിക്കലോ ആവശ്യാനുസരണമോ യോഗം ചേരേണ്ടതാണ്. എന്നാൽ പരിയാരം ഗ്രാമ പഞ്ചായത്തിലെ പി.എം.സി 2020-21 വർഷം രണ്ടു തവണ (18-09-20 & 17-03-2021) മാത്രമേ യോഗം ചേർന്നതായി കാണുന്നുള്ളു. ഓരോ മാസത്തെയും റിപ്പോർട്ടും വരവ് ചെലവ് കണക്കുകളും യോഗത്തിൽ അവതരിപ്പിക്കുകയും അംഗീകരിക്കുകയും ചെയ്യേണ്ടതാണ്. റിപ്പോർട്ട് അവതരിപ്പിക്കുന്നുണ്ടെങ്കിലും വരവ് ചെലവ് കണക്കുകൾ അവതരിപ്പിച്ചതായോ അംഗീകരിക്കുന്നതായോ മിനട്ട്സിൽ രേഖപ്പെടുത്തി കാണുന്നില്ല.

<u>2)സന്നദ്ധ പ്രവർത്തകരുടെ സംഘം രൂപീകരിച്ചിട്ടില്ല</u>

മാർഗരേഖ ഖ.2.2.3 പ്രകാരം പരിശീലനം സിദ്ധിച്ച സന്നദ്ധ പ്രവർത്തകരുടെ സംഘം ഓരോ വാർഡിലും രൂപീകരിക്കേണ്ടതുണ്ട്. എന്നാൽ പരിയാരം ഗ്രാമ പഞ്ചായത്തിൽ ഇപ്രകാരം സംഘം രൂപീകരിച്ചിട്ടില്ല.

<u>3) ആരോഗ്യ അവലോകന സമിതികൾ സജീവമല്ല.</u>

കോവിഡ് മഹാമാരി കാരണം 2020-21 വർഷം വാർഡ് തലത്തിൽ ആരോഗ്യ അവലോകന സമിതികൾ പ്രവർത്തിച്ചിരുന്നില്ല എന്നാണ് നിർവഹണ ഉദ്യോഗസ്ഥൻ മറുപടി നൽകിയത്.

<u>4) പരിശീലന പരിപാടികൾ നടത്തിയിട്ടില്ല.</u>

മാർഗ്ഗരേഖ ഖ.2.3.1ൽ നിർദ്ദേശിച്ചതിനു വിരുദ്ധമായി 2020-21 വർഷത്തിൽ സബ് സെന്റർ തലത്തിൽ ജീവിത ശൈലി മാറ്റങ്ങൾക്കാവശ്യമായ ക്ലാസുകളും പരിശീലന പരിപാടികളും നടത്തിയതായികാണുന്നില്ല. കൂടാതെ ഹോം കെയർ ടീമിലെ അംഗങ്ങൾക്ക് പ്രത്യേക പ്രായോഗിക പരിശീലനവും നൽകിയതായി കാണുന്നില്ല. (ഖണ്ഡിക 2.4.5)

<u>5) പ്രാദേശികമായി വിഹിതം സമാഹരിക്കുന്നില്ല.</u>

ഖ 2.12.1ൽ ഹോം കെയർ സംവിധാനവും അനുബന്ധ പ്രവർത്തനങ്ങളും നടപ്പാക്കുന്നതിന് പ്രാദേശിക വിഹിതം സമാഹരിക്കുന്നതിന് ഊർജ്ജിത ശ്രമം നടത്തണമെന്ന് നിർദ്ദേശിച്ചിരുന്നു. പരിയാരം ഗ്രാമ പഞ്ചായത്തിൽ ഇപ്രകാരം വിഭവ സമാഹരണം നടത്തുന്നില്ല.

അപാകങ്ങൾ പരിഹരിച്ച് വിശദമായ മറുപടി ലഭ്യമാക്കേണ്ടതാണ്.

## 1-35 NHM – ആയുർവേദ ഡിസ്പെൻസറിക്ക് മരുന്ന് വാങ്ങിയത് - സ്റ്റോക്കിലെടുത്തിട്ടില്ല - 37637 രൂപ ഓഡിറ്റ് തടസ്സപ്പെടുത്തുന്നു

| | |
|---|---|
| നിർവഹണ ഉദ്യോഗസ്ഥ | മെഡിക്കൽ ഓഫീസർ (ആയുർവേദം) |
| പ്രോജക്ട് നം. | 61/20-21, NHM – ആയുർവേദ |

| | |
|---|---|
| & പേര് | ഡിസ്പെൻസറിക്ക് മരുന്ന് വാങ്ങൽ |
| അടങ്കൽ | ₹400000 (MG-NR) |
| ചെലവ് | ₹400000 |
| ബിൽ നം. & തീയതി | BRN 20190352008400379991/26.7.2020 - ₹100000<br>BRN 20190352008400863853/27.12.2020 -₹300000 |

NHM –ആയുർവേദ ഡിസ്പെൻസറിക്ക് 400000 രൂപയുടെ മരുന്ന് വാങ്ങുന്നതാണ് പ്രോജക്ട്. 300000 രൂപയുടെ മരുന്നുകൾ പാട്യം സോഷ്യൽ സർവീസ് സൊസൈറ്റിയിൽ നിന്നും 100000 രൂപയുടെ മരുന്നുകൾ ഔഷധിയിൽ നിന്നുമാണ് വാങ്ങിയത്.

1. പാട്യം സോഷ്യൽ സർവീസ് സൊസൈറ്റിയിൽ നിന്നും വാങ്ങിയ ചുവടെ ചേർത്തിട്ടുള്ള മരുന്നുകൾ സ്റ്റോക്കിലെടുത്തതായി കാണുന്നില്ല.

| ഇൻവോയിസ് നം. & തീയതി | മരുന്നിന്റെ പേര് | വാങ്ങിയത് (എണ്ണം) | വില (₹) |
|---|---|---|---|
| 185/13.8.2020 | ദശമൂലഹരീതകി ലേഹ്യം | 70 | @37<br>70x37=2590 |
| 445/13.8.2020 | ഗന്ധർവഹസ്താദി കഷായം ചൂർണ്ണം | 1 | 32471 |
| 445/13.8.2020 | ചുക്കുംതിപ്പലാദി ഗുളിക | 7 | |
| 445/13.8.2020 | മുസ്താരിഷ്ടം | 100 | |
| 445/13.8.2020 | മഞ്ചിഷ്ഠാദികഷായം | 50 | |
| 445/13.8.2020 | താലീസപത്രാദി ചൂർണ്ണം | 75 | |
| 445/13.8.2020 | ഗുൽഗ്ലുപഞ്ചപലചൂർണ്ണം | 130 | |
| 445/13.8.2020 | പ്രസാരണ്യാദികഷായം | 28 | |
| 445/13.8.2020 | സൂര്യപ്രഭഗുളിക | 21 | |
| 445/13.8.2020 | നാഗരാദിചൂർണ്ണം | 129 | |

2.പാട്യം സോഷ്യൽ സർവീസ് സൊസൈറ്റിയിൽ നിന്നും വാങ്ങിയ ചുവടെ ചേർത്തിട്ടുള്ള മരുന്ന് കുറവായി സ്റ്റോക്കിലെടുത്തു

| ഇൻവോയിസ് നം. & തീയതി | മരുന്നിന്റെ പേര് | വിതരണം ചെയ്തത് | വാങ്ങിയത് (എണ്ണം) | കുറവ് | വില (₹) |
|---|---|---|---|---|---|
| 868/11.12.2020 | ഇളനീർ കുഴമ്പ് (10 Ml) | 122 | 10 | 112 | @23<br>112x23<br>2576 |

വാങ്ങിയ 122 ബോട്ടിൽ ഇളനീർകുഴമ്പിൽ മുൻബാക്കിയായ10 എണ്ണം ഉൾപ്പെടെ 20 എണ്ണമാണ് സ്റ്റോക്ക് രജിസ്റ്റർ പേജ് 116 ൽ രേഖപ്പെടുത്തിയത്.

മേൽ അപാകങ്ങൾക്ക് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം. 3/20.5.2022 ന് മേൽ ഇൻവോയിസ് പ്രകാരമുള്ള മരുന്നുകൾ സ്റ്റോക്ക് രജിസ്റ്ററിൽ വരവ് വെയ്ക്കാൻ അന്നത്തെ ചാർജ് മെഡിക്കൽ ഓഫീസർ വിട്ടുപോയതാണെന്നും എല്ലാ മരുന്നുകളും സ്റ്റോക്കിൽ ഉള്ളതായി പരിശോധിച്ച് ബോധ്യപ്പെട്ടിട്ടുണ്ടെന്നുമുള്ള മറുപടിയാണ് ലഭ്യമാക്കിയത്. സ്റ്റോക്ക് രജിസ്റ്റർ പരിശോധനയ്ക്ക് ലഭ്യമാക്കുന്നതുവരെ ചെലവ് തുകയായ 37637 (2590 + 32471 + 2576) രൂപ ഓഡിറ്റ് തടസ്സപ്പെടുത്തുന്നു.

## 1-36 റോഡ് ടാറിംഗ് പ്രവൃത്തികൾ-ബിറ്റുമിൻ പർച്ചേസ് ബില്ലുകൾ ഫയലിൽ സൂക്ഷിച്ചിട്ടില്ല

റോഡ് ടാറിംഗ് പ്രവൃത്തികൾക്കായി കരാറുകാർ നേരിട്ട് ബിറ്റുമിൻ വാങ്ങി ഉപയോഗിക്കുന്ന സാഹചര്യങ്ങളിൽ

ഒറിജിനൽ ബിൽ കർശനമായും ഫയലിൽ സൂക്ഷിക്കേണ്ടതാണെന്ന് തദ്ദേശസ്വയംഭരണ വകുപ്പിന്റെ 08.11.2016-ലെ ജി.ഒ.(ആർടി) 3049/2016 നമ്പർ ഉത്തരവിൽ നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ ഗ്രാമപഞ്ചായത്ത് 2020-21 വാർഷിക പദ്ധതി പ്രകാരം നടപ്പാക്കിയ റോഡ് ടാറിംഗ് പ്രവൃത്തികളുടെ ബിറ്റുമിൻ പർച്ചേസ് ബില്ലുകൾ ഫയലിൽ അസിസ്റ്റന്റ് എൻജിനീയർ സാക്ഷ്യപ്പെടുത്തി സൂക്ഷിച്ചിട്ടില്ല. ബിറ്റുമിൻ പർച്ചേസ് ബില്ലുകൾ ഓരോ പ്രവൃത്തി ഫയലിലും പ്രത്യേകമായി സൂക്ഷിക്കാത്തതിനാൽ ബിറ്റുമിൻ വാങ്ങലിന്റെയും ഉപയോഗത്തിന്റെയും കൃത്യത ഉറപ്പാക്കാനായിട്ടില്ല. കരാറുകാരൻ ബിറ്റുമിൻ വാങ്ങിയതിന്റെ ബില്ലുകൾ ഓരോ പ്രവൃത്തിയുടെയും ഫയലുകളിൾ പ്രത്യേകം സൂക്ഷിക്കേണ്ടതാണ്.

## 1-37 പൊതുമരാമത്ത് പ്രവൃത്തികളിൽ മോണിറ്ററിംഗ് നടക്കുന്നില്ല.

ഗ്രാമപഞ്ചായത്തിലെ പൊതുമരാമത്ത് പ്രവൃത്തികൾ സംബന്ധിച്ച ഫയലുകളിലൊന്നിലും തന്നെ പ്രവൃത്തികൾ മോണിറ്ററിംഗ് ചെയ്തതിന്റെ രേഖകളില്ല.പൊതുമരാമത്ത് പ്രൊജക്ട് നടപ്പിലാക്കുമ്പോൾ പാലിക്കേണ്ട മോണിട്ടറിംഗ് സംവിധാനത്തെക്കുറിച്ച് വ്യക്തമായ നിർദ്ദേശങ്ങൾ സ.ഉ.(കൈ)നം.11/2018 ത.സ്വ.ഭ.വ. തീയതി 29.01.2018പ്രകാരം നൽകിയിട്ടുണ്ട്. മേൽ ഉത്തരവ് ഖണ്ഡിക13.1 അനുസരിച്ച് മോണിട്ടറിംഗ് സമിതി യോഗം ചേർന്ന് മോണിട്ടറിംഗ് റിപ്പോർട്ട് തയ്യാറാക്കി യഥാസമയം നിർവ്വഹണ ഉദ്യോഗസ്ഥനും ഭരണസമിതിക്കും നൽകേണ്ടതാണ്.ഖണ്ഡിക 13.2 അനുസരിച്ച് വർക്കിംഗ് ഗ്രൂപ്പിന്റെ കൺവീനർ നിർവ്വഹണ ഉദ്യോഗസ്ഥനാണെങ്കിൽ മറ്റൊരു ഉദ്യോഗസ്ഥനെ ഭരണസമിതി തീരുമാനിച്ച് സെക്രട്ടറി രേഖാമൂലം വർക്കിംഗ് ഗ്രൂപ്പിനെ അറിയിക്കേണ്ടതാണ്.ഖണ്ഡിക 13.5 അനുസരിച്ച് പ്രവൃത്തിയുടെ പേര്, വർഷം, കരാറുകാരന്റെയും എഞ്ചിനീയറുടേയും പേര്, ഫോൺ നമ്പർ, അടങ്കൽ തുക, പ്രവൃത്തി ഇനങ്ങൾ, ഉപയോഗിക്കേണ്ട സാധനസാമഗ്രികളുടെ അളവ് എന്നിവ പ്രവൃത്തി സ്ഥലത്ത് പ്രദർശിപ്പിക്കണം. പ്രവൃത്തി പൂർത്തിയായതിന് ശേഷം പേര്, വർഷം, ചെലവഴിച്ച തുക, ഫണ്ട് തുടങ്ങിയവയും പ്രദർശിപ്പിക്കണം. എന്നാൽ അസിസ്റ്റന്റ് എൻജിനീയർ നിർവഹണം നടത്തിയ പ്രൊജക്ടുകളിലൊന്നിലും തന്നെ മോണിറ്ററിംഗ് കമ്മറ്റി റിപ്പോർട്ട് ഉൾപ്പെടുത്തിയിട്ടില്ല.2020-21വർഷത്തെ വർക്കിംഗ് ഗ്രൂപ്പ് മിനട്സിലും മോണിറ്ററിംഗ് സംബന്ധിച്ച് ഒരു ചർച്ചയും നടന്നിട്ടില്ല.പ്രോജക്ട് പൂർത്തീകരണ സാക്ഷ്യപത്രം പ്രൊജക്ട് ഫയലിൽ ചേർത്തിട്ടില്ല.

പൊതുമരാമത്ത് പദ്ധതികളുടെ നടത്തിപ്പിൽ മേൽ പറഞ്ഞ നടപടികൾ സ്വീകരിക്കാത്തതിന് വിശദീകരണം നൽകേണ്ടതാണ്.

## 1-38 ആസ്തികൾ സംരക്ഷിക്കുന്നതിൽ ഗുരുതരവീഴ്ചകൾ

ഗ്രാമപഞ്ചായത്തിന്റെ അധീനതയിലുള്ള സ്ഥലങ്ങളും കെട്ടിടങ്ങളും സംരക്ഷിക്കുന്നതിൽ ഗുരുതരമായ വീഴ്ച സംഭവിച്ചതായും പഞ്ചായത്ത് ഭൂമിയിൽ കൈയ്യേറ്റം നടന്നതായും പരിശോധനയിൽ കണ്ടെത്തിയിട്ടുണ്ട്.

### 1-38-1 ഗ്രാമപഞ്ചായത്ത് ഭൂമിയും കെട്ടിടവും കൈവശപ്പെടുത്തിയ വായനശാല കമ്മിറ്റിക്ക് അനുവദിച്ച വ്യാജപട്ടയം റദ്ദാക്കിയെങ്കിലും ദേശീയപാതവികസനത്തിന് വേണ്ടി ഏറ്റെടുത്ത സ്ഥലത്തിന്റെ നഷ്ടപരിഹാരത്തുക 1.03കോടി രൂപ ഗ്രാമപഞ്ചായത്തിന് ലഭിച്ചില്ല.

ഫയൽ നമ്പർ-ബി-1/3979/12

നാഷണൽ ഹൈവേയോട് ചേർന്ന് പരിയാരം ഗ്രാമപഞ്ചായത്ത് ബോർഡ് നിർമ്മിച്ച പരിയാരം സാമൂഹ്യവിനോദകേന്ദ്രം,അതിനോട് ചേർന്നുള്ള പൊതുകിണർ, മഴവെള്ളസംഭരണി, തുടർവിദ്യാകേന്ദ്രം എന്നിവ ഉൾപ്പെടുന്ന കെട്ടിട സമുച്ചയമുൾപ്പെടുന്ന സ്ഥലം വർഷങ്ങൾക്ക് മുൻപ് പരിയാരം ഗ്രാമപഞ്ചായത്തിന് കൈമാറി ലഭിച്ച സർക്കാർ ഭൂമിയാണെന്നും പ്രസ്തുത സ്ഥലവും കെട്ടിടവും വായനശാല കമ്മിറ്റി അനധികൃതമായി കൈവശപ്പെടുത്തി സ്ഥലത്ത് ഉണ്ടായിരുന്ന തേക്ക് മരങ്ങൾ ഉൾപ്പെടെ മുറിച്ച് മാറ്റിയിട്ടുണ്ടെന്നും ഇത്തരം നടപടികൾക്കെതിരെ തുടർനടപടികൾ സ്വീകരിക്കണമെന്നുമാവശ്യപ്പെട്ട് 2012 വർഷത്തിൽ (16-02-2012) ലഭിച്ച പരാതിയെത്തുടർന്ന് നടത്തിയ അന്വേഷണങ്ങൾക്കൊടുവിലാണ് ഗ്രാമപഞ്ചായത്തിന്റെ 0.0848 ഹെക്ടർ സ്ഥലവും കെട്ടിടവും (റീ സർവ്വെ നമ്പർ-107/13,പഴയ സർവ്വെ നമ്പർ-64/4,144) വായനശാല കമ്മിറ്റി വ്യാജപട്ടയമുണ്ടാക്കി കൈക്കലാക്കിയതായി ഗ്രാമപഞ്ചായത്തിന് രേഖാമൂലമുള്ള വിവരം ലഭിച്ചത്. തുടർന്ന് ഗ്രാമപഞ്ചായത്ത് ലാൻഡ് റീഫോംസ് അപ്പലേറ്റ് അതോറിറ്റി,കണ്ണൂരിനെ സമീപിക്കുകയും പയ്യന്നൂർ ലാൻഡ് ട്രിബ്യൂണൽ വായനശാലക്ക് അനുവദിച്ച ക്രയസർട്ടിഫിക്കറ്റ് 11-10-2018 ന് അപ്പലേറ്റ് അതോറിറ്റി (എൽ.ആർ), കണ്ണൂർ റദ്ദ് ചെയ്യുകയുമുണ്ടായി. നാഷണൽ ഹൈവേ വികസിപ്പിക്കുന്നതിന്റെ ഭാഗമായി പ്രസ്തുത സ്ഥലത്തിലെ 0.0639 ഹെക്ടർ സ്ഥലം സർക്കാർ ഏറ്റെടുക്കുകയുണ്ടായി. എന്നാൽ പയ്യന്നൂർ ലാൻഡ് ട്രിബ്യൂണൽ വായനശാലക്ക് അനുവദിച്ച ക്രയസർട്ടിഫിക്കറ്റ് 11-10-2018 ന് റദ്ദാക്കിയ വിവരം സ്പെഷൽ ഡെപ്യൂട്ടി കലക്ടർ,എൽ.എ.എൻ.എച്ച്.എ.ഐ,തളിപ്പറമ്പിനെ പരിയാരം ഗ്രാമപഞ്ചായത്ത് സെക്രട്ടറി അറിയിച്ചത് 04-08-2021 ന് മാത്രമാണെന്നാണ് രേഖകളിൽ നിന്നും വ്യക്തമാവുന്നത്.എന്നാൽ ഇതിനിടയിൽ 03-02-2020 തീയതിയിൽ തന്നെ കെ.കെ.എൻ പരിയാരം സ്മാരകവായനശാലയുടെ പേരിൽ കോമ്പൻസേഷൻ

തുകയായ 1,03,31,708രൂപ അവാർഡ്(എൽ.എ.സി 838 കേസ്) ആകുകകയും നഷ്ടപരിഹാരത്തുകയായി 1,03,31,708രൂപ വായനശാലകമ്മിറ്റിക്ക് അനുവദിക്കുന്നതിന് ഉത്തരവാകുകയും ചെയ്തു. എന്നാൽ നഷ്ടപരിഹാരത്തുകയുടെ കൈമാറ്റം നടന്നിരുന്നില്ല. പട്ടയം റദ്ദാക്കിയതിനെതിരെ വായനശാലകമ്മിറ്റി ഹൈക്കോടതിയിൽ നിലവിൽ അപ്പീൽ ഫയൽ ചെയ്തിട്ടുള്ളതിനാൽ പ്രസ്തുത അപ്പീലിൽ തീരുമാനമാകുന്നത് വരെ നഷ്ടപരിഹാരത്തുക അനുവദിക്കുന്നതിൽ തീരുമാനമെടുക്കുന്നത് മാറ്റിവെച്ചിരിക്കുകയാണ്.

പയ്യന്നൂർ ലാൻഡ് ട്രൈബ്യൂണലിന്റെ 27-09-2006 തീയതിയിലെ 596 -ാം നമ്പർ ക്രയവിക്രയസർട്ടിഫിക്കറ്റ് പ്രകാരം നാഷണൽ ഹൈവേയോട് ചേർന്ന് പരിയാരം ഗ്രാമപഞ്ചായത്ത് ബോർഡ് നിർമ്മിച്ച പരിയാരം സാമൂഹ്യവിനോദകേന്ദ്രം, മഴവെള്ളസംഭരണി, തുടർവിദ്യാകേന്ദ്രം എന്നിവ ഉൾപ്പെടുന്ന 10.5സെന്റ് സ്ഥലമുൾപ്പെടെ ചേർത്ത് വായനശാലകമ്മിറ്റി പട്ടയം വാങ്ങിക്കുകയായിരുന്നുവെന്നും പ്രസ്തുതപട്ടയത്തിന്റെ സാധുത ചോദ്യം ചെയ്ത് അപ്പീൽ നൽകുകയും എ എ 39/2013 ഉത്തരവ് പ്രകാരം ഗ്രാമപഞ്ചായത്തിന് അവകാശപ്പെട്ട ഭൂമി തിരികെ ലഭിക്കുകയും ചെയ്തിട്ടുണ്ടെന്നുമാണ് ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (17/23-05-2022) സ്ഥാപനം ലഭ്യമാക്കിയ മറുപടി. ദേശീയപാത ലാൻഡ് അക്വസിഷൻ പ്രകാരം 8 സെന്റ് സ്ഥലം ഏറ്റെടുത്തതിൽ 7 സെന്റ് സ്ഥലം ഗ്രാമപഞ്ചായത്തിനും 1 സെന്റ് സ്ഥലം വായനശാല കമ്മിറ്റിക്കും അവകാശപ്പെട്ടതാണെന്നാണ് മനസ്സിലാക്കുവാൻ സാധിക്കുന്നതെന്നും അതിനാൽ മുഴുവൻ തുക ഗ്രാമപഞ്ചായത്തിന് അനുവദിക്കുന്നതിനെതിരെ വായനശാലകമ്മിറ്റി വീണ്ടും ദേശീയപാത ലാൻഡ് അക്വസിഷൻ അധികൃതർക്ക് പരാതി നൽകുകയും പിന്നീട് 04-08-2021 ന് സ്പെഷൽ ഡെപ്യൂട്ടി കലക്ടറോട് തുക അനുവദിക്കുന്നതിന് ആവശ്യപ്പെട്ട് കത്ത് നൽകിയെങ്കിലും ഇതു സംബന്ധിച്ച് ഹൈക്കോടതിയിൽ കേസ് രജിസ്റ്റർ ചെയ്തിരിക്കുന്നതിനാൽ നഷ്ടപരിഹാരത്തുക കോടതിയിൽ കെട്ടിവെച്ചിരിക്കുകയാണെന്നും കോടതി ഉത്തരവ് പ്രകാരം തുടർനടപടികൾ സ്വീകരിക്കുന്നതാണെന്നും അറിയിക്കുകയുണ്ടായി. സ്ഥലം സംബന്ധിച്ച് അന്തിമതീർപ്പ് വരാത്തതിനാലാണ് തേക്ക് മരങ്ങൾ മുറിച്ച് മാറ്റിയ വായനശാല കമ്മിറ്റിക്കെതിരെ നടപടികൾ സ്വീകരിക്കാതിരുന്നതെന്നും വർഷങ്ങളായി സ്ഥലത്തിന്റെ ഭൂനികുതി ഒടുക്കിയിട്ടില്ലെന്നും കോടതിയിലുള്ള കേസിലെ വിധിയായയതിന് ശേഷം ഇക്കാര്യത്തിൽ തുടർനടപടി സ്വീകരിക്കുമെന്നും ഗ്രാമപഞ്ചായത്ത് അറിയിച്ചിട്ടുണ്ട്.

ഗ്രാമപഞ്ചായത്തിന് കൈമാറി ലഭിച്ച സ്ഥലം പോക്കുവരവ് നടത്തി റവന്യൂ രേഖകൾ കാലികമാക്കി ഭൂനികുതി ഒടുക്കാതെയിരുന്നതാണ് പ്രസ്തുതകെട്ടിടത്തിൽ താൽക്കാലികമായി പ്രവർത്തിച്ച് വന്നിരുന്ന വായനശാല കമ്മിറ്റിക്ക് ഇത്തരത്തിൽ വ്യാജപട്ടയമുണ്ടാക്കി സ്ഥലം കൈക്കലാക്കുന്നതിന് അവസരമുണ്ടായതെന്ന് വ്യക്തമാണ്. മേൽസൂചിപ്പിച്ച പ്രകാരം ലഭിച്ച സ്ഥലത്തിന്റെ റവന്യൂരേഖകൾ കാലികമാക്കുന്നതിൽ ഗ്രാമപഞ്ചായത്തിന്റെ ഭാഗത്തുനിന്നുണ്ടായ ഗുരുതരമായ പിഴവ് മുതലടുത്താണ് പ്രസ്തുതകെട്ടിടത്തിൽ പ്രവർത്തിച്ചിരുന്ന വായനശാല കമ്മിറ്റി സ്ഥലവും കെട്ടിടവും കൈക്കലാക്കിയതും വിലകൂടിയ തേക്ക് മരങ്ങൾ ഉൾപ്പെടെയുള്ളവ മുറിച്ച് മാറ്റി കൈക്കലാക്കിയതും.സ്ഥലം സംരക്ഷിക്കുന്നതിൽ ഗ്രാമപഞ്ചായത്തിന്റെ ഭാഗത്തുനിന്നുണ്ടായ ഗുരുതരമായ വീഴ്ച മൂലം നാഷണൽ ഹൈവേ വികസനത്തിന്റെ ഭാഗമായി സർക്കാർ ഏറ്റെടുത്ത സ്ഥലത്തിന്റെ നഷ്ടപരിഹാരത്തുകയായ 1,03,31,708രൂപ ലഭിക്കാതെയിരിക്കുന്ന സാഹചര്യമുണ്ടാകാനിടയായി. ദേശീയ പാത വികസനത്തിന്റെ ഭാഗമായി സർക്കാർ ഏറ്റെടുത്ത സ്ഥലത്തിന്റെ നഷ്ട പരിഹാരത്തുക ലഭിക്കുന്നതിന് സത്വര നടപടി സ്വീകരിക്കേണ്ടതും ഇതു സംബന്ധിച്ച തുടർ നടപടികളുടെ വിവരം അറിയിക്കേണ്ടതുമാണ്.

## 1-38-2 നാഷണൽ ഹൈവേക്ക് വേണ്ടി ഏറ്റെടുത്ത ഗ്രാമപഞ്ചായത്ത് അംഗൻവാടി കെട്ടിടവും സ്ഥലവും -സ്ഥലത്തിന്റെ നഷ്ടപരിഹാരം -21,06,420/-രൂപ അംഗൻവാടി വർക്കറുടെ വ്യക്തിഗത അക്കൗണ്ടിലേക്ക് കൈമാറിയത്- ഉടമസ്ഥാവകാശത്തിൽ അവ്യക്തത.

ഗ്രാമപഞ്ചായത്തിന്റെ അധീനതയിൽ പതിനഞ്ചാം വാർഡിലെ എൺപതാം നമ്പർ അംഗൻവാടി കെട്ടിടവും സ്ഥലവും ദേശീയപാതവികസനത്തിന് വേണ്ടി സർക്കാർ ഏറ്റെടുക്കുകയും നഷ്ടപരിഹാരത്തുക അനുവദിക്കുകയുമുണ്ടായി. അംഗൻവാടി കെട്ടിടത്തിനുള്ള നഷ്ടപരിഹാരത്തുക (1819285/-രൂപ) ഗ്രാമപഞ്ചായത്തിന്റെ അക്കൗണ്ടിലേക്ക് ലഭിച്ചപ്പോൾ അംഗൻവാടി സ്ഥിതി ചെയ്യുന്ന സ്ഥലത്തിന്റെ നഷ്ടപരിഹാരത്തുകയായ 21,06,420/-രൂപ പ്രസ്തുത കാലയളവിൽ അവിടെയുണ്ടായിരുന്ന അംഗൻവാടി വർക്കറുടെ പേരിലാണ് അനുവദിച്ചത്. സ്ഥലത്തിന്റെ ഉടമസ്ഥാവകാശം അംഗൻവാടി വർക്കറുടെ പേരിലായതെങ്ങനെയെന്ന് വ്യക്തമല്ല.

ഭരണസമിതിയുടെ 29.09.2021 തീയതിയിലെ 189/2021 നമ്പർ തീരുമാനം താഴെപ്പറയും പ്രകാരമാണ്.

15ാം വാർഡിൽ സ്ഥിതി ചെയ്യുന്ന പരിയാരം അങ്കണവാടി കെട്ടിടം NH സ്ഥലമെടുപ്പുമായി ബന്ധപ്പെട്ട് ഒഴിപ്പിച്ചിരുന്നതായും സ്ഥലത്തിന്റെ COMPENSATION AMOUNT Rs 2106438/- (ഇരുപത്തൊന്ന ലക്ഷത്തി ആറായിരത്തി നാന്നൂറ്റി മുപ്പത്തി എട്ട് രൂപ മാത്രം) മഹിളാസമാജം പ്രസിഡന്റും അങ്കണവാടി വർക്കറുമായിരുന്ന (RETIRED On 30/4/21) ശ്രീമതി പി.ശാന്തകുമാരിയുടെ ബാങ്ക് അക്കൗണ്ടിൽ വന്നിട്ടുണ്ടെന്ന് അവർ രേഖാമൂലം അറിയിച്ച കാര്യം ഭരണ സമിതി മുമ്പാകെ അറിയിക്കുന്നതായും ടി തുകയുടെ കൈമാറ്റം സംബന്ധിച്ച് ഉചിതമായ തീരുമാനമെടുക്കണമെന്നുള്ള

ഐസിഡിഎസ് സൂപ്പർവൈസറുടെ അപേക്ഷ യോഗം ചർച്ച ചെയ്തു മേൽ തുക പഞ്ചായത്ത് അക്കൗണ്ടിൽ അടവാക്കുവാൻ തയ്യാറായാൽ ആയത് സ്വീകരിക്കുവാൻ തീരുമാനിച്ചു. തുടർന്ന് പ്രസ്തുത തുക മേൽ തീരുമാനത്തിന്റെയടിസ്ഥാനത്തിൽ ഗ്രാമപഞ്ചായത്തിന് കൈമാറുകയുണ്ടായി.

പരിയാരം ഗ്രാമപഞ്ചായത്തിലെ 15-ാം വാർഡിൽ സ്ഥിതി ചെയ്തിരുന്ന അങ്കണവാടി കെട്ടിടം നിലനിന്നിരുന്ന അഞ്ച് സെന്റ് സ്ഥലം മഹിളാ സമാജം കമ്മിറ്റിയുടെ പേരിലായിരുന്നുവെന്നും പ്രസ്തുത സ്ഥലം മഹിളാസമാജം സെക്രട്ടറിയായിരുന്ന പി.ശാന്തകുമാരിയുടെ പേരിൽ രജിസ്റ്റർ ചെയ്ത് വാങ്ങിയതായിരുന്നുവെന്നും പിന്നീട് ഈ സ്ഥലത്ത് അങ്കണവാടി കെട്ടിടം നിർമ്മിക്കുവാൻ അനുമതി ലഭിച്ചതിന്റെയടിസ്ഥാനത്തിൽ കെട്ടിടം നിർമ്മിക്കുകയും ദേശീയപാതക്കായി പ്രസ്തുത സ്ഥലം ഏറ്റെടുത്തപ്പോൾ ലഭിച്ച നഷ്ടപരിഹാരത്തുക പഞ്ചായത്തിനെ ഏൽപ്പിക്കുവാൻ തയ്യാറാണെന്ന് അറിയിച്ചുപ്രകാരമാണ് ഭരണസമിതി തീരുമാനത്തിന്റെയടിസ്ഥാനത്തിൽ പി.ശാന്തകുമാരിയിൽ നിന്നും തുക (24-01-2022 ന് 21,06,420/-രൂപ ഗ്രാമപഞ്ചായത്തിന് നൽകി) കൈപ്പറ്റിയതെന്നുമാണ് ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (18/23-05-2022) സ്ഥാപനം നൽകിയ മറുപടി. അങ്കണവാടി കെട്ടിടത്തിന്റെ നഷ്ടപരിഹാരത്തുക ഗ്രാമപഞ്ചായത്തിന് അനുവദിച്ച വിവരം തഹസിൽദാർ വിളിച്ച് അറിയിക്കുകയും ആയത് പ്രകാരം ഗ്രാമപഞ്ചായത്ത് അക്കൗണ്ടിലേക്ക് ക്രെഡിറ്റ് ചെയ്യുകയാണുണ്ടായതെന്നും മറുപടി നൽകുകയുണ്ടായി. അങ്കണവാടി കെട്ടിടത്തിന്റെ നഷ്ടപരിഹാരത്തുക ഗ്രാമപഞ്ചായത്ത് അക്കൗണ്ടിലേക്ക് ലഭിച്ചപ്പോൾ കെട്ടിടം സ്ഥിതി ചെയ്യുന്ന സ്ഥലത്തിന്റെ നഷ്ടപരിഹാരത്തുക പി.ശാന്തകുമാരിയുടെ വ്യക്തിഗത അക്കൗണ്ടിലേക്ക് കൈമാറ്റവാനിടയായതിൽ അവ്യക്തത നിലനിൽക്കുന്നതിനാലും കോമ്പൻസേഷൻ അനുവദിച്ച ഉത്തരവുകൾ പരിശോധനക്ക് ഹാജരാക്കിയിട്ടില്ലാത്തതിനാലും സ്ഥലത്തിന്റെ ഉടമസ്ഥാവകാശം സംബന്ധിച്ച് രേഖകൾ പരിശോധനക്ക് ലഭ്യമല്ലാത്തതിനാലും ഇതു സംബന്ധിച്ച് ഗ്രാമപഞ്ചായത്ത് നൽകിയ മറുപടിയുടെ ആധികാരികത പരിശോധിക്കുവാനായിട്ടില്ല. ദേശീയപാതക്കരികിൽ ഗ്രാമപഞ്ചായത്തിന് ഭൂമിയുള്ളതിനാൽ ദേശീയപാതവികസനത്തിന്റെ ഭാഗമായി സർക്കാർ ഏറ്റെടുത്ത ഭൂമിയുടെയും കെട്ടിടങ്ങളുടെയും വിശദവിവരങ്ങളും നഷ്ടപരിഹാരം അനുവദിച്ച ഉത്തരവുകളും പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്.

## 1-38-3 ഗ്രാമപഞ്ചായത്ത് അധീനതയിലുള്ള ഭൂമി കൈയേറ്റം-അടിയന്തര തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.

പരിയാരം ഗ്രാമപഞ്ചായത്തിന് പരിയാരം,കുറ്റ്യേരി വില്ലേജുകളിലായി ഏക്കർകണക്കിന് ഭൂമി സ്വന്തമായിട്ടുണ്ട്. ഗ്രാമപഞ്ചായത്ത് അധീനതയിലുള്ള ഭൂമിയിൽ പരിയാരം വില്ലേജിലുൾപ്പെടുന്ന ചെറിയ ഒരു ഭാഗം ഭൂമിക്ക് മാത്രമാണ് നിലവിൽ ഭൂനികുതി ഒടുക്കിയിട്ടുള്ളത്.പ്രസ്തുത സ്ഥലത്തിനും ഭൂനികുതി കാലികമാക്കി ഒടുക്കിയിട്ടില്ല. (2018-19 വർഷം വരെ ഒടുക്കിയെന്ന് അറിയിച്ചിട്ടുണ്ട്.രേഖകൾ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.) ഗ്രാമപഞ്ചായത്തിന് എത്ര ഭൂമി നിലവിലുണ്ടെന്നത് സംബന്ധിച്ച രേഖകൾ കാലികമാക്കി ഗ്രാമപഞ്ചായത്തിൽ സൂക്ഷിച്ചിട്ടില്ല. ഭൂമിക്ക് പോക്ക് വരവ് നടത്തി തണ്ടപ്പേർ ലഭിക്കുന്നതടക്കമുള്ള നടപടികൾ സ്വീകരിക്കുന്നതിൽ ഗ്രാമപഞ്ചായത്ത് ഗുരുതരമായ വീഴ്ച വരുത്തിയിട്ടുണ്ട്.ഗ്രാമപഞ്ചായത്തിന്റെ ഭൂമിക്ക് പോക്ക് വരവ് നടത്തി തണ്ടപ്പേർ ലഭിക്കുന്നതടക്കമുള്ള നടപടികൾ സ്വീകരിക്കാതെയിരുന്നതിനാൽ മേൽ സൂചിപ്പിച്ച പ്രകാരം ഭൂമി അന്യാധീനപ്പെടുന്നതിനും വ്യാജപട്ടയംവരെയുണ്ടാക്കി കോടിക്കണക്കിന് രൂപ വിലവരുന്ന ഭൂമി ഒരു വായനശാല കമ്മറ്റി സ്വന്തമാക്കിയതുമായ വിഷയം ഗ്രാമപഞ്ചായത്തിലുണ്ടായിരിക്കെ ഭൂരേഖകൾ കാലികമാക്കുന്നതിലും സ്ഥലം ചുറ്റുമതിൽ കെട്ടി സംരക്ഷിക്കുന്നതിലും അടിയന്തരനടപടി സ്വീകരിക്കേണ്ടതുണ്ട്.ഗ്രാമപഞ്ചായത്ത് അധീനതയിലുള്ള മുഴുവൻ ഭൂമിക്കും നികുതി അടവാക്കുന്നതിന് സത്വര നടപടി സ്വീകരിക്കേണ്ടതും ഭൂരേഖകൾ കാലികമാക്കി വിശദാംശങ്ങൾ ആസ്തി രജിസ്റ്ററിൽ രേഖപ്പെടുത്തേണ്ടതും സ്ഥലം സംരക്ഷിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുന്നതിലേക്കുമായി ഇക്കാര്യം ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധയിൽപ്പെടുത്തുന്നു.

## 1-39 ക്ഷീരസംഘങ്ങളിലെ പാലളവ് സംബന്ധിച്ച രേഖകൾ ഹാജരാക്കിയില്ല. 1127634രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു

| | |
|---|---|
| നിർവഹണ ഉദ്യോഗസ്ഥൻ | ഡയറി ഫാം ഇൻസ്ട്രക്ടർ |
| പ്രോജക്ട് നമ്പർ | 172/21 |
| പ്രോജക്ടിന്റെ പേര് | ക്ഷീര കർഷകർക്ക് പാലിന് അധിക വില നൽകൽ |
| അടങ്കൽ | ₹ 1500000<br>വികസന ഫണ്ട്- ₹500000, |

| | |
|---|---|
| | ബ്ലോക്ക് വിഹിതം- ₹500000<br>ജില്ലാ പഞ്ചായത്ത് വിഹിതം -<br>₹ 500000 |
| ചെലവ് | ₹1127634<br>വികസന ഫണ്ട്-₹500000,<br>ബ്ലോക്ക് വിഹിതം -₹127634<br>ജില്ലാ പഞ്ചായത്ത് വിഹിതം ₹500000 |

നിർവഹണ ഉദ്യോഗസ്ഥൻ ഇ ബിൽ ബുക്കിന്റെ പകർപ്പ് പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. ചെലവ് വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം. | തുക | ഫണ്ട് | എ.സി.ആർ /സാംഖ്യ പ്രകാരമുള്ള ബിൽ നം. & തീയ്യതി |
|---|---|---|---|
| 1 | 500000 | വികസന ഫണ്ട് പൊതു വിഭാഗം | 297/9-02-2021 |
| 2 | 69912 | ബ്ലോക്ക് പഞ്ചായത്ത് വിഹിതം | 451/27-03-2021 |
| 3 | 57722 | ടി | 452/27-03-2021 |
| 4 | 500000 | ജില്ലാ പഞ്ചായത്ത് വിഹിതം | 459/30-03-2021 |
| ആകെ | 1127634 | | |

മേൽ പട്ടികകൾ പ്രകാരമുള്ള പ്രോജക്ട് നിർവഹണത്തിന്റെ ഭാഗമായി കുറ്റ്യേരി, ഇരിങ്ങൽ, തേറണ്ടി എന്നീ ക്ഷീരസംഘങ്ങളിലെ പാലളവ് സംബന്ധിച്ച് അതാത് ക്ഷീരോല്പാദക സഹകരണ സംഘം സെക്രട്ടറിമാരുടെ സാക്ഷ്യപ്പെടുത്തിയ പത്രിക പരിശോധനക്ക് ഹാജാരാക്കിയിട്ടില്ല.ക്ഷീരസംഘങ്ങളിലെ പാലളവ് സംബന്ധിച്ച് സാക്ഷ്യപ്പെടുത്തിയ പത്രിക പരിശോധനക്ക് ഹാജാരാക്കിയിട്ടില്ലാത്തതിനാൽ 1127634 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## ഭാഗം -2

## വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 2-1 മോട്ടോർ റണ്ണിംഗ് ഫീസ് ഈടാക്കിയിട്ടില്ല ₹11660/- വരവ് നഷ്ടം

1. താഴെപറയുന്ന സ്ഥാപനങ്ങളിൽ നിന്നും മോട്ടോർ റണ്ണിംഗ് ഫീസ് ( Permit Fee For Running Machinery) ഈടാക്കിയിട്ടില്ല

| ക്രമ നമ്പർ | സ്ഥാപനം | വാർഡ് നം/കെട്ടിട നമ്പർ | ഉടമസ്ഥന്റെ പേര് | യന്ത്രത്തിന്റെ കുതിരശക്തി | ഈടാക്കേണ്ട ഫീസ് (പട്ടിക 3 പ്രകാരം) | ലൈസൻസ് അനുവദിച്ച തീയതി |
|---|---|---|---|---|---|---|
| 1 | പശ നിർമ്മാണം | 5/253 | പി പി മൊയ്തീൻകുട്ടി | 18 | 200 | 03.03.2020 |

| | | | | | | |
|---|---|---|---|---|---|---|
| 2 | സിമന്റ് കട്ട നിർമ്മാണം | 18/650 C | മീത്തലെപുരയിൽ മൊയ്തീൻ | 12 | 200 | 03.08.2020 |
| 3 | ചകിരി നിർമ്മാണം | 14/379 | പരിയാരം യന്ത്രവൽകൃത ചകിരി സഹ. സംഘം | 66.5 | 1000 | 27.03.2021 |
| 4 | സോമിൽ | 18/652 A | സൈഫുദ്ദീൻ | 56 | 1000 | 31.03.2021 |
| 5 | ഫർണ്ണിച്ചർ നിർമ്മാണം | 17/219 A | സി അബ്ദുൾ കരീം | 761 | 7610 | 06.11.2020 |
| | | | ആകെ | | 10010 | |

ഗ്രാമപഞ്ചായത്തിൽ പുതിയ വ്യവസായ സ്ഥാപനങ്ങൾക്ക് ലൈസൻസ് അനുവദിക്കുമ്പോൾ ഇൻസ്റ്റലേഷൻ ഫീസ് വാങ്ങുന്നുണ്ടെങ്കിലും ലൈസൻസ് ചട്ടങ്ങൾ ചട്ടം 18 പ്രകാരമുള്ള മോട്ടോർ റണ്ണിംഗ് ഫീസ് ഈടാക്കിയിട്ടില്ല. മേൽ സ്ഥാപനങ്ങളിൽ ക്രമനമ്പർ - 5 ലെ സ്ഥാപനം 2020-21 വർഷം പുതുതായി ആരംഭിച്ചതാണ്.പ്രസ്തുത സ്ഥാപനത്തിൽ നിന്നും ഇൻസ്റ്റലേഷൻ ഫീസ് വാങ്ങിയിട്ടുണ്ടെങ്കിലും മോട്ടോർ റണ്ണിംഗ് ഫീസ് (Permit Fee For Running Machinery)ഈടാക്കിയിട്ടില്ല. മോട്ടോർ റണ്ണിംഗ് ഫീസിനത്തിൽ 7610/-രൂപ ഈടാക്കാതെ ലൈസൻസ് അനുവദിച്ചത് ക്രമപ്രകാരമല്ല. 2020-21, 2021-22 സാമ്പത്തിക വർഷത്തിൽ പുതിയ വ്യവസായ സ്ഥാപനങ്ങൾക്കുള്ള ലൈസൻസ് , മോട്ടോർ റണ്ണിംഗ് ഫീസ് ഈടാക്കാതെ അനുവദിച്ചത് സംബന്ധിച്ച് മറുപടി ലഭ്യമാക്കേണ്ടതാണ്.

2. താഴെപറയുന്ന സ്ഥാപനങ്ങളിൽ നിന്നും മോട്ടോർ റണ്ണിംഗ് ഫീസ് കുറവായാണ് ഈടാക്കിയത്

| ക്രമ നമ്പർ | സ്ഥാപനം | വാർഡ് നം/കെട്ടിട നമ്പർ | ഉടമസ്ഥന്റെ പേര് | യന്ത്രത്തിന്റെ കുതിരശക്തി | ഈടാക്കേണ്ട ഫീസ് (പട്ടിക 3 പ്രകാരം) | ഈടാക്കിയ ഫീസ്, രശീതി നമ്പർ/തീയതി | കുറവ് |
|---|---|---|---|---|---|---|---|
| 1 | പ്ലൈവുഡ് നിർമ്മാണം | 4/503-506 | പി ബഷീർ | 148 | 2000 | 1000/120020100011 /11.8.2020 | 1000 |
| 2 | ഈർച്ചമിൽ | 14/632 | ഗംഗാധരൻ | 46.5 | 500 | 400, 120020105583/ 15.01.2021 | 100 |
| 3 | മരമിൽ | 18/3223 A | ഉനൈസ് | 53 | 1000 | 500, 120020107532/27.2.21 | 500 |
| 4 | ഫർണ്ണിച്ചർ നിർമ്മാണം | 14/86 | ദേവദാസൻ പി വി | 7 1/2 | 100 | 50, 20020102435. 01.10.2020 | 50 |
| | | | | | ആകെ | | 1650 |

മേൽ അപാകങ്ങൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (16/21.05.2022)മറുപടി ലഭ്യമാക്കിയിട്ടില്ല. കുറവ് വന്ന 11660/- രൂപ (10010 + 1650) ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

## ഭാഗം -3

## ചെലവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 ഒറിജിനൽ ബില്ല് പ്രകാരം അനുവദിച്ച തുക താൽക്കാലിക രസീത് പ്രകാരവും നൽകി- ഭക്ഷ്യധാന്യങ്ങളുടെ വിലയിനത്തിൽ സിവിൽ സപ്ലൈസ് കോർപ്പറേഷന് 91656/-രൂപ അധികം നൽകി .

| | |
|---|---|
| നിർവ്വഹണോദ്യോഗസ്ഥൻ | ഐ സി ഡി എസ് സൂപ്പർവൈസർ |
| പ്രൊജക്ട് നമ്പർ | 65/21 |
| പ്രൊജക്ടിന്റെ പേര് | അങ്കണവാടി പോഷകാഹാരം |
| അടങ്കൽ | വികസനഫണ്ട് (പൊതുവിഭാഗം)- 1574779 |

| | |
|---|---|
| | വികസനഫണ്ട് (എസ് സി പി)-481686<br>കേന്ദ്രാവിഷ്കൃതഫണ്ട്-2943535<br>ആകെ-50,00,000 |
| ആകെ ചെലവ് തുക<br>( Gross Amount) | വികസനഫണ്ട് (പൊതുവിഭാഗം)- 1574779<br>വികസനഫണ്ട് (എസ് സി പി)-441302<br>കേന്ദ്രാവിഷ്കൃതഫണ്ട്-2919146<br>4935227 |
| വൗച്ചർ നമ്പർ/തീയതി | 1/29-06-2020<br>തുക-1574779 |

പ്രോജക്റ്റ് നിർവഹണത്തിന്റെ ഭാഗമായി മേൽസൂചിപ്പിച്ച വൗച്ചർ പ്രകാരം വിവിധ ചെലവുകൾക്കായി അനുവദിച്ച തുകയിൽ നിന്ന് 9,40,629/-രൂപ കേരള സ്റ്റേറ്റ് സിവിൽ സപ്ലൈസ് കോർപ്പറേഷൻ ലിമിറ്റഡ്, തളിപ്പറമ്പ, താലൂക്ക് ഡിപ്പോക്ക് ഭക്ഷ്യധാന്യങ്ങൾ വാങ്ങിയ ഇനത്തിൽ നൽകിയിട്ടുണ്ട്. എന്നാൽ ഭക്ഷ്യധാന്യങ്ങൾ വാങ്ങിയ ഇനത്തിൽ ഒറിജിനൽ ഇൻവോയ്സ് പ്രകാരം അനുവദിച്ച താഴെപ്പറയുന്ന ഇനങ്ങൾക്ക് സപ്ലൈകോയുടെ തന്നെ താൽക്കാലികരസീത് പ്രകാരവും തുക അനുവദിച്ചതായി കാണുന്നു. സപ്ലൈകോയുടെ ഒറിജിനൽ ഇൻവോയ്സ് പ്രകാരമുള്ള ഇനങ്ങൾ മാത്രം സ്റ്റോക്ക് രജിസ്റ്ററിൽ ചേർത്തിട്ടുണ്ട്. വിശദവിവരം ചുവടെ കൊടുക്കുന്നു.

| ഇനങ്ങളുടെ വിവരം | സപ്ലൈകോയുടെ ഒറിജിനൽ ബില്ല് നമ്പർ | തുക (ജി എസ് ടി ഉൾപ്പെടെ) | താൽക്കാലിക രസീതിന്റെ വിവരം |
|---|---|---|---|
| കേര കോക്കനട്ട് ഓയിൽ 1ലിറ്റർ പൗച്ച്,248 എണ്ണം. | SUP/1303901/20/13<br>Issue No-20593<br>തീയതി 20-04-2020 | 48876 | നമ്പർ/തീയതി രേഖപ്പെടുത്താത്ത താൽക്കാലിക രസീത്, മാവേലി സ്റ്റോർ, ചുടല |
| ചെറുപയർ പ്രീമിയം 345 Kg | SUP/1303901/20/12<br>Issue No-20593<br>തീയതി 20-04-2020 | 42780 | നമ്പർ/തീയതി രേഖപ്പെടുത്താത്ത താൽക്കാലിക രസീത്, മാവേലി സ്റ്റോർ, ചുടല |
| ആകെ | | 91656 | |

മേൽസൂചിപ്പിച്ച പ്രകാരം കേരള സ്റ്റേറ്റ് സിവിൽ സപ്ലൈസ് കോർപ്പറേഷൻ ലിമിറ്റഡ്,തളിപ്പറമ്പ,താലൂക്ക് ഡിപ്പോക്ക് അധികം നൽകിയ 91656/-രൂപ ഉത്തരവാദിയായവരിൽ നിന്നും ഈടാക്കേണ്ടതാണ്. ഭക്ഷ്യ ധാന്യ വിതരണം സംബന്ധിച്ച് സിവിൽ സപ്ലൈസ് കോർപ്പറേഷനിൽ നിന്നുള്ള വരവ് ചെലവുകളുടെ വിശദാംശങ്ങൾ (ലെഡ്ജർ) പരിശോധിച്ച് ഈയിനത്തിൽ കൂടുതൽ തുക നൽകിയിട്ടില്ലായെന്ന് ഉറപ്പുവരുത്തേണ്ടതും രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതുമാണ്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (30/24-05-2022) മറുപടി ലഭ്യമാക്കിയിട്ടില്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2020-21 | 18.05.22 &23.05.22 | നം.കെ.എസ്.എ./കെ.എൻ.ആർ./സി.3/782<br>തീയതി- 23-06-2022 |

### 4-2 സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| | മുന്നിരിപ്പ് | തൻവർഷം ലഭിച്ച തുക | ആകെ | പ്രൊജക്ടിന്റെ പേര്/നമ്പർ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത്, തളിപ്പറമ്പ. | 0 | 125000 | 125000 | സുഭിക്ഷകേരളം തരിശ് നെൽകൃഷി-300/21 | 125000 | 0 |
| | 0 | 76500 | 76500 | നെൽകൃഷി വികസനപദ്ധതി-232/21 | 76500 | 0 |
| | 0 | 1219750 | 1219750 | നെൽകൃഷി വികസനപദ്ധതി-05/21 | 1219750 | 0 |
| | 0 | 1680000 | 1680000 | ലൈഫ് ഭവനപദ്ധതി (പട്ടികജാതി പട്ടികവർഗ്ഗ മത്സ്യതൊഴിലാളി)-369/21 | 1680000 | 0 |
| | 475000 | 0 | 475000 | ലൈഫ് മിഷൻ ഭവന നിർമ്മാണ പദ്ധതി-SO 317/21 | 460000 | 15000 |
| | 0 | 460000 | 460000 | ഭിന്നശേഷിയുള്ള വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് നൽകൽ-68/21 | 460000 | 0 |
| | 0 | 173812 | 173812 | നെല്ലിപ്പറമ്പ സാംസ്കാരികനിലയം ചുറ്റുമതിൽ പുനർനിർമ്മാണം-SO221/21 | 173812 | 0 |
| | 0 | 752120 | 752120 | അമ്മാനപ്പാറ നെല്ലിപ്പറമ്പ പൊതുശ്മശാനം സൗന്ദര്യവൽക്കരണം-SO224/21 | 712617 | 39503 |
| | 400000 | 0 | 400000 | പുളിയൂൽ പട്ടികജാതി കോളനി സാംസ്കാരിക തൊഴിൽ പരിശീലന കേന്ദ്രം-SO323/21 | 164785 | 235215 |
| | 300000 | 0 | 300000 | ചെറിയൂർ-1 അങ്കണവാടി കെട്ടിട നിർമ്മാണം-30/21 | 300000 | 0 |
| | 0 | 127634 | 127634 | ക്ഷീരകർഷകർക്ക് പാലിന് അധികവില നൽകൽ-172/21 | 127634 | 0 |

| | | | | | | |
|---|---|---|---|---|---|---|
| ആകെ | 1175000 | 4614816 | 5789816 | | 5500098 | 289718 |
| കണ്ണൂർ ജില്ലാ പഞ്ചായത്ത് | 0 | 250000 | 250000 | സുഭിക്ഷകേരളം തരിശ് നെൽകൃഷി-300/21 | 250000 | |
| | 0 | 2420862 | 2420862 | നെൽകൃഷിവികസനപദ്ധതി-232/21 | 2420862 | |
| | 0 | 2439500 | 2439500 | നെൽകൃഷി വികസന പദ്ധതി-05/21 | 2439500 | |
| | 0 | 65000 | 65000 | തരിശുരഹിത പഞ്ചായത്ത്-277/21 | 65000 | 0 |
| | 0 | 75000 | 75000 | സുഭിക്ഷകേരളം തരിശ് പച്ചക്കറി കൃഷി-304/21 | 75000 | 0 |
| | 0 | 443134 | 443134 | ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി-243/21 | 443134 | 0 |
| | 0 | 99992 | 99992 | പെയിൻ & പാലിയേറ്റീവ്-237/21 | 99992 | 0 |
| | 0 | 2040000 | 2040000 | ലൈഫ് മിഷൻ ഭവന നിർമ്മാണ പദ്ധതി-SO 317/21 | 2040000 | 0 |
| | 0 | 353250 | 353250 | ഭിന്നശേഷിയുള്ള വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് നൽകൽ-SO234/21 | 353250 | 0 |
| | 0 | 500000 | 500000 | ഭിന്നശേഷിയുള്ള വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് നൽകൽ-68/21 | 500000 | 0 |
| | 0 | 500000 | 500000 | ക്ഷീരകർഷകർക്ക് പാലിന് അധികവില നൽകൽ-172/21 | 500000 | 0 |
| ആകെ | 0 | 9186738 | 9186738 | | 9186738 | |

കുറിപ്പ് : സംയുക്ത പദ്ധതികൾക്കായി ജില്ലാ,ബ്ലോക്ക് പഞ്ചായത്തുകളിൽ നിന്ന് ലഭിച്ച ഫണ്ടിനത്തിൽ ബാലൻസ് ഷീറ്റ് ബി-4ഷെഡ്യൂൾ പ്രകാരമുള്ള നീക്കിയിരിപ്പ് തുകയുടെ വിശദാംശങ്ങൾ അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്ററിൽ (സംയുക്തപദ്ധതികൾക്കായുള്ളത് ) രേഖപ്പെടുത്തി സമ്പൂർണ്ണമാക്കിയിട്ടില്ല.ലഭ്യമായ വിവരങ്ങളുടെ അടിസ്ഥാനത്തിലാണ് മേൽ പട്ടിക തയ്യാറാക്കിയിട്ടുള്ളത്.സംയുക്ത പദ്ധതികൾക്കായി ജില്ലാ,ബ്ലോക്ക് പഞ്ചായത്തുകളിൽ നിന്ന് ലഭിച്ച ഫണ്ടിൽ ഗ്രാമപഞ്ചായത്ത് അക്കൗണ്ടിലെ ബാലൻസ് ഷീറ്റ് ബി-4ഷെഡ്യൂൾ പ്രകാരം 3661696രൂപ (ബ്ലോക്ക് പഞ്ചായത്ത് വിഹിതം- 27,09,607രൂപ, ജില്ലാ പഞ്ചായത്ത് വിഹിതം-952089 രൂപ) വിനിയോഗിക്കാതെ അവശേഷിക്കുന്നുണ്ട്. സംയുക്തപ്രോജക്ടുകൾക്ക് ലഭിച്ച വിനിയോഗിക്കാതെയുള്ള വിഹിതം അതാത് ഹെഡുകളിൽ തിരിച്ചടക്കേണ്ടതാണ്.

## 4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

| നിർവണ ഏജൻസി | പ്രവൃത്തിയുടെ പേര് | ബിൽ നമ്പർ | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കേരള സംസ്ഥാന ഇലക്ട്രിസിറ്റി ബോർഡ്,കരിമ്പം | വിവിധ പ്രവൃത്തികൾക്ക് തടസ്സമായി നിൽക്കുന്ന വൈദ്യുതി തൂണുകൾ മാറ്റി സ്ഥാപിക്കൽ | വൗച്ചർ നമ്പർ 220001032 തീയതി27.02.2021 | 21599 | വിനിയോഗ വിവരങ്ങൾ ലഭ്യമായിട്ടില്ല | വിനിയോഗ വിവരങ്ങൾ ലഭ്യമായിട്ടില്ല |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയതിന്റെ വിവരങ്ങൾ

ഇല്ല

## 4-5 വായ്പ / വായ്പാതിരിച്ചടവ്

2020-21 വർഷത്തിൽ ഗ്രാമ പഞ്ചായത്തിന് വായ്പയിനത്തിൽ ലഭിച്ച തുകയുടെയും തൻവർഷം തിരിച്ചടച്ച തുകയുടെ വിവരം

| വായ്പയുടെ പേര്, ഉദ്ദേശ്യം, ഉത്തരവ് നമ്പർ | സർക്കാർ ഉത്തരവ് നം. തീയതി | സർക്കാർ അനുമതി ലഭിച്ച വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം ലഭിച്ച തുക | ആകെ വായ്പ തുക | ഓഡിറ്റ് വർഷം തിരിച്ചടച്ച വായ്പ | ഓഡിറ്റ് വർഷം ഒടുക്കിയ പലിശ | വർഷാവസാനം തിരിച്ചടക്കാൻ ബാക്കിയുള്ള വായ്പ തുക |
|---|---|---|---|---|---|---|---|---|
| ഹഡ്കോ ലോൺ, ലൈഫ് ഭവന നിർമ്മാണ പദ്ധതി (1,2 ഘട്ടം) | സ.ഉ (എം.എസ്) 68/2018 തീയതി 18-05-2018 | | 3759062 | 10* | 3759072 | 0 | 0 | 3759072 |

*വാർഷികകണക്കുകളിൽ വരവായി 10/-രൂപ ചേർത്തത് കൂടി ഉൾപ്പെടുത്തിയത്. 2020-21 വർഷത്തെ ചെലവ് പത്രിക പ്രകാരം ലൈഫ് മിഷൻ വായ്പ തിരിച്ചടവ് ഇനത്തിൽ 878824/- രൂപയുണ്ട്. (P.No.3581/21, 371/21) എന്നാൽ പ്രസ്തുത തുക വാർഷികകണക്കിൽ വായ്പ തിരിച്ചടവായി ഉൾപ്പെടുത്താതിരുന്നതിന് കാരണം അറിയിക്കേണ്ടതാണ്.

## 4-6 സ്ഥിര നിക്ഷേപം

ഗ്രാമപഞ്ചായത്തിന് താഴെ പറയും പ്രകാരം രൂപയുടെ സ്ഥിരനിക്ഷേപം /ഷെയറുകൾ നിലവിലുണ്ട്.

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന ഷെയറുകൾ | 20000 |
| തൻവർഷം നിക്ഷേപിച്ച തുക | 0 |
| ആകെ | 20000 |
| തന്നാണ്ടിൽ പിൻവലിച്ച തുക | 0 |
| വർഷാവസാനം അവശേഷിക്കുന്ന ഷെയറുകൾ | 20000 |

വർഷാവസാനം അവശേഷിക്കുന്ന ഷെയറുകളുടെ വിവരം താഴെ കൊടുക്കുന്നു .

| നിക്ഷേപത്തിന്റെ വിവരം | തുക |
|---|---|
| മലബാർ ടൂറിസം ഡവലപ്പ് മെന്റ് കോപ്പറേറ്റീവ് സൊസൈറ്റിയുടെ രണ്ട് ബി ക്ലാസ് ഷെയറുകൾ- മെമ്പർ നമ്പർ 60, സർട്ടിഫിക്കറ്റ് നമ്പർ 212തീയതി 28-12-2004 | ₹20,000 |

## 4-7 ഓഡിറ്റ് റിക്കവറി

ഗ്രാമപഞ്ചായത്ത് ലഭ്യമാക്കിയ വിവരങ്ങൾ പ്രകാരം ഓഡിറ്റ് റിക്കവറിയിനത്തിൽ തൻവർഷം വരവില്ല.

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| സമാഹൃത ഓഡിറ്റ് റിപ്പോർട്ട് വർഷം | ഖണ്ഡിക | ഓഡിറ്റ് റിപ്പോർട്ട് വർഷം | ഖണ്ഡിക നമ്പർ | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2010-11 | 2-14 | 2007-08 | 3-2 | ഡെപ്പോസിറ്റ് പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിലെ കാലതാമസം | നിയമസഭാസമിതിയുടെ പരിഗണനയിൽ |
| 2016-17 | 1 | 2014-15 | 2-1 | വസ്തുനികുതി | |

## 4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

ഇല്ല

## 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : 107392238 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : 118117926 |
| വരവിനങ്ങളിലുള്ള നഷ്ടം | : 11660 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : 91656 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : 2927619 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേര് |
|---|---|---|

| | ചാർജ് ചെയ്യാവുന്നത് | സർചാർജ് ചെയ്യാവുന്നത് | |
|---|---|---|---|
| 2-1 (1-13) | 11660 | | സന്തോഷ് കുമാർ വി.പി, സെക്രട്ടറി – 200<br>സതീശൻ.കെ.വി,സെക്രട്ടറി – 9360<br>രാജീവൻ കെ.സി, സെക്രട്ടറി– 2100 |
| 3-1 (1-24) | | 91656 | ഷൈലജ.പി.പി,<br>ഐ സി ഡി എസ് സൂപ്പർവൈസർ. |
| ആകെ | 11660 | 91656 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-17 | 92633 | രാജീവൻ കെ.സി,സെക്രട്ടറി ഇൻ-ചാർജ്. |
| 1-19 | 95000 | സന്തോഷ് കുമാർ വി.പി, സെക്രട്ടറി<br>സതീശൻ.കെ.വി,സെക്രട്ടറി |
| 1-25 | 50000 | നളിനി.ടി ,വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ,പരിയാരം സർക്കിൾ. |
| 1-27 | 24515 | സതീദേവി.പി.എം,ഹെഡ്മാസ്റ്റർ. |
| 1-29 | 1390200 | സതീദേവി.പി.എം,ഹെഡ്മാസ്റ്റർ |
| 1-30 | 100000 | സതീദേവി.പി.എം,ഹെഡ്മാസ്റ്റർ. |
| 1-31 | 10000 | സതീദേവി.പി.എം,ഹെഡ്മാസ്റ്റർ. |
| 1-35 | 37637 | ഡോ:സീമ.ടി.കെ,മെഡിക്കൽ ഓഫീസർ(ആയുർവേദം) |
| 1-39 | 1127634 | ദിജേഷ്.വി.പി,ഡയറി എക്സ്റ്റൻഷൻ ഓഫീസർ |
| ആകെ | 2927619 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ , മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല.

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

| ഖണ്ഡിക നമ്പർ | 1-7-1,1-11,1-12,1-13,1-24,1-32,1-38(1),1-38(2),1-38(3) |
|---|---|

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും .

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| രാജീവൻ കെ.സി ,അസിസ്റ്റന്റ് സെക്രട്ടറി | അസിസ്റ്റന്റ് സെക്രട്ടറി,പരിയാരം ഗ്രാമപഞ്ചായത്ത്. | കൃഷ്ണകൃപ, കുറ്റിക്കോൽ, കുറ്റിക്കോൽ(പി.ഒ), തളിപ്പറമ്പ, കണ്ണൂർ-670564 |
| സതീശൻ.കെ.വി,സെക്രട്ടറി | സെക്രട്ടറി,ചെറുതാഴം ഗ്രാമപഞ്ചായത്ത്,കണ്ണൂർ | വെള്ളൂർ, വെള്ളൂർ(പി.ഒ), കണ്ണൂർ ജില്ല. |

| | | |
|---|---|---|
| നളിനി.ടി,വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ,പരിയാരം സർക്കിൾ. | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ, പരിയാരം സർക്കിൾ. | അനുരാധാസ്, രാം റോഡ്, നീയർ ഓലച്ചേരിക്കാവ്, കണ്ണൂർ. |
| സതീദേവി.പി.എം,ഹെഡ്മാസ്റ്റർ. | ഹെഡ്മാസ്റ്റർ,ജി എൽ പി എസ്,മാവിച്ചേരി,പരിയാരം ഗ്രാമപഞ്ചായത്ത്. | സരയൂ,കുറ്റ്യേരി(പി.ഒ), കണ്ണൂർജില്ല. |
| ഡോ:സീമ.ടി.കെ,മെഡിക്കൽ ഓഫീസർ(ആയുർവേദം) | മെഡിക്കൽ ഓഫീസർ(ആയുർവേദം),പരിയാരം ഗ്രാമപഞ്ചായത്ത്. | തെക്കേടത്തിൽ ഹൗസ്,കണ്ടോത്ത് (പി.ഒ), പയ്യന്നൂർ. |
| ഷൈലജ.പി.പി,ഐ സി ഡി എസ് സൂപ്പർവൈസർ. | ഐ സി ഡി എസ് സൂപ്പർവൈസർ,കുറുമാത്തൂർ ഗ്രാമപഞ്ചായത്ത്,കണ്ണൂർ ജില്ല. | പേരൂൽ (പി.ഒ), മാതമംഗലം ബസാർ, കണ്ണൂർ ജില്ല. |
| ദിജേഷ്.വി.പി, ഡയറി എക്സ്റ്റൻഷൻ ഓഫീസർ. | ഡയറി എക്സ്റ്റൻഷൻ ഓഫീസർ, കല്ല്യാശ്ശേരി ഗ്രാമപഞ്ചായത്ത്. | ലഭ്യമാക്കിയിട്ടില്ല. |
| സന്തോഷ് കുമാർ വി.പി, സെക്രട്ടറി | സെക്രട്ടറി, കരിവെള്ളൂർ പെരളം ഗ്രാമപഞ്ചായത്ത് | ലഭ്യമാക്കിയിട്ടില്ല. |

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ.

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1997-98 | കെ എസ് എ /കെ എൻ ആർ/സി13-760/19 തീയതി 07.06.19 | 4 |
| 1999-00 | കെ എസ് എ /കെ എൻ ആർ/സി13-760/19 തീയതി 07.06.19 | 3 |
| 2003-04 | കെ എസ് എ /കെ എൻ ആർ/സി13-760/19 തീയതി 07.06.19 | 6 |
| 2004-05 | കെ എസ് എ /കെ എൻ ആർ/സി13-760/19 തീയതി 07.06.19 | 1 |
| 2005-06 | കെ എസ് എ /കെ എൻ ആർ/സി13-760/19 തീയതി 07.06.19 | 3 |

| | | |
|---|---|---|
| 2006-07 | കെ എസ് എ /കെ എൻ ആർ/സി3-760/19 തീയതി 07.06.19 | 1 |
| 2007-08 | കെ എസ് എ /കെ എൻ ആർ/സി3-760/19 തീയതി 07.06.19 | 4 |
| 2008-09 | കെ എസ് എ /കെ എൻ ആർ/സി3-760/19 തീയതി 07.06.19 | 7 |
| 2009-10 | കെ എസ് എ /കെ എൻ ആർ/സി3-760/19 തീയതി 07.06.19 | 6 |
| 2010-11 | കെ എസ് എ /കെ എൻ ആർ/സി3-760/19 തീയതി 07.06.19 | 11 |
| 2011-12,12-13 | കെ എസ് എ /കെ എൻ ആർ/സി3-760/19 തീയതി 07.06.19 | 5 |
| 2013-14,14-15 | കെ എസ് എ /കെ എൻ ആർ/സി3-760/19 തീയതി 07.06.19 | 10 |
| 2015-16 | കെ എസ് എ /കെ എൻ ആർ/സി3-760/19 തീയതി 07.06.19 | 10 |
| 2016-17 | കെ എസ് എ /കെ എൻ ആർ/സി3-760/19 തീയതി 07.06.19 | 15 |
| 2017-18 | കെ എസ് എ /കെ എൻ ആർ/സി3-467/19 തീയതി 15.06.19 | 13 |
| 2018-19 | കെ എസ് എ /കെ എൻ ആർ/സി3-576/19 തീയതി 25.08.2020 | 19 |
| 2019-20 | കെ എസ് എ /കെ എൻ ആർ/സി3-417/21 തീയതി 12-05-2021 | 20 |

ഡെപ്യൂട്ടി ഡയറക്ടർ,

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്.

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2020-2021 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ കണ്ണൂർ ജില്ലയിലെ പരിയാരം ഗ്രാമപഞ്ചായത്തിന്റെ 2020-2021-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കണ്ണൂർ ജില്ലയിലെ പരിയാരം ഗ്രാമപഞ്ചായത്തിന്റെ 2020-2021 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-3-1

## റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്

| | | | |
|---|---|---|---|
| Pariyaram Grama Panchayat RECEIPT & PAYMENT STATEMENT | | | |
| For the period from 01-April-2020 to 31-March-2021 | | | |
| Code.No | Description of Items | Schedule No | Amount |
| | RECEIPTS | | |
| | Opening Balance | | |
| Bank | Bank | RP-40(a) | 30063800.00 |
| Cash | Cash | RP-40(a) | 0.0 |
| | Operating | | |
| 110000000 | Tax Revenue | RP-1 | 1607540.00 |
| 140000000 | Fees & User Charges | RP-4 | 1216776.00 |
| 150000000 | Sale & Hire Charges | RP-5 | 296583.00 |
| 160000000 | Revenue Grants, Funds, Contributions & Compensations | RP-7 | 85142024.00 |
| 171000000 | Interest Earned | RP-9 | 212190.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 9461907.00 |
| 350000000 | Other Liabilities | RP-36 | 215776.00 |
| | Non Operating | | |
| 180000000 | Other Income | RP-10 | 2500.00 |
| 311000000 | Earmarked Funds | RP-29 | 1433.00 |
| 330000000 | Secured Loans | RP-32 | 0.0 |
| 340000000 | Deposits Received | RP-34 | 190167.00 |
| 350000000 | Other Liabilities | RP-36 | 477390.00 |

| | | | |
|---|---|---|---|
| 431000000 | Sundry Debtors (Receivables) | RP-43 | 8567952.00 |
| | Grand total | | 137456038.00 |
| | PAYMENTS | | |
| | Operating | | |
| 210000000 | Establishment Expenses | RP-11 | 2967072.00 |
| 220000000 | Administrative Expenses | RP-12 | 836412.00 |
| 230000000 | Operations & Maintenance | RP-13 | 822531.00 |
| 250000000 | Decentralised Plan Programme- Productive Sector | RP-15 | 13348807.00 |
| 251000000 | Decentralised Plan Programme- Service Sector | RP-16 | 20656648.00 |
| 252000000 | Decentralised Plan Programme- Infrastructure Sector | RP-17 | 6580537.00 |
| 253000000 | Decentralised Plan Programme- Projects not included in Sector Division | RP-18 | 269196.00 |
| 254000000 | Expenditures of Transferred institutions and State Sponsored Schemes | RP-19 | 874000.00 |
| 255000000 | Maintenance Projects | RP-20 | 17774618.00 |
| 260000000 | Grants, Contributions and Compensations from Own Fund | RP-22 | 30000.00 |
| 280000000 | Prior Period item | RP-26 | -1339.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 820100.00 |
| 350000000 | Other Liabilities | RP-36 | 6584058.00 |
| | Non Operating | | |
| 240000000 | Interest & Finance Charges | RP-14 | 2483.00 |

| | | | |
|---|---|---|---|
| 280000000 | Prior Period Item | RP-26 | -40.00 |
| 340000000 | Deposits Received | RP-34 | 48012.00 |
| 350000000 | Other Liabilities | RP-36 | 2984894.00 |
| 410000000 | Fixed Assets | RP-38 | 7418458.00 |
| 412000000 | Capital work in Progress | RP-40 | 18311822.00 |
| 431000000 | Sundry Debtors (Receivables) | RP-43 | 16460102.00 |
| 460000000 | Loans, Advances and Deposits | RP-47 | 1329555.00 |
| | Closing Balance | | |
| Bank | Bank | RP-40(b) | 19219218.00 |
| Cash | Cash | RP-40(b) | 118894.00 |
| | Grand Total | | 137456038.00 |

## അനുബന്ധം-3-2

## ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ്

| Pariyaram Grama Panchayat INCOME & EXPENDITURE STATEMENT | | | |
|---|---|---|---|
| For the period from 01-April-2020 to 31-March-2021 | | | |
| Code.No | Description of Items | Schedule No | Amount |
| | INCOME | | |
| 110000000 | Tax Revenue | I-1 | 10076587.00 |
| 140000000 | Fee & User Charges | I-4(b) | 1716284.00 |
| 150000000 | Sale & Hire Charges | I-5(b) | 314683.00 |
| 160000000 | Revenue Grants, Funds, Contributions & Compensations / Subsidies | I-6 | 219922397.00 |

| | | | |
|---|---|---|---|
| 171000000 | Interest Earned | I-8 | 212190.00 |
| 180000000 | Other Income | I-9 | 312772.00 |
| | Total Income | | 232554913.00 |
| | EXPENDITURE | | |
| 210000000 | Establishment Expenses | I-10(b) | 10735554.00 |
| 220000000 | Administrative Expenses | I-11(b) | 836412.00 |
| 230000000 | Operations & Maintenance | I-12(b) | 822531.00 |
| 240000000 | Interest & Finance Charges | I-13 | 2483.00 |
| 250000000 | Decentralised Plan Programme-Productive Sector / Programme Expenses | I-14 | 26254741.00 |
| 251000000 | Decentralised Plan Programme-Service Sector | I-14(a) | 65502291.18 |
| 252000000 | Decentralised Plan Programme-Infrastructure Sector | I-14(b) | 6217164.00 |
| 253000000 | Decentralised Plan Programme-Projects not included in Sector Division | I-14(c) | 269196.00 |
| 254000000 | Expenditures of Transfered Institutions and State Sponsored Schemes (not included under Decentralized Plan Programme) | I-14(d) | 72042100.00 |
| 255000000 | Maintenance Projects | I-14(e) | 18239010.00 |
| 260000000 | Grants, Contributions & Compensation from Own Fund / Subsidies | I-15 | 428456.00 |
| 270000000 | Provisions and Write off | I-16 | 87983.00 |
| 272000000 | Depreciation | I-17(a) | 24873391.00 |
| | Total Expenditure | | 226311312.18 |
| | Gross Surplus/ Deficit of income over Expenditure | | 6243600.82 |
| 280000000 | Prior Period Item | I-18 | 40253377.00 |
| | Gross Surplus/Deficit of Income over Expenditure after prior period items. | | -34009776.18 |
| 290000000 | Transfer to Reserve Funds | I-18(a) | 0.0 |

## അനുബന്ധം-3-3

## ബാലൻസ് ഷീറ്റ്

| Pariyaram Grama Panchayat BALANCE SHEET | | | |
|---|---|---|---|
| As on 31-March-2021 | | | |
| Code.No | Description of Items | Schedule No | Amount |
| | LIABILITIES | | |
| | Reserve & Surplus | | |
| 310000000 | Panchayat / Municipal Fund | B-1 | -97348297.95 |
| 311000000 | Earmarked Funds - Special Funds/Sinking Fund/Trust or Agency Fund | B-2 | 15121.00 |
| 312000000 | Reserves | B-3 | 103676325.00 |
| | Total Reserve & Surplus | | 6343148.05 |
| | Grants, Contributions for Specific Purposes | | |
| 320000000 | Grants, Funds & Contribution for Specific Purposes | B-4 | 8559120.00 |
| | Total Grants, Contributions for Specific Purposes | | 8559120.00 |
| | Loans | | |
| 330000000 | Secured Loans | B-5 | 3759072.00 |
| | Total Loans | | 3759072.00 |
| | Current Liabilities & Provisions | | |
| 340000000 | Deposits Received | B-7 | 1025030.95 |
| 350000000 | Other Liabilities | B-9 | 4179662.00 |
| | Total Current Liabilities and Provisions | | 5204692.95 |
| | TOTAL LIABILITIES | | 23866033.00 |
| | ASSETS | | |
| | Fixed Assets | | |
| 410000000 | Fixed Assets | B-11 | 175958850.00 |
| 411000000 | Accumulated Depreciation | B-11 | -189619236.00 |
| 412000000 | Capital Work in Progress | B-11(a) | 619339.00 |
| | Total Fixed Assets | | -13041047.00 |
| | Investments | | |
| 420000000 | Investments-General Fund | B-12 | 20000.00 |
| | Total Investments | | 20000.00 |
| | Current Assets, Loans and Advances | | |
| 430000000 | Stock-in-hand | B-14 | 0.0 |
| 431000000 | Sundry Debtors (Receivables) | B-15 | 16807416.00 |
| 432000000 | Accumulated Provisions Against Debtors (Receivables) | B-15(a) | 0.0 |
| 440000000 | Pre-paid Expenses | B-16 | 0.0 |
| 450000000 | Cash and Bank Balance | B-17 | 19338112.00 |
| 460000000 | Loans, Advances and Deposits | B-18 | 741552.00 |
| | Total Current Assets, Loans and Advances | | 0.0 |
| | Total Current Assets, Loans and Advances | | 36887080.00 |
| | Other Assets | | |
| | Miscellaneous Expenditure (To the Extent not written off) | | |
| | TOTAL ASSETS | | 23866033.00 |

ഡെപ്യൂട്ടി ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ.